# സത്യദൂതൻ

2017 ഡിസംബർ | ലക്കം 12

വില ₹ 30




## യേശുവിന്റെ സഞ്ചാര പാത

## ബാൽഫർ പ്രഖ്യാപനത്തിന് ഒരുനൂറ്റാണ്ട്

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more

**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below





The Sathyadoothan Monthly

لا اله الا الله محمد رسول الله


# സത്യദൂതൻ

2017 ഡിസംബർ
ഹി.ശ.1396 - ഫത്ഹ്
1439 റബിഉൽ അവ്വൽ - റബിഉൽ ആഖിർ
പുസ്തകം 89 ലക്കം 12
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**നീതിയുടെ ഉന്നത നിലവാരം പാലിക്കുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 നവംബർ 10ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**11**
**യേശുവിന്റെ സഞ്ചാര പാത**
ഹദ്റത്ത് അഹ്മദ്(അ)

സഞ്ചാരികളുടെ തലവൻ എന്ന് വിശേഷിപ്പിക്കപ്പെട്ട യേശു കുരിശ് സംഭവത്തിന് ശേഷം പലസ്തീനിൽ നിന്നും പല കിഴക്കൻ ദേശങ്ങളിലൂടെയും സഞ്ചരിച്ച് കാണാതെ പോയ ഇസ്റായേൽ ഗോത്രങ്ങളെ അന്വേഷിച്ച് കശ്മീരിൽ എത്തിച്ചേരുകയാണുണ്ടായത്.



**14**
**പ്രകാശിക്കുന്ന വദനങ്ങൾ**
ബശീർ അഹ്മദ് ഓർച്ചാഡ്

**16**
**ഏകദൈവ വിശ്വാസവും സാർവജനീന മാനവ ഐക്യവും**
മുഹമ്മദ് ഉമർ, കോഴിക്കോട്

**21**
**മലക്കുകൾ – 3**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**27**
**ഖിലാഫത്തിന്റെ അനിവാര്യത**
അബ്ദുർറഹ്മാൻ, കൊടിയത്തൂർ

**31**
**ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ – 14**
ഇബ്നു വഫ കോഴിക്കോട്

**38**
കുറിപ്പുകൾ
**ബാൽഫർ പ്രഖ്യാപനത്തിന് ഒരുനൂറ്റാണ്ട്**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026. Cover Photo: Mahmood Mosque, Malmo, Sweden
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

വിശ്വസിച്ചവരേ, നീതി പാലിക്കുന്നതിന് വേണ്ടി നിങ്ങൾ കണിശക്കാരായിരിക്കുവിൻ. നിങ്ങൾക്കെതിരായാലും നിങ്ങളുടെ മതാപിതാക്കന്മാർക്കോ ഉറ്റവർക്കോ എതിരായാലും അല്ലാഹുവിന് വേണ്ടി നിങ്ങൾ നീതിയിൽ ഉറച്ചു നിൽക്കുവീൻ, അവൻ ധനവാനായാലും ദരിദ്രനായാലും അല്ലാഹു വാണ് അവരുമായി കൂടുതൽ അടുത്തവൻ. നീതി മാർഗ്ഗത്തിൽ നിന്ന് തെന്നിപ്പോകാതിരിക്കാൻ നിങ്ങൾ സേഛക്ക് അടിമപ്പെടാതെ സൂക്ഷിക്കുവീൻ നിങ്ങൾ സത്യം മറച്ചുവെക്കുകയോ വളച്ചൊടിക്കുകയോ ചെയ്യുന്ന പക്ഷം നിങ്ങൾ പ്രവർത്തിക്കുന്നതെന്താണെന്ന് അല്ലാഹു നല്ലവണ്ണം അറിയുന്നവനത്രെ(4:136)





## നബിവചനം

രണ്ടു പേർ അവർക്കിടയിൽ ഒരു തീർപ്പ് കൽപ്പിക്കാൻ സമീപിച്ചാൽ  അവരിൽ രണ്ടുപേരുടെ ആവലാതികൾ കേട്ടിട്ടല്ലാതെ നിങ്ങൾ ഒരു തീരുമാനത്തിലെത്തരുത്. സാക്ഷി പറയാൻ വിളിക്കപ്പെട്ടാൽ തെളിവ് മറച്ചു വെക്കുന്നവൻ കള്ള സാക്ഷി പറഞ്ഞവനെ പോലെയാണ്. (നബിവചനം)

## വാഗ്ദത്ത മസീഹിന്റെ വചനം

മനുഷ്യന്റെ പ്രകൃതി ധർമങ്ങളിൽ പ്രത്യേക മായിരിക്കുന്ന ഗുണമാണ് സത്യസന്ധത. അവൻ സ്വാർഥപരമായ ഏതെങ്കിലും പ്രേരണാശക്തിയാലല്ലാതെ വ്യാജം പറയുവാൻ മുതിരുന്നില്ല. കള്ളം പറയുന്നതിൽ അവന് പ്രകൃത്യാ വെറുപ്പും അറപ്പുമാണ്. അതുകൊണ്ട് തന്നെയാണ് വ്യാജം പറയുന്നതായി തെളിയുന്ന ആളുടെ നേരെ അവന് അനിഷ്ടവും അവജ്ഞയും തോന്നുന്നത്. എന്നാൽ ഈ പ്രകൃതി സ്വഭാവത്തിന്റെ കേവല രൂപം ഒരു സൽഗുണമായി പരിഗണിക്കാവതല്ല. എന്തുകൊണ്ടെന്നാൽ  ഈ അവസ്ഥ ശിശുക്കളിലും ഭ്രാന്തരിലും കാണാവുന്നതാണ്. സത്യനിഷ്ഠക്ക് ഭംഗം വരുത്തുന്ന സ്വാർഥപരമായ ഉദ്ദേശ്യങ്ങളിൽ നിന്ന് വേർപെടാതിരിക്കുന്ന കാലത്തോളം മനുഷ്യന് യഥാർഥത്തിൽ സത്യ സന്ധനായിരിക്കാൻ സാദ്ധ്യമല്ല. അവൻ തനിക്ക് ദോഷം വരാത്ത കാര്യത്തെ സംബന്ധിച്ചിടത്തോളം സത്യം പറയുകയും തന്റെ അഭിമാനത്തിനോ മുതലിനോ ജീവനോ ഹാനി വരുത്തുമെന്ന് കരുതുന്ന ഘട്ടത്തിൽ  കള്ളം  പറയുകയോ സത്യം പറയാതെ മൗനം ദീക്ഷിക്കുകയോ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ അവന് ഒരു ശിശുവിനേക്കാളും ഭ്രാന്തനെക്കാളും യാതൊരു മെച്ചവുമില്ല തന്നെ (ഇസ്ലാംമത തത്ത്വജ്ഞാനം)



എഡിറ്റോറിയൽ

# നീതി ബോധം

## ഹൃദയത്തിൽ ദൈവം നിക്ഷേപിച്ച സ്വർഗീയ വികാരം

### 'പറയുക എന്റെ നാഥൻ നീതി പ്രവർത്തിക്കാൻ കൽപ്പിച്ചിരിക്കുന്നു.' (വി. ഖു. 7:30)

**നീ**തി എന്നത് ഇസ്‌ലാം ഏറ്റവും കൂടുതൽ ഉയർത്തിപ്പിടിക്കുന്ന ഒരു മൂല്യമാണ്. നീതിയടക്കം എല്ലാ ധാർമികവും ആത്മീയവുമായ ദിവ്യഗുണങ്ങളുടെയും ബീജം ദൈവം മനുഷ്യന്റെ ഭ്രൂണാവസ്ഥയിൽ തന്നെ സന്നിവേശിപ്പിച്ചതാണ്. അതുകൊണ്ടാണ് മതജാതി നിറ വ്യത്യാസമില്ലാതെ നീതി ബോധത്താൽ മനുഷ്യർ പ്രചോദിതനാവുന്നത്. മതാദ്ധ്യാപനങ്ങളും പ്രത്യയശാസ്ത്രങ്ങളും കർമങ്ങളും ബാഹ്യമായ ഉദ്ദീപനങ്ങൾ നൽകി അത് വളർത്തുകയാണ് ചെയ്യുന്നത്. നിർഭാഗ്യകരമെന്ന് പറയട്ടെ സാത്വിക വിശുദ്ധിനേടി മാലാഖയാവേണ്ട മനുഷ്യൻ, ഈ സ്വർഗീയ ഗുണത്തെ സ്വാർഥതകൊണ്ടും ദേഹേഛകൾ കൊണ്ടും ഭൗതിക കാമനയുടെ പൂർത്തീകരണത്തിനുമായി മുരടിപ്പിക്കുന്നു. ഈ ദിവ്യഗുണങ്ങൾ നശിപ്പിച്ച് അവൻ അധഃപതിക്കുന്നു. വ്യക്തിപരവും കുടുംബപരവും മതപരവും ദേഹപരവും ദേശപരവും പ്രത്യയശാസ്ത്രപരവുമായ പക്ഷപാതിത്വങ്ങൾ കൊണ്ട് നീതിയെ വികലമാക്കുന്നു. എല്ലാ പക്ഷപാതിത്വങ്ങൾക്കും സ്വാർത്ഥ സ്വാധീനങ്ങൾക്കും അതീതമായ കേവലനീതി മനുഷ്യന്റെ ലോകവ്യവഹാരങ്ങളിൽ നിന്നും അതിശീഘ്രം തിരോഭവിക്കുന്ന കാഴ്ചയാണ് നാം ഇന്ന് കാണുന്നത്.

എന്താണ് നീതി? നീതിയുടെ ഉറവിടം എവിടെയാണ്? മതങ്ങളോ സംഹിതകളോ ഭരണഘടനയോ നിയമങ്ങളോ അല്ല നീതിയുടെ ഉറവിടം. മനുഷ്യ പ്രകൃതിയിൽ ദൈവം നിക്ഷേപിച്ച സ്വർഗീയ ഗുണമാണ് നീതി ബോധത്തിന്റെ അടി സ്ഥാനം. ഖുർആനിൽ അല്ലാഹു പറയുന്നു. ***'ഞാൻ ശരീരത്തെ രൂപപ്പെടുത്തുകയും മഹത്വത്തിന്റെ പ്രകാശങ്ങൾ സമീകരിക്കുകയും അതിൽ എന്റെ ആത്മാവിനെ ഊതുകയും ചെയ്തിരിക്കുന്നു.'(വി.ഖു.15:30)*** അതുകൊണ്ട് തന്നെ മനുഷ്യനായി പിറന്നവരെല്ലാം അവൻ ഹിന്ദുവോ ക്രിസ്ത്യാനിയോ ജൂതനോ മുസ്‌ലിമോ ആവട്ടെ അടിസ്ഥാപരമായി നല്ലവനും നീതിബോധമുള്ളവനുമാണ്. ഖുർആൻ വീണ്ടും പറയുന്നു: ***'വിശ്വാസികളെ ദൈവം സത്യവിശ്വാസത്തെ നിങ്ങൾക്ക് പ്രിയങ്കരമാക്കുകയും അതിന്റെ സൗന്ദര്യത്തേയും സൗഭാഗ്യത്തെയും കുറിച്ച് നിങ്ങൾക്ക് വിരക്തി ജനിപ്പിക്കുകയും ദോഷമാർഗങ്ങളെല്ലാം നിഷിദ്ധമാണെന്ന് നിങ്ങൾക്ക് ബോദ്ധ്യം വരുത്തുകയും ചെയ്തിരിക്കുന്നു.'(49:8)*** ധർമവിവേചന ബോധം മനുഷ്യ പ്രകൃതിയിൽ ഉൾച്ചേർന്നതാണ്. ഈ അടിസ്ഥാനശിലയിൽ നിന്നുകൊണ്ട് ധർമാചരണത്തിലൂടെ അതിന്റെ പൂർണതയിൽ എത്തിക്കാനാണ് ദൈവം നമ്മോട് പറയുന്നത്.

മനുഷ്യൻ അവന്റെ സമൂഹത്തോടും പരിസരത്തോടും പ്രതികരിക്കേണ്ടത് നീതിയിലധിഷ്ഠിതമായിട്ടായിരിക്കണം. അതിന് നാം മറ്റെങ്ങും പോകേണ്ടതില്ല. ആത്മ പരിശോധനയുടെ മാർഗം അവലംബിച്ച് സ്വന്തം അന്തക്കരണത്തിലേക്ക് ആദ്യം കാതോർക്കണം. കേവല നീതിയുടെ ശബ്ദം നമുക്ക് അവിടെ കേൾക്കാം. നീതിയുടെ ശബ്ദം വിവേചിച്ചറിയാനും തദനുസ്തൃമായി പ്രവർത്തിക്കാനും അല്ലാഹു ഏവരെയും തുണക്കട്ടെ (ആമീൻ)



ഹദ്റത്ത് അഹ്മദ് (അ)

# ഭക്തരായിരിക്കുക, ബാക്കി ദൈവം നോക്കികൊള്ളും.

കടുപ്പമുള്ളതും പരുപരുത്തതുമായ കാര്യം കേൾക്കേണ്ട അവസരം ആർക്കെങ്കിലുമുണ്ടായാൽ അവർ അവിടെ നിന്നും മാറിക്കളയട്ടെ. ഞാൻ ദൃഢതയോടും യാഥാർഥ്യബോധത്തോടും കൂടി പറയുന്നു. നമ്മെ സഹായിക്കാൻ ദൈവിക സന്നിധിയിൽ പ്രത്യേകം തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കുന്നതായി ഞാൻ കാണുന്നു. നമ്മുടെ ഭാഗത്ത് നിന്ന് എല്ലാ രീതിയിലും ജനങ്ങളുടെ മേൽ ഹുജ്ജത്ത് അഥവാ ന്യായപൂർത്തിയുണ്ടായി ക്കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് അവന്റെ മുൻകാല സുന്നത്ത് അഥവാ നടപടിക്രമം അനുസരിച്ച് ന്യായപൂർത്തിയായതിന് ശേഷം താൻ ചെയ്യാനുള്ള കൃത്യം അല്ലാഹു ഇപ്പോൾ ചെയ്യാനുദ്ദേശിച്ചിരിക്കുന്നു. നമ്മുടെ ജമാഅത്തിൽ പെട്ടവർ സഭ്യമല്ലാത്ത സംസാരങ്ങളിൽ നിന്നും നിരർഥകമായ വിവാദങ്ങളിൽ നിന്നും പിന്മാറാത്തതുകൊണ്ട് ദൈവിക കൃത്യങ്ങളിൽ താമസവും തടസ്സവും ഉണ്ടാകുമോ എന്നു ഞാൻ ഭയപ്പെടുന്നു. കാരണം തന്റെ ഔദാര്യവും അനുഗ്രഹവും കണക്കറ്റ രീതിയിൽ ഉണ്ടാകുന്നവരിലും തന്റെ അടയാളങ്ങൾ കാണിച്ചു കഴിഞ്ഞിട്ടുള്ളവരിലു മാണ് എപ്പോഴും അവന്റെ നീരസം ഉണ്ടാകുന്നത്. അത്തരക്കാരോട് കോപിക്കുകയും അവർക്കെതിരെ നിൽക്കുകയും അവരെ നിന്ദിക്കുകയും ചെയ്യുന്ന വരിലേക്ക് അവനൊരിക്കലും ശ്രദ്ധപതിപ്പിക്കാറില്ല. കാരണം അത്തരം ആളുകൾക്കെതിരിൽ അവന്റെ അന്തിമ വിധി നടപ്പിൽ വരേണ്ടതുണ്ട്. ഇതാണ് അല്ലാഹുവിന്റെ രീതി. എന്തെന്നാൽ ഒരു ഭാഗത്ത് നബി (സ) തിരുമേനിയോട് പറയുന്നു:

***'അതിനാൽ നിശ്ചയ ദാർഢ്യമുള്ള ദൂതന്മാർ സഹനം കൈകൊണ്ടത് പോലെ സഹനം കൈകൊള്ളുക.'* (47:36)**

വീണ്ടും ഖുർആൻ പറയുന്നു: ***'നീ ആ മത്സ്യക്കാരനെ പോലെയാകരുത്.'* (68: 49)**

***'നിനക്ക് കഴിവുണ്ടെങ്കിൽ ഭൂമിക്കടിലേക്കൊ രു തുരങ്കം അന്വേഷിച്ചു കൊള്ളട്ടെ.'* (6:36)**


ന്യായപൂർത്തിയുമായി ബന്ധപ്പെട്ട ഈ നീരസത്തിന് കാരണം, നബി (സ) വിശ്വാസികൾ ക്കെതിരായി എത്രയും പെട്ടെന്ന് തീരുമാനമുണ്ടാകണ മെന്ന് ആഗ്രഹിച്ചതാണ്. എന്നാൽ അല്ലാഹു തന്റെ ഗുണവിശേഷങ്ങളുടേയും നടപടി ക്രമങ്ങളുടെയും അടിസ്ഥാനത്തിൽ വലിയ ക്ഷമയോടും സൗമത്യയോ ടും പ്രവർത്തിക്കുന്നു. പക്ഷേ അവസാനം നബി (സ) തിരുമേനിയുടെ ശത്രുക്കളെ ഞെക്കിയും ഞെരുക്കിയും അവരുടെ പേരും പാടുമവശേഷിക്കാത്ത വിധം അല്ലാഹു നശപ്പിച്ചു കളഞ്ഞു. നമ്മുടെ ചിലയാളുകൾ ജമാഅത്തിനെ സംബന്ധിച്ച് ശകാര വാക്കുകളും കളവ് കെട്ടിച്ചമച്ച് പറയലും ചീത്തപറച്ചിലും കേട്ട് അസ്വസ്ഥ ചിത്തരാകാനും എടുത്തു പാടാനും സാധ്യതയുണ്ട്. എന്നാൽ നബി(സ) തിരുമേനി യോട് അല്ലാഹുവിന്റെ പെരുമാറ്റം അവരെപ്പോഴും മുന്നിൽ കാണണം. അതുകൊണ്ട് ഞാൻ വീണ്ടും പിന്നെയും പിന്നെയും താക്കീതോടുകൂടി കൽപ്പിക്കുന്നു. മാത്സര്യത്തിന്റേയും വിവാദത്തിന്റെയും സദസ്സുകളിൽ നിന്നും വെല്ലു വിളികളിൽ നിന്നും കൂട്ടം ചേർന്നു നടത്തുന്ന ആഘോഷ പരിപാടികളിൽ നിന്നും മാറിനിൽക്കുക. എന്തുകൊണ്ടെന്നാൽ ഏതൊരു പ്രവർത്തിയാണോ നിങ്ങൾ ചെയ്യാനാഗ്രഹിക്കുന്നത് അതായത് ശത്രുക്കളുടെ മേൽ ഹുജ്ജത്ത് പൂർത്തിയാക്കുക എന്നത്, അല്ലാഹു താൻ തന്നെ ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നു. നിങ്ങൾ ഇപ്പോൾ ചെയ്യേണ്ടത് പ്രാർഥനകളിലും പാപപ്പൊറുതി തേടുന്നതിലും അല്ലാഹുവിനെ ആരാധിക്കുന്നതിലും മനശ്ശുദ്ധീകരണം വരുത്തുന്നതിലും മുഴുകുകയാണ്. അങ്ങനെ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്ന ഔദാര്യങ്ങൾക്കും കടാക്ഷത്തിനും സ്വയം അർഹരായി തീരുക. അല്ലാഹു എന്നോട് വലിയ വലിയ വാഗ്ദാനങ്ങൾ ചെയ്തിട്ടുണ്ട്. പ്രവചനങ്ങളുമുണ്ട്. അതു പൂർത്തിയാകുമെന്ന് ഞാൻ ദൃഢനിശ്ചയം വിശ്വസിക്കുന്നു. എന്നാൽ നിങ്ങൾ ആവശ്യമില്ലാതെ തമ്മിൽ അഹങ്കരിക്കരുത്. എല്ലാതരം അസൂയ, കുശുമ്പ്, പക, പരദൂഷണം, അഹങ്കാരം, പൊങ്ങച്ചം, ദുഷ്ക്കർമത്തിന്റെ രഹസ്യവും പരസ്യവുമായ വഴികൾ, അലസത, അശ്രദ്ധ തുടങ്ങിയവയിൽ നിന്നെല്ലാം രക്ഷപ്പെടുക. നല്ലവണ്ണം ഓർത്തുകൊള്ളുക ശുഭപര്യവസാനം എപ്പോഴും ഭക്തജനങ്ങൾക്കുള്ളതാണ്. അതുകൊണ്ട് മുത്തഖി യാകുന്നതിനെക്കുറിച്ച് ചിന്തിച്ചു കൊള്ളുക.

***(അൽഹക്കം 1902 മെയ് 31)***

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 നവംബർ 10ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

വിവ. മുഹമ്മദ് ഇസ്മായിൽ, ആലപ്പി.

# നീതിയുടെ ഉന്നത നിലവാരം പാലിക്കുക




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഏതു നിലവാരത്തിലുള്ള നീതിയും ന്യായവും സ്ഥാപിക്കാനാണോ മുസ്‌ലീംകളോടു അല്ലാഹു നിർദേശിച്ചിട്ടുള്ളത് അതേ നിലവാരം മറ്റൊരു മതത്തിലൊന്നും കാണാൻ സാദ്ധ്യമല്ല. പക്ഷേ, ദൗർഭാഗ്യവശാൽ ഇക്കാലത്ത് മുസ്‌ലീംകളിലെ നേതാക്കന്മാരും ഉലമായും അടങ്ങുന്ന വലിയൊരു വിഭാഗം എല്ലാ മേഖലയിലും നീതിയുടേയും ന്യായത്തിന്റേയും മാനദണ്ഡം പൂർത്തിയാക്കാത്തവരാണ്. ഇപ്രകാരംതന്നെ വീടുകളിൽ, പൊതുജനങ്ങളിൽ, പൊതു മുസ്‌ലീംകളിൽ, പൊതുകാര്യങ്ങളിൽ, നീതിയുടേയും ന്യായത്തിന്റേയും അല്ലാഹു സ്ഥാപിച്ചിട്ടുള്ളതും ഒരു മുഅ്മിൽനിന്ന് പ്രതീക്ഷിക്കുന്നതുമായ നിലവാരം പൊതുവെ കാണാൻ കഴിയുന്നില്ല. കുടുംബപരമായ ശത്രുതകളുടെ കാര്യങ്ങളുണ്ട്. സ്ത്രീകളിൽനിന്നും പുരുഷന്മാരിൽനിന്നും ഉണ്ടാകുന്ന തെറ്റായ കാര്യങ്ങളോടൊപ്പം കോടതികളിലും കേസു കൊടുക്കുന്നു. കള്ളസാക്ഷികളെ ഹാജരാക്കുന്നു. അർഹമല്ലാത്ത അവകാശങ്ങൾ പിടിച്ചെടുക്കുന്നതിനോ ആരുടെയെങ്കിലും അവകാശം അപഹരിക്കുന്നതിനോ കളവോടും വഞ്ചനയോടും കൂടി പ്രവർത്തിക്കുന്നു. സത്യസന്ധതയോടുകൂടി പ്രവർത്തിക്കാത്ത വലിയൊരു വിഭാഗമാളുകളുമുണ്ട്. കളവ് പറയുന്നു; കോടതികളേയും വഞ്ചിക്കുന്നു. ചിലയിടത്ത് ന്യായാധിപന്മാർ തങ്ങളുടെ സ്വന്തം നേട്ടങ്ങൾ ആഗ്രഹിച്ച് വിധി പറയുന്നു;വ്യവസ്ഥയുടെ ഘടന തന്നെ തകർന്നതുപോലെ! ഈ അനീതികൾ കാരണത്താൽ ലോകത്ത് തിന്മകൾ വ്യാപിച്ചുകൊണ്ടുപോകുന്നു. ദേശീയ തലത്തിലും ഭരണാധികാരികൾ നീതിയുടെ ആവശ്യങ്ങൾ നിറവേറ്റുന്നില്ല. തങ്ങളുടെ പ്രജ

കൾക്കുവേണ്ടിയും നീതിയുടെ മാനദണ്ഡങ്ങൾ പൂർത്തിയാക്കപ്പെടുന്നില്ല. രാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലും അത് പൂർത്തിയാക്കപ്പെടുന്നില്ല. ഉലമായാണെങ്കിൽ മതത്തെ തങ്ങളുടെ വ്യക്തിപരമായ നേട്ടങ്ങൾ കരസ്ഥമാക്കുന്നതിനുള്ള മാർഗമാക്കിയിരിക്കുകയാണ്. തങ്ങൾ ഉത്തമ സമുദായമാണെന്നാണ് മുസ്‌ലീംകളുടെ വാദം. ലോകപ്രശ്നങ്ങൾക്കുള്ള ഉത്തമമായ പരിഹാരം സമർപിക്കുന്നത് ഇസ്‌ലാം മാത്രമാണ്. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കുകയും വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവൃത്തി ചെയ്യുകയുമാണെങ്കിൽ മുസ്‌ലീംകൾ ഉത്തമ സമുദായംതന്നെയാണ്. ഇസ്‌ലാമിന്റെ അധ്യാപനമനുസരിച്ച് സത്യവും നീതിയും സ്ഥാപിക്കുകയാണെങ്കിൽ തീർച്ചയായും ഇസ്‌ലാമാണ് എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരം സമർപിക്കുന്നത്.

ഞാനോതിയ ഖുർആനിക വചനങ്ങൾ മൂന്നു വിവിധ അധ്യായങ്ങളിലുള്ളതാണ്; അന്നിസാഅ്, അൽമാഇദ, അൽഅഅ്റാഫ്. അന്നിസാഇലെ ആയത്തിന്റെ അർഥം ഇപ്രകാരമാണ്: വിശ്വസിച്ചവരേ! നിങ്ങൾ പരിപൂർണമായി നീതിപാലിക്കുന്നവരും അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ; അത് നിങ്ങൾക്കുതന്നെയോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽപോലും. അയാൾ(ആ കക്ഷി) ധനികനോ ദരിദ്രനോ ആണെങ്കിൽ അല്ലാഹുവാണ് അവർ രണ്ടുപേരോടും (അനുകമ്പ കാണിക്കാൻ നിങ്ങളെക്കാൾ)കൂടുതൽ അവകാശപ്പെട്ടവൻ. അതിനാൽ നിങ്ങൾ സ്വേച്ഛയെ പിൻപറ്റരുത്;നിങ്ങൾ നീതിപാലിക്കുന്നതിനുവേണ്ടിയാണിത്. നിങ്ങൾ(സത്യം)മറച്ചുവെക്കുകയോ(അതു വെളിപ്പെടുത്താതെ) പിന്മാറുകയോ ചെയ്യുന്നതായാൽ (ഓർക്കുക)അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് നല്ലവണ്ണം അറിവുള്ളവനാണ്.(4:136)

നീതിയുടെ നിലവാരം സ്ഥാപിക്കുന്നതിനുള്ള കല്പനയാണിത്. വ്യക്തിപരമായ കുടുംബകാര്യങ്ങളിലും സാമൂഹിക കാര്യങ്ങളിലും ഏതു അവസ്ഥകളുണ്ടായാലും നീതിയിലും ന്യായത്തിലും എപ്പോഴും നിലകൊള്ളേണ്ടതാണ്. മുഅ്മിനീംകൾക്കുള്ള കല്പന അവരുടെ സാക്ഷ്യം, അല്ലാഹുവിനുവേണ്ടിയും അല്ലാഹുവിന്റെ കല്പന അസരിച്ചുമായിരിക്കേണ്ടതാണ് എന്നാകുന്നു. അത് സാധ്യമാകുന്നത് അല്ലാഹുവിൽ തികഞ്ഞ വിശ്വാസമുണ്ടാകുമ്പോഴും വിശ്വാസത്തിന്റെ നിലവാരം അങ്ങേയറ്റം ഉയർന്നതാകുമ്പോഴും ശക്തമാകുമ്പോഴുമാണ്. മനുഷ്യൻ തനിക്കെതിരിൽ സാക്ഷി പറയേണ്ട ഘട്ടം വരുമ്പോഴും ഭാര്യാമക്കൾക്കെതിരിൽ സാക്ഷി പറയേണ്ട ഘട്ടം വരുമ്പോഴും ആവശ്യമെങ്കിൽ സ്വന്തം മാതാപിതാക്കൾക്കെതിരിൽ സാക്ഷ്യം പറയേണ്ട ഘട്ടം വരുമ്പോഴും ബന്ധുമിത്രാദികൾക്കെതിരെ സാക്ഷ്യം പറയേണ്ട ഘട്ടം വരുമ്പോഴും അതിനു തയ്യാറാകുമ്പോഴാണ് ഈമാനിന്റെ ശക്തി അറിയാൻ കഴിയുന്നത്. ശരീരേച്ഛകളെ പിൻപറ്റൽ നീതിയിൽനിന്ന് അകറ്റുന്നു. സ്വന്തം ശരീരേച്ഛകളെ പിൻപറ്റാൻ തുടങ്ങിയാൽ നീതിന്യായങ്ങളിൽനിന്ന് വിദൂരപ്പെട്ടുപോകും. ഇന്ന് സമൂഹത്തിൽ ഒട്ടുമിക്ക പ്രശ്നങ്ങളും ഉണ്ടാകുന്നത് നീതിയുടേയും ന്യായത്തിന്റേയും നിലവാരം അല്ലാഹു ആഗ്രഹിക്കുന്ന നിലവാരത്തിൽ അല്ലാത്തതാണ്. സ്വന്തം കാര്യങ്ങൾ വളച്ചൊടിച്ചു പറഞ്ഞ് അവതരിപ്പിക്കുന്നത് സാധാരണമായിരിക്കുന്നു.

ചില ഘട്ടങ്ങളിൽ നമ്മളിൽനിന്നുള്ള ചിലരും ഭൗതികതയുടേയും ചുറ്റുപാടിന്റേയും സ്വാധീനത്തിനുവഴങ്ങി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തു ചെയ്തിട്ടും ഇത്തരം കാര്യങ്ങൾ പ്രവർത്തിക്കുകയും യാഥാർഥ്യത്തിനു നിരക്കാത്ത സാക്ഷ്യം പറയുകയും ചെയ്യുന്നുവെന്നതാണ് വിഷമമുണ്ടാക്കുന്ന കാര്യം. വ്യക്തിപരമാണെങ്കിലും തങ്ങളുടെ മാതാപിതാക്കൾക്ക് നഷ്ടമുണ്ടാക്കുന്നതാണെങ്കിലും വളച്ചൊടിച്ചതും സത്യമായ സാക്ഷ്യം പറയുന്നതിൽനിന്ന് രക്ഷപ്പെടുന്നതിന് സത്യത്തെ മറച്ചുവെക്കുന്നതുമായ കാര്യം ഒരിക്കലും പറ

---

ഏതൊരു ഇമാമിനെയാണോ നമ്മൾ വിശ്വസിച്ചിട്ടുള്ളത് ആ മഹാത്മാവ് ഖുർആനിക കല്പനകളിലൂടെ നടന്ന് അന്യരേയും അത്ഭുതപ്പെടുത്തുകയും വ്യാകുലപ്പെടുത്തുകയും ചെയ്യുന്ന ഉദാഹരണങ്ങളാണ് സ്ഥാപിച്ചിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ പിതാവിന്റെ കർഷകർക്കെതിരിൽ ഒരു കേസിൽ ഹാജരായി. നിതിന്യായത്തിന്റെ തേട്ടം നിറവേറ്റിക്കൊണ്ട് സത്യം പറഞ്ഞു. അതിന്റെ നേട്ടമുണ്ടായത് കർഷകർക്കാണ്; ആ മഹാത്മാവിന്റെ പിതാവിന് നഷ്ടവും. അതിനാൽ നബി(സ) തിരുമേനിയുടെ ഏതൊരു സേവകനെയാണോ നമ്മൾ വിശ്വസിച്ചത് ആ മഹാത്മാവിന്റെ മാതൃക ഇതാണ്. ഈ മാതൃക മുന്നിൽവച്ചുകൊണ്ട് നമ്മൾ സാക്ഷി പറയേണ്ടതായ എല്ലാ കാര്യങ്ങളിലും ആത്മപരിശോധനനടത്തേണ്ടതാണ്.

യാകും വിധം ഇസ്‌ലാമികാധ്യാപനങ്ങൾ പാലിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുക എന്നാണ്. മറ്റു ജനതകൾക്ക് മാതൃകയായിത്തീരണം.

ഇക്കാലത്ത് മുസ്‌ലീംകളുടെ അനീതികളെക്കുറിച്ച് പാശ്ചാത്യൻ ദേശത്ത് ധാരാളം പറയുന്നുണ്ട്. തങ്ങളുടെ മതക്കാരോടു നീതി കാണിക്കാത്തവർ അന്യമതക്കാരോടു എന്തു നീതി കാണിക്കാനാണെന്ന് ചോദിക്കുന്നു. ഇതു വളരെ വലിയ ദുരന്തമാണ്. മുസ്‌ലീംകൾ തന്നെ അവരുടെ പ്രവർത്തനങ്ങൾകൊണ്ട് ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കുന്നു. ഭരണാധികാരികൾ പൊതുജനങ്ങളുടെ അവകാശം അപഹരിക്കുന്നു. പൊതുജനങ്ങൾ ഭരണാധികാരികളോടു പോരാടുന്നു. ഭരണകൂടത്തോടു പോരാടുന്നു. ജനവാസ കേന്ദ്രങ്ങൾ അക്രമത്തിന് ഇരയാകുന്നു. നശിച്ചൊടുങ്ങിക്കൊണ്ടിരിക്കുന്നു. നാമധാരികളായ ഇസ്‌ലാം സംഘങ്ങൾ സ്വന്തം ആളുകളെ കൊന്നുകൊണ്ടിരിക്കുന്നു. അന്യരാജ്യങ്ങളിലും അക്രമപരമായ പ്രവർത്തനങ്ങൾ നടത്തുന്നു. ഇവർ തങ്ങളുടെ ആളുകളെ വധിക്കുന്നു, അതുകൊണ്ട് Justify ചെയ്യുകയാണെന്ന് പറഞ്ഞ് തങ്ങളുടെ അക്രമങ്ങളെ ന്യായീകരിക്കുന്നു.

ഈ ജനതകളുടെ ശത്രുത പിന്നീട് തങ്ങളുടെ കൂടുതൽ ശത്രുതകളുടെ കുഞ്ഞുങ്ങൾക്ക് ജന്മം നല്കിക്കൊണ്ടുപോകുന്നു. ഈ പരമ്പര ഒരിക്കലും അവസാനിക്കുകയില്ല. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത്, ഒരു ജനതയുടെ ശത്രുതയും നീതിയുടെ ആവശ്യം പൂർത്തീകരിക്കാതിരിക്കാൻ നിർബന്ധിക്കുംവിധം നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ എന്ന്. നീതിയുടെ തേട്ടം നിങ്ങളെന്തായാലും പൂർത്തിയാക്കണം. നീതിയുടെ മാനദണ്ഡങ്ങൾ പൂർത്തിയാകാത്ത കാരണത്താലാണ് അക്രമം വർധിച്ചുകൊണ്ടിരിക്കുന്നത്. മുസ്‌ലീംകളുടെ കർമപരമായ മാതൃകകൾ

ങ്കിൽ, അല്ലാഹു-അവൻ റബ്ബാണ്, അവൻ റാസിഖാണ്(അന്നദാതാവ്), അവൻ സ്വയം സാധനങ്ങൾ ലഭ്യമാക്കുന്നതായിരിക്കും. സ്വയം ഭക്ഷണ പദാർഥങ്ങളിൽ അനുഗ്രഹമിടുന്നതായിരിക്കും. അതുകൊണ്ട് എല്ലാ സമയവും നമ്മൾ ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. നീതിയുടെ ഇത്തരം നിലവാരം സ്ഥാപിക്കാൻ നമ്മൾ ശ്രമിച്ചില്ലെങ്കിൽ വീടുകളിലെ സമാധാനവും സമൂഹത്തിലെ സമാധാനവും നിലനില്ക്കുകയില്ല. ഞാനോതിയ മാഇദായിലെ വചനത്തിന്റെ തർജമ ഇപ്രകാരമാണ്:

***'വിശ്വസിച്ചവരേ! നിങ്ങൾ നീതിയ്ക്കു സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനുവേണ്ടി നിലകൊള്ളുക. ഒരു സമുദായത്തിന്റെ വിരോധം അവരോടു നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ(എപ്പോഴും) നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവുമടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് അല്ലാഹു തീർച്ചയായും അറിയുന്നവനാണ്.'(5:9)***

ചില സ്ഥലങ്ങളിൽ മതപരമായ അഭിപ്രായ ഭിന്നതകളുണ്ടാകുന്നു. ഇക്കാരണത്താൽ മറ്റുള്ള മതക്കാർ അക്രമവും ചെയ്യാറുണ്ട്. അത്തരം അവസ്ഥകളിൽ ഒരു മുഅ്മിന്റെ ജോലി ജനതകളുടേയും മറ്റു മതക്കാരുടേയും അക്രമത്തിനു പകരം അക്രമം ചെയ്യുക എന്നതും നീതിയുടെ തേട്ടം പൂർത്തിയാക്കാതിരിക്കുകയും ചെയ്യുക എന്നതല്ല. ഒരു യഥാർഥ മുഅ്മിന്റെ ജോലി അല്ലാഹുവിന്റെ കല്പനകളെ മുറുകെ പിടിക്കുകയും അതിൽ നിലകൊള്ളുകയും അതിൽ അണുകിട അശ്രദ്ധ കാണിക്കാതിരിക്കുകയും ചെയ്യുക എന്നതാണ്. നീതിയെ അനുകൂലിച്ചുകൊണ്ട് സാക്ഷിയാകുക എന്നതിന്റെ അർഥംതന്നെ നിങ്ങളുടെ കർമപരമായ മാതൃകകൾ ലോകർക്ക്, മറ്റു മതക്കാർക്ക്, സമൂഹത്തിന് മാതൃക

യരുതെന്നാണ് അല്ലാഹു പറയുന്നത്. ഇക്കാര്യങ്ങൾ നമ്മൾ നിത്യജീവിതത്തിൽ കണ്ടുവരുന്നു. ഉദാഹരണത്തിന് ഭാര്യാഭർത്താക്കന്മാരുടെ കാര്യങ്ങൾ. ഖളായിൽ ധാരാളം അത്തരം കാര്യങ്ങൾ വരാറുണ്ട്. അവിടെ സത്യത്തോടുകൂടി പ്രവർത്തിക്കുന്നില്ല. കൊടുക്കൽവാങ്ങൽ കാര്യങ്ങളുണ്ട്. അവിടേയും സത്യം മറച്ചുവെക്കുന്നതായി നമ്മൾ കാണുന്നു. മതപരമായ അറിവുള്ളവരും ബാഹ്യത്തിൽനോക്കുമ്പോൾ സേവനത്തിൽ മുൻപന്തിയിൽ നിൽക്കുന്നവരുമായ ചിലർ അത്തരം പ്രവൃത്തികൾ ചെയ്യുമ്പോൾ പ്രത്യക്ഷത്തിൽ വലിയ ആലിമായിട്ടുള്ള ഇത്തരമാളുകളും ഇത്തരത്തിലുള്ള പ്രവൃത്തികൾ ചെയ്യുമോ എന്നു കണ്ട് മനുഷ്യൻ വിഷമിച്ചു പോകുന്നു.

ഏതൊരു ഇമാമിനെയാണോ നമ്മൾ വിശ്വസിച്ചിട്ടുള്ളത് ആ മഹാത്മാവ് ഖുർആനിക കല്പനകളിലൂടെ നടന്ന് അന്യരേയും അത്ഭുതപ്പെടുത്തുകയും വ്യാകുലപ്പെടുത്തുകയും ചെയ്യുന്ന ഉദാഹരണങ്ങളാണ് സ്ഥാപിച്ചിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ പിതാവിന്റെ കർഷകർക്കെതിരിൽ ഒരു കേസിൽ ഹാജരായി. നിതിന്യായത്തിന്റെ തേട്ടം നിറവേറ്റിക്കൊണ്ട് സത്യം പറഞ്ഞു. അതിന്റെ നേട്ടമുണ്ടായത് കർഷകർക്കാണ്; ആ മഹാത്മാവിന്റെ പിതാവിന് നഷ്ടവും. അതിനാൽ നബി(സ) തിരുമേനിയുടെ ഏതൊരു സേവകനെയാണോ നമ്മൾ വിശ്വസിച്ചത് ആ മഹാത്മാവിന്റെ മാതൃക ഇതാണ്. ഈ മാതൃക മുന്നിൽവച്ചുകൊണ്ട് നമ്മൾ സാക്ഷി പറയേണ്ടതായ എല്ലാ കാര്യങ്ങളിലും ആത്മപരിശോധനനടത്തേണ്ടതാണ്.

നിയ്യത്ത് പരിശുദ്ധമാണെങ്കിൽ, അല്ലാഹുവിനുവേണ്ടി സാക്ഷിയായിക്കൊണ്ട് നീതിയെ ശക്തമായി പിടിക്കുകയാണെങ്കിൽ, തന്റെ സാക്ഷ്യത്തിന്റെ നിലവാരത്തെ ചൊവ്വായകാര്യങ്ങൾ പറയുന്നതിൽ നിലനിറുത്തുകയാണെ

ഇസ്‌ലാമികാധ്യാപനങ്ങൾക്ക് വിരുദ്ധമായതുകൊണ്ടാണ് അമുസ്‌ലീംകളും നമുക്കെതിരായിട്ടുള്ളത്. മുസ്‌ലീംകൾ തങ്ങളുടെ മാതൃകകൾ കാണിച്ചും ഇസ്‌ലാമിന്റെ സുന്ദരമായ അധ്യാപനം ജനങ്ങൾക്കു പറഞ്ഞുകൊടുത്തും ഇസ്‌ലാമിക പ്രബോധനം നടത്തുകയായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ, ഇവിടെ കണക്കുതന്നെ തലതിരിഞ്ഞതാണ്. മുസ്‌ലിം രാഷ്ട്രങ്ങളിൽ അക്രമങ്ങൾക്കു പുറമെ ഒന്നുംതന്നെ കാണാൻ കഴിയുന്നില്ല. ഒരു ജനതയുടെ ശത്രുത അവരോടു നീതി കാണിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ എന്ന വിശുദ്ധ ഖുർആന്റെ അധ്യാപനം എത്ര മനോഹരമാണ്. ഈ അധ്യാപനം മറ്റൊരു മതഗ്രന്ഥങ്ങളിലും നല്കപ്പെട്ടിട്ടില്ല.

ശത്രുക്കളോടുള്ള പെരുമാറ്റത്തിലും നീതിയുടെ നിലവാരം പൂർത്തീകരിക്കേണ്ടതാണ്. ഇതിലേക്ക് കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. ഇത് എത്രമാത്രം സുന്ദരമായ അധ്യാപനമാണ്. പക്ഷേ, അഹോ കഷ്ടം! ഈ അധ്യാപനം നിലനില്ക്കെ മുസ്‌ലീംകളുടെ കർമങ്ങൾ അമുസ്‌ലിം ലോകത്ത് ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കി. നബി(സ)തിരുമേനി എത്രമാത്രം സൂക്ഷ്മമായി സ്വഹാബാക്കളെക്കൊണ്ട് ഇതനുസരിച്ച് പ്രവർത്തിപ്പിച്ചു. അതിന്റെ ചില ഉദാഹരണങ്ങൾ നല്കുകയാണ്.

ഒരിക്കൽ ഒരു യുദ്ധത്തിൽ അബദ്ധവശാൽ സ്വഹാബാക്കളുടെ കൈയാൽ ഒരു സ്ത്രീ വധിക്കപ്പെട്ടു. അവിടന്ന് ഇത് അറിഞ്ഞു. അവിടന്ന് സ്വഹാബാക്കളെ ശക്തമായി വഴക്കുപറഞ്ഞു. നിവേദനത്തിൽ വന്നിരിക്കുന്നു:അവിടത്തെ മുഖത്ത് എത്രമാത്രം ദ്വേഷം പ്രകടമായിരുന്നുവെന്നാൽ അതിനുമുമ്പേ ഒരിക്കലും അങ്ങനെ കണ്ടിട്ടില്ല. അബദ്ധവശാൽ സംഭവിച്ചതുപോയതാണെന്ന് സ്വഹാബാക്കൾ പറയുകയും ചെയ്തിരുന്നു. പക്ഷേ, അബദ്ധവശാൽ വധിക്കപ്പെട്ടിട്ടും നീതി സ്ഥാപിതമാകാത്തതിൽ ആ മഹാത്മാവിന് കഠിനമായ ബുദ്ധിമുട്ടുണ്ടായി.

നിവേദനത്തിൽ വന്നിരിക്കുന്നു, ഒരു യഹൂദിക്ക് ഒരു സ്വഹാബി നാലു ദിർഹം കടം വീട്ടാനുണ്ടായിരുന്നു. അതിന്റെ അവധി അവസാനിച്ചു കഴിഞ്ഞിരുന്നു. യഹൂദി വന്ന് നബി(സ)തിരുമേനിയോടു പരാതിപ്പെട്ടു; ഇയാൾ എനിക്ക് നാലു ദിർഹം തരാനുണ്ട് പക്ഷേ, തരുന്നില്ല. നബി(സ)തിരുമേനി ആ സ്വഹാബിയെ വിളിപ്പിച്ചു. അദ്ദേഹത്തിന്റെ പേര് അബ്ദുല്ലാഹ് എന്നായിരുന്നു. ഈ യഹൂദിയുടെ അവകാശം കൊടുക്കാൻ നബി(സ)തിരുമേനി അദ്ദേഹത്തോടു പറഞ്ഞു. ഹദ്റത്ത് അബ്ദുല്ലാഹ്(റ)പറഞ്ഞു:'അങ്ങയെ സത്യത്തോടുകൂടി അയച്ച അല്ലാഹുവാണ! എനിക്കു കടം വീട്ടാൻ കഴിവില്ല.' നബി(സ)തിരുമേനി വീണ്ടും അയാളോടു ആ വ്യക്തിയുടെ കടം വീട്ടാൻ പറഞ്ഞു. അങ്ങ് ഞങ്ങളെ ഖയ്ബറിലേക്ക് അയക്കുമെന്നും യുദ്ധമുതലിൽനിന്ന് കുറച്ചു ഭാഗം തരുമെന്നും തിരിച്ചു വന്ന് താൻ താങ്കളുടെ കടം വീട്ടുമെന്നും താൻ അയാളോടു പറഞ്ഞിട്ടുണ്ടെന്ന് നബി(സ)തിരുമേനിയോടു അബ്ദുല്ലാഹ് പറഞ്ഞു. അയാളുടെ കടം വീട്ടാൻ നബി(സ)തിരുമേനി അയാളോടു പറഞ്ഞു. നബി(സ)തിരുമേനി ഏതെങ്കിലും കാര്യം മൂന്നു പ്രാവശ്യം പറഞ്ഞാൽ അത് അഖണ്ഡിതമായ തീരുമാനമായി മനസ്സിലാക്കപ്പെടുമായിരുന്നു. അങ്ങനെ ഹദ്റത്ത് അബ്ദുല്ലാഹ് അതേ നേരം ബാസാറിൽപോയി. അദ്ദേഹം ഒരു ചാദുർ, മുണ്ടായി ഉടുത്തിരുന്നു. തലയിലിടുന്ന ഒരു തുണിയുമുണ്ടായിരുന്നു. തലയിലെ തുണിയെടുത്ത് അദ്ദേഹം മുണ്ടായി ഉടുത്തു. ചാദുർ നാല് ദിർഹമിന് വിറ്റ് കടംവീട്ടി. ഈ നിലവാരമായിരുന്നു നബി(സ)തിരുമേനി സ്ഥാപിച്ചിരുന്നത്. അബ്ദുല്ലാഹ് കൂടുതൽ സമയം ചോദിച്ചതുകൊണ്ട് അതു കൊടുക്കാൻ യഹൂദിയോടു പറഞ്ഞില്ല. മറിച്ച് പെട്ടെന്ന് യഹൂദിയുടെ കടം വീട്ടാൻ തന്റെ സ്വഹാബിയോടു പറഞ്ഞു. അതിനുവേണ്ടി അദ്ദേഹത്തിന് തന്റെ ഉടുതുണിപോലും അഴിച്ച് വില്ക്കേണ്ടി വന്നു. ഇതാണ് നീതിയുടേയും ന്യായത്തിന്റേയും നിലവാരം. ഈ നിലവാരം നമ്മൾ എല്ലാ തലത്തിലും നിലനിറുത്തുകയായെങ്കിൽ ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ സേവകന്റെ യഥാർഥ വിശ്വാസികളിൽ പെടുന്നതായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)നിയോഗിതനായതിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതായിരിക്കും.

ഞാൻ തിലാവത്ത് ചെയ്ത സൂറ അഅ്റാഫിലെ ആയത്തിലും അല്ലാഹു ഇതുതന്നെയാണ് നിർദേശിച്ചിട്ടുള്ളത്. അതിന്റെ തർജമ ഇപ്രകാരമാണ്: സത്യമനുസരിച്ച് ജനങ്ങളെ നയിക്കുകയും അതുകൊണ്ടുതന്നെ നീതി പുലർത്തുകയും ചെയ്യുന്ന ഒരു വിഭാഗം ആളുകൾ നാം സൃഷ്ടിച്ചവരിലുണ്ട്. മനുഷ്യൻ സ്വയം സന്മാർഗത്തിൽ നിലകൊള്ളുന്നില്ലെങ്കിൽ മറ്റുള്ളവർക്ക് എന്തു സന്മാർഗം നല്കാനാണ്. മനുഷ്യൻ സ്വയം നീതിയിൽ നിലകൊള്ളാത്തിടത്തോളം മറ്റുള്ളവർക്ക് എന്തു നീതി നല്കാനാണ്. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നു ചെയ്ത ബയ്അത്തുപ്രതിജ്ഞ പൂർത്തിയാക്കണമെങ്കിൽ, അവിടത്തെ മിഷനെ പൂർണമാക്കണമെങ്കിൽ ഇസ്‌ലാമിന്റെ സന്ദേശം ലോകർക്ക് എത്തിക്കണമെങ്കിൽ പ്രബോധനത്തിനോടുള്ള കടമ നിറവേറ്റണമെങ്കിൽ നബി(സ)തിരുമേനി നിർദേശിച്ച ഇസ്‌ലാമികാധ്യാപനം അനുസരിച്ച് എല്ലാ ഉൽകൃഷ്ടമായ സ്വഭാവങ്ങളും സ്വായത്തമാക്കേണ്ടി വരും.

നമ്മൾ അല്ലാഹുവിന്റെ കല്പനകളിലൂടെ നടന്ന് നമ്മുടെ ജീവിതത്തെ വാർത്തെടുക്കാൻ അവൻ അനുഗ്രഹിക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ചെയ്ത ബയ്അത്തിനോടുള്ള കടമ നിറവേറ്റുന്നവരാകട്ടെ. നമ്മൾ മറ്റുള്ളവർക്ക് സന്മാർഗത്തിന്റേയും നീതിയുടേയും മാതൃകയാവട്ടെ.

# യേശുവിന്റെ സഞ്ചാര പാത

ഹദ്റത്ത് അഹ്മദ്(അ)

സഞ്ചാരികളുടെ തലവൻ എന്ന് വിശേഷിപ്പിക്കപ്പെട്ട യേശു കുരിശ് സംഭവത്തിന് ശേഷം പലസ്തീനിൽ നിന്നും പല കിഴക്കൻ ദേശങ്ങളിലൂടെയും സഞ്ചരിച്ച് കാണാതെ പോയ ഇസ്റായേൽ ഗോത്രങ്ങളെ അന്വേഷിച്ച് കശ്മീരിൽ എത്തിച്ചേരുകയാണുണ്ടായത്.

പേർഷ്യൻ ഭാഷയിലുള്ള വിശ്രുത ചരിത്ര ഗ്രന്ഥമായ 'റൗളത്തുസ്സഫാ'യിൽ 130-135 ഭാഗങ്ങളിൽ കാണുന്ന ചില സംഗതികൾ ചുവടെ വിവർത്തനം ചെയ്ത് ചേർക്കുന്നു:

ഈസാനബിക്ക് മസീഹ് എന്ന പേർ നൽകപ്പെട്ടത് അദ്ദേഹം വലിയൊരു സഞ്ചാരി ആയത് കൊണ്ടാണ്. അദ്ദേഹം രോമനിർമിതമായ ശിരസ്സാടയും കമ്പിളിയുമാണ് ധരിക്കാറുണ്ടായിരുന്നത്. കയ്യിൽ ഒരു ഊന്നു വടിയും ഉണ്ടാകുമായിരുന്നു. അദ്ദേഹം രാജ്യാന്തരങ്ങളിലും നഗരന്തോറും ചുറ്റിതിരിഞ്ഞു പോന്നു. സന്ധ്യയായാൽ എത്തിയേടം വിശ്രമിക്കും. വനസസ്യങ്ങൾ ഭക്ഷിക്കുകയും പദയാത്ര നടത്തുകയുമാണ് ചെയ്തിരുന്നത്. ഒരു യാത്രയിൽ കൂട്ടുകാർ അദ്ദേഹത്തിന് വേണ്ടി ഒരു കുതിരയെ വാങ്ങി. ഒരു ദിവസം അദ്ദേഹം കുതിരപ്പുറത്ത് സവാരി നടത്തി. കുതിരക്ക് തീറ്റി കൊടുക്കുവാനുള്ള വക കാണാത്തതുകൊണ്ട് അതിനെ തിരിച്ചു നൽകുകയാണുണ്ടായത്. നാട്ടിൽ നിന്നും യാത്ര പുറപ്പെട്ടു നൂറുക്കണക്കിന് നാഴിക അകലെ നസീബെൻ എന്നിടത്ത് അദ്ദേഹം എത്തിച്ചേർന്നു. അദ്ദേഹത്തിന്റെ തന്നെ ഏതാനും ശിഷ്യന്മാരുമുണ്ടായിരുന്നു. അവരെ അദ്ദേഹം നഗരത്തിൽ ഉപദേശിക്കാൻ നിയോഗിച്ചു. നഗരത്തിൽ യേശുവിനെ പറ്റിയും മാതാവിനെ പറ്റിയും യഥാർഥവും അയഥാർഥവുമായ ഒട്ടേറെ കഥകൾ പ്രചരിച്ചിരിക്കുകയായിരുന്നു. അത് കാരണം നഗര ഭരണാധികാരികൾ ശിഷ്യരെ ബന്ധനസ്ഥനാക്കുകയും യേശുവിനെ ഹാജരാക്കാൻ കൽപ്പിക്കുകയും ചെയ്തു. യേശു ചിലരുടെ രോഗങ്ങൾ അത്ഭുതകരമായി സുഖപ്പെടുത്തുകയും മറ്റു ചില ദിവ്യാത്ഭുതങ്ങൾ കാണിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് നാസിബെൻ പ്രദേശത്തെ രാജാവ് സൈന്യങ്ങളോടും ജനങ്ങളോടുമൊപ്പം അദ്ദേഹത്തിന്റെ ശിഷ്യരായി തീർന്നു. ഖുർആനിലെ ഭക്ഷ്യാവതരണ കഥ ഈ യാത്രകളിലേതാണ്.

ഇതാണ് റൗളത്തുസ്സഫ്ഫയിലെ വിവരണത്തിന്റെ ചുരുക്കം. ഗ്രന്ഥകർത്താവ് യേശു കാണിച്ചതായുള്ള യുക്തിരഹിതവും അർഥശൂന്യവുമായ ഒട്ടേറെ അത്ഭുതകൃത്യങ്ങളെ പറ്റി പറയുന്നുണ്ട്. അസത്യങ്ങളും അതിവർണനകളുമെല്ലാം വിട്ടുകളഞ്ഞ് യേശു തന്റെ യാത്രക്കിടയിൽ നാസീബെന്നിൽ എത്തിച്ചേർന്നു എന്ന് മനസ്സിലാക്കിത്തരുന്നു.

അടിസ്ഥാന വസ്തുതയിൽ മാത്രം ശ്രദ്ധ ക്ഷണിച്ചു കൊള്ളട്ടെ. ഇംഗ്ലീഷ് ഭൂപടങ്ങളിൽ നിസിബസ് (Nisibus) എന്ന് കാണിച്ചിട്ടുള്ള നാസിബെൻ മൊസൂളിനും (Mosul) സിറിയക്കും ഇടയിലാണ് സ്ഥിതിചെയ്യുന്നത്. സിറിയയിൽ നിന്നും പേർഷ്യയിലേക്കുള്ള യാത്രയിൽ യറുശലേമിന് 450 നാഴിക അകലെയുള്ള നാസിബെന്നിലൂടെ കടന്നു പോകണം. നാസിബെന്നിൽ നിന്ന് 48 നാഴികയും ജറുസലെമിൽ നിന്ന് 48 നാഴികയും അകലെയാണ് മൊസൂൾ. മൊസൂളിൽ നിന്ന് 100 നാഴിക മാത്രമേ പേർഷ്യൻ അതിർത്തിയി ലേക്ക് ദൂരമുള്ളൂ. എന്നുവെച്ചാൽ നാസിബെന്നിൽ നിന്ന് 150 നാഴിക മാത്രം. പേർഷ്യയുടെ കിഴക്കൻ അതിർത്തി അഫ്ഘാനിസ്ഥാനിലെ ഹിറാത്ത് (Herat) പട്ടണത്തോട് തൊട്ടാണ് സ്ഥിതി ചെയ്യുന്നത്. അതായത് ഹിറാത്ത് അഫ്ഘാന്റെ പടിഞ്ഞാറൻ അതിർത്തിയിൽ നിന്നും 900 നാഴിക വരും. ഹിറാത്തിൽ നിന്നും ഖൈബർ പാസ്സിലേക്ക് 500 നാഴിക യാണ് ദൂരം.

## യേശു കശ്മീരിലേക്ക്

കശ്മീരിലേക്കുള്ള യാത്രയിൽ യേശു അവലംബിച്ച സഞ്ചാര പഥം ആണ് പടത്തിൽ കാണിച്ചിട്ടുള്ളത്. ശൽമൻസർ രാജാവ് മേദ്യയിലേക്ക് തടവുകാരായി നാടുകടത്തിയ ഇസ്റയേൽകാരെ കണ്ടുമുട്ടുകയായിരുന്നു ഈ യാത്രയുടെ ഉദ്ദേശ്യം. ക്രിസ്ത്യാനികൾ പ്രസിദ്ധപ്പെടുത്തിയ ഭൂപടങ്ങളിൽ മേദ്യ ഖിസർ കടലിന് (Azov) തെക്കുള്ള പ്രദേശമായിട്ടാണ് കാണിച്ചിരിക്കുന്നത്. ഈ പ്രദേശം ഇപ്പോൾ പേർഷ്യ (ഇറാൻ) ആയി അറിയപ്പെടുന്നു. പേർഷ്യയുടെ കിഴക്കൻ അതിർത്തി അഫ്ഘാനിസ്ഥാനോട് തൊട്ടുകിടക്കുന്നു. തെക്കുഭാഗത്ത് കടലും പടിഞ്ഞാറൻ തുർക്കി സാമ്രാജ്യവും സ്ഥിതി ചെയ്യുന്നു. റൌളത്തുസ്സ്സഫായിലെ വിവരണം ശരിയാണെങ്കിൽ നാസിബെന്നിൽ നിന്നും പേർഷ്യയിലൂടെ അഫ്ഘാനിസ്ഥാനിലേക്ക് വരാനും അഫ്ഘാനികൾ എന്ന പേരിൽ അറിയപ്പെട്ടുപോന്നിരുന്ന കാണാതായ ജൂതന്മാരെ സത്യത്തിലേക്ക് ക്ഷണിക്കാനും ആണ് യേശു ഉദ്ദേശിക്കുന്നതെന്നാണ് മനസ്സിലാവുന്നത്. അഫ്ഘാൻ എന്ന പദം ഹിബ്രുവിൽ നിന്നും നിഷ്പന്നമാണ്. ധീരൻ എന്ന അർഥമുള്ള വാക്കാണ് ഇതിന്റെ മൂലം. തങ്ങളുടെ പ്രഭാവകാലത്ത് അവർ സ്വീകരിച്ചതായിരിക്കണം ഈ പേര്.

ചുരുക്കത്തിൽ പഞ്ചാബും ഹിന്ദുസ്ഥാനും സന്ദർശിച്ച ശേഷം കശ്മീരിലേക്ക് പോകാനുള്ള ലക്ഷ്യത്തോടുകൂടി അഫ്ഘാനിസ്ഥാനിലൂടെ യേശു പഞ്ചാബിൽ വന്നെത്തി. ചിത്രാൾ സ്റ്റേറ്റും പഞ്ചാബിന്റെ ഒരു ഭാഗമാണ്. അഫ്ഘാനിസ്ഥാനിൽ നിന്നും കശ്മീരിലൂടെ ഒരാൾ പഞ്ചാബിലൂടെ യാത്ര ചെയ്യുമ്പോൾ 80 നാഴികയോ 135 കിലോമീറ്ററോ സഞ്ചരിക്കേണ്ടി വരും.

യേശു അഫ്ഘാനിസ്ഥാൻ വഴി സഞ്ചരിക്കാൻ തീരുമാനിച്ചത് ബുദ്ധിപൂർവമായിരുന്നു. അഫ്ഘാനികൾ എന്നറിയപ്പെടുന്ന കാണാതെ പോയ യഹൂദ ഗോത്രങ്ങൾക്ക് അതുകൊണ്ട് ഗുണമുണ്ടാകുമെന്ന് അദ്ദേഹം കരുതി. കശ്മീരിന്റെ കിഴക്കൻ അതിർത്തി തിബത്തിനോട് ചെന്ന് മുട്ടുന്നു. കശ്മീരിൽ നിന്നും അദ്ദേഹത്തിന് നിഷ്പ്രയാസം തിബത്തിലെത്താം. പഞ്ചാബിൽ പ്രവേശിച്ചതിന് ശേഷം കശ്മീരിലേക്കോ തിബത്തിലേക്കോ പോകുന്നതിന് മുമ്പ് ഹിന്ദുസ്ഥാനിലെ പ്രധാന സ്ഥലങ്ങളിലും ചുറ്റി സഞ്ചരിക്കാൻ അദ്ദേഹത്തിന് പ്രയാസമുണ്ടായിരുന്നില്ല. ആകയാൽ ഈ രാജ്യത്തിലെ ചില പുരാതന ചരിത്രരേഖകളിൽ കാണപ്പെടുന്ന പ്രകാരം യേശു നേപ്പാൾ, ബനാറസ്സ് തുടങ്ങിയ സ്ഥലങ്ങൾ കണ്ടിരിക്കാൻ വളരെ സാദ്ധ്യതയുണ്ട്. ജമ്മു വഴിയോ റാവൽപിണ്ടി മാർഗത്തിലോ കശ്മീരിലേക്ക് പോയിരിക്കണം. അദ്ദേഹം ഒരു ശീതരാജ്യത്തിലെ ആളായതിനാൽ ഈ പ്രദേശങ്ങളിൽ ശൈത്യകാലത്ത് മാത്രം താമസിക്കുകയും മാർച്ച് ഒടുവിലോ ഏപ്രിൽ ആദ്യത്തിലോ കശ്മീരിലേക്ക് യാത്രയാവുകയും ചെയ്തിരിക്കണം. കാശ്മീർ ശാമിന് (സിറിയയും ചുറ്റു വട്ടവും) സദൃശ്യമായ ഒരു പ്രദേശമാകയാൽ അദ്ദേഹം അവിടെതന്നെ സ്ഥിരം കേന്ദ്രമാക്കിട്ടുണ്ടാവും. അദ്ദേഹം അഫ്ഘാനിസ്ഥാനിലും കുറച്ച് നാൾ താമസിച്ചിരുന്നിരിക്കാം. അവിടെ വിവാഹം ചെയ്തിട്ടുണ്ടെങ്കിൽ അതും സംഭവിച്ചു കൂടായ്കയില്ല. അഫ്ഘാനികളിൽ ഒരു ഗോത്രത്തിന്റെ പേര് തന്നെ 'ഇസാഖേൽ' എന്നാണ്. അവർ ഈസാ നബി (അ) യുടെ സന്താന പരമ്പരയാണെന്ന് വന്നാലും അത്ഭുതപ്പെടേണ്ടതില്ല. അഫ്ഘാനികളുടെ ചരിത്രം വളരെ കുഴഞ്ഞുമറിഞ്ഞാണുള്ളതെന്നത് ഒരു ദുഃഖ സത്യമത്രെ. അവരുടെ ഗോത്ര വിവരണങ്ങൾ മാത്രം വായിച്ച് ഖണ്ഡിതമായ ഒരു തീരുമാനത്തിലെത്തുക വിഷമമാണ്.എന്നാൽ അഫ്ഘാനികൾ കശ്മീരികളെ പോലെ തന്നെ ഇസ്രായേലികളാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. തങ്ങളുടെ ഗ്രന്ഥങ്ങളിൽ ഇതിനെതിരായ അഭിപ്രായങ്ങൾ സ്വീകരിച്ചിട്ടുള്ളവർ അങ്ങേയറ്റം തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. വസ്തുതകളെക്കുറിച്ചുള്ള സൂക്ഷ്മ പഠനം അവർ നടത്തിയിട്ടില്ല. തങ്ങൾ ഖൈസിന്റെ സന്തതികളാണെന്ന് അഫ്ഘാനികൾ തന്നെ സമ്മതിക്കുന്നുണ്ട്. ഖൈസ് ഇസ്രയേല്യരാണ്. ഇവിടെ ഈ ചർച്ച ഏതായാലും നീട്ടികൊണ്ടു പോകേണ്ട ആവശ്യമില്ല. എന്റെ ഒരു ഗ്രന്ഥത്തിൽ ഇക്കാര്യം വിശദമായി പ്രതിപാദിച്ച് കഴിഞ്ഞിട്ടുണ്ട്. യേശു നാസിബെൻ, അഫ്ഘാനിസ്ഥാൻ, പഞ്ചാബ് എന്നിവിടങ്ങളിലൂടെ കശ്മീരിലും തിബറ്റിലും നടത്തിയ യാത്രകളെ ക്കുറിച്ചാണ് ഞാൻ വിവരിക്കുന്നത്. ഈ സുദീർഘമായ പ്രയാണങ്ങൾ കാരണം യേശു സഞ്ചാരി പ്രവാചകൻ എന്നു

വിളിക്കപ്പെട്ടിരുന്നു. അല്ലാ, സഞ്ചാരികളുടെ നേതാവ് എന്ന് തന്നെ. ആരിഫ് ബില്ലാ അബൂബക്കർ മുഹമ്മദ് ഇബ്നുൽ വലീദ് അൽ ഫഹ്രി അത്തർതൂശി അൽ മലിക്കി എന്ന മുസ്ലിം ജ്ഞാനി തന്റെ സിറാജുൽ മുലൂക്ക് (മക്തബെ ഖൈരിയ്യ, ഈജിപ്ത് 1306 ഹി) എന്ന ഗ്രന്ഥത്തിൽ ആറാം ഭാഗത്ത് ഇപ്രകാരം പറയുന്നു:

സാത്വികരുടെ നേതാവും സഞ്ചാരികളുടെ തലവനുമായിരുന്ന റൂഹുല്ലായും കലിമത്തുല്ലായും ആയ ഈസ എവിടെ? എന്നു വെച്ചാൽ അദ്ദേഹം മരിച്ചു പോയി എന്നും അദ്ദേഹത്തെ പോലെ മഹാനായ ഒരാൾ പോലും ഈ ലോകം വിട്ടു പിരിയേണ്ടി വന്നിട്ടുണ്ടെന്നും തന്നെ. ഈ മഹാ പണ്ഡിതൻ യേശുവിനെ പറ്റി സഞ്ചാരി എന്ന് മാത്രമല്ല സഞ്ചാരികളുടെ തലവൻ എന്നും കൂടി വിളിക്കുന്നുണ്ടെന്ന കാര്യവും ശ്രദ്ധാർഹമാണ്.

എല്ലായ്പ്പോഴും ചുറ്റി സഞ്ചരിക്കുകയും ഒരു സ്ഥലത്ത് സ്ഥിരമായി പാർക്കാതിരിക്കുകയും ചെയ്തിരുന്നതിനാലാണ്. യേശുവിന് മസീഹ് എന്ന നാമകരണം ചെയ്യപ്പെട്ടിരുന്നത് എന്ന് ലിസാനുൽ അറബ് എന്ന ഗ്രന്ഥത്തിൽ 461-ാം ഭാഗത്ത് രേഖപ്പെടുത്തി കാണുന്നത്. താജുൽ ഉറൂസ് എന്ന ശറഹ് ഖാമൂസിലും ഇപ്രകാരം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. നന്മയും അനുഗ്രഹവും നൽകപ്പെട്ടയാളാണ് മസീഹ് എന്ന് വെച്ചാൽ അദ്ദേഹത്തിന്റെ സ്പർശനം പോലും അനുഗൃഹീതമായിരിക്കുമാറ് അത്ര അധികം ഈ ഗുണങ്ങൾ അദ്ദേഹത്തിന് നൽകപ്പെട്ടിരുന്നു. അല്ലാഹു അവൻ ഇഷ്ടപ്പെടുന്നവർക്ക് ഈ നാമം നൽകുന്നതിനാലാണ് യേശുവിനും ഈ നാമം നൽകപ്പെട്ടത് ഇതിനെതിരിൽ മറ്റൊരു മസീഹ് കൂടിയുണ്ട്. ആ മസീഹിന്റെ സ്പർശം ശപിക്കപ്പെട്ടതത്രെ എന്നു വെച്ചാൽ തിന്മയും ശാപവുമാണ് ആ മസീഹിന്റെ പ്രകൃതിയിൽ അടങ്ങിയിരിക്കുന്നത്. അവന്റെ സ്പർശനം തിന്മയുടെയും ശാപത്തിന്റെയും അന്ധകാരം പരത്തും. ദജ്ജാലിനും അവനെ പോലെയുള്ളവർക്കുമാണ് ഈ പേർ നൽകപ്പെട്ടിരിക്കുന്നത്. സഞ്ചാരിയായ മസീഹ് എന്നതും അനുഗ്രഹിക്കപ്പെട്ട മസീഹ് എന്നുമുള്ള പേരുകൾ പരസ്പര വിരുദ്ധമല്ല. ഒന്നു മറ്റേതിന്റെ മൂല്യം നശിപ്പിക്കുന്നില്ല. ദൈവം ഒരാൾക്ക് ഒന്നിലധികം പേർ നൽകുന്നതും അവയെല്ലാം ആ ആൾക്ക് യോജിച്ചിരിക്കുന്നതും ദൈവികമായ പ്രവർത്തന രീതിയിൽ പ്പെട്ടതാകുന്നു. ചുരുക്കത്തിൽ യേശു ഒരു സഞ്ചാരിയെന്ന നിലയിൽ ഇസ്ലാമിക ചരിത്രത്തിൽ തെളിഞ്ഞു കഴിഞ്ഞിരിക്കുന്നു അത്തരം ഗ്രന്ഥങ്ങളിൽ നിന്നെല്ലാം ആ വിവരം പകർത്താമെന്നു വെച്ചാൽ അതു തന്നെ ഒരു കൂറ്റൻ ഗ്രന്ഥമാകും. ഞാൻ ഇത്രയും പ്രതിപാദിച്ചിട്ടുള്ളത് തന്നെ വസ്തുത തെളിയിക്കാൻ ധാരാളം മതി.(***മസീഹ് ഹിന്ദുസ്താൻ മെ, എന്ന പുസ്തകത്തിൽ നിന്ന്)***

## വഖഫ് സ്വത്ത്

അബ്ദുല്ലാഹ് ബ്നു ഉമറിൽ നിന്നും നിവേദനം: അദ്ദേഹത്തിന്റെ പിതാവിന് കൈബറിൽ നിന്നും ഒരു ഖണ്ഡം ഭൂമി ലഭിക്കുകയുണ്ടായി. അദ്ദേഹം (ഹദ്റത്ത് ഉമർ) പ്രവാചകന്റെ അരികിൽ വന്നു. എനിക്കുള്ളതിൽ വെച്ചേറ്റവും നല്ല സ്വത്താണ് ഇത് എന്ന് പറഞ്ഞു. അതിനെ സംബന്ധിച്ച് താങ്കളുടെ അഭിപ്രായമെന്താണ്? അവിടുന്ന് മറുപടി പറഞ്ഞു. താങ്കൾ ഇഷ്ടപ്പെടുകയാണെങ്കിൽ അതിന്റെ ഒരു ഭാഗം വഖ്ഫ് ചെയ്യാവുന്നതാണ്. എന്നിട്ട് (അതിന്റെ വരുമാനമോ അതിൽ നിന്നുള്ള ആദായമോ) ധർമാവശ്യങ്ങൾക്ക് വേണ്ടി ചിലവാക്കാനുള്ളതായിരിക്കുമെന്നും പ്രഖ്യാപിക്കുക. റസൂൽ തിരുമേനി(സ) ഉപദേശിച്ചത് പ്രകാരം ഹദ്റത്ത് ഉമർ അപ്പോൾ തന്നെ ആ ഭൂമി ദൈവ മാർഗത്തിൽ വഖ്ഫ് ചെയ്തു. അദ്ദേഹം ഇപ്രകാരം വ്യവസ്ഥ പ്രഖ്യാപിക്കുകയും ചെയ്തു, ഈ ഭൂമി ഒരിക്കലും വിൽക്കാൻ പാടുള്ളതല്ല. ഒരു സമ്മാനം എന്ന നിലക്ക് ആർക്കും കൊടുക്കാനും പാടുള്ളതല്ല. പാരമ്പര്യ സ്വത്തായി ആർക്കും അത് ഒരിക്കലും എടുക്കാനും പാടുള്ളതല്ല. അതിലെ വരുമാനം ദൈവമാർഗത്തിലും പാവങ്ങൾക്കും ദരിദ്രർക്കും ബന്ധുക്കൾക്കും അടിമ മോചനത്തിനും ജിഹാദിനും അതിഥി സൽക്കാരത്തിനും വഴിയാത്രക്കാർക്കും അതിന്റെ മേൽനോട്ടക്കാരനും ട്രസ്റ്റിയായിരിക്കുന്നയാൾക്കും വിനിയോഗിക്കാം. അതിന്റെ വരുമാനത്തിൽ നിന്നും ഒരു പരിധിവരെ മാത്രം അയാൾക്ക് തിന്നുകയും മറ്റുള്ളവരെ തീറ്റിക്കുകയും ചെയ്യുന്നതിൽ തെറ്റില്ല. അതിൽ നിന്നുള്ള വരുമാനത്തിൽ നിന്ന് അയാൾ പണം കൂട്ടിവെക്കാനോ സമ്പാദിച്ച് ധനികനായി തീരുകയോ ചെയ്യുന്നത് നിയമപ്രകാരം തെറ്റാണ്. (ബുഖാരി, മുസ്ലിം).

# പ്രകാശിക്കുന്ന വദനങ്ങൾ

സാത്വിക ജീവിതം നയിക്കുന്നവരുടെ മുഖത്ത് പ്രകടമാവുന്ന ആത്മീയ പ്രഭയെ പറ്റി

**ബശീർ അഹ്മദ് ഓർച്ചാഡ്**

ദൈവസവിധം പൂകിയ ചില മഹത്തുക്കളുടെ മുഖങ്ങൾ ഏറ്റക്കുറച്ചിലോടെ അസ്പർശ്യമായ ഒരു പ്രകാശവലയത്താൽ പ്രഭാവിതമാവാറുണ്ട്. അത് സൂര്യനിൽ നിന്നും നിർഗമിക്കുന്ന സൗരയൂഥ വ്യവസ്ഥയുടെ പ്രകാശമോ വിദ്യുത്പ്രകാശമോ അല്ല. അതാണ് ദിവ്യപ്രകാശം. ചന്ദ്രനിലൂടെയും മറ്റുഗോളങ്ങളിലൂടെയും അതാതിന്റെ സ്ഥാനവും ചലനവും അനുസരിച്ച് സൂര്യപ്രകാശം പ്രതിഫലിക്കുന്നത് പോലെ അളവ് ഭേദത്തോടെ ഈ ദിവ്യദ്യുതി വ്യക്തികളിൽ നിന്നും പ്രതിഫലിക്കുന്നു. എല്ലാവരിലും ഒരുപോലെയല്ല. ചില വ്യക്തികളുടെ മുഖം മറ്റുള്ളവരുടേതിനേക്കാൾ ദൈവപ്രകാശത്താൽ കൂടുതൽ പ്രശോഭിതമാണ്. ചില ആളുകളിൽ അത്തരത്തിലുള്ള യാതൊരു പ്രകാശവും ദൃശ്യമല്ല. സുവാർത്തകളും അഹ്ലാദജനകമായ വൃത്താന്തങ്ങളും കേൾക്കുമ്പോഴും പ്രേമഭാജനവുമായി സന്ധിക്കുമ്പോഴും ഒരു വ്യക്തിയുടെ മുഖം പ്രകാശപൂർണമാകാറുണ്ട്. ദൈവ സവിധത്തിൽ ലയിക്കുന്ന വ്യക്തി തദ്ജന്യമായി അദ്ദേഹത്തിന്റെ വദനത്തിൽ നിന്നുമുരുവംകൊള്ളുന്ന സുദിവ്യമായ ദ്യുതി വിലാസത്തെ സംബന്ധിച്ചാണ് ഈ ലേഖനത്തിൽ പ്രതിപാതിക്കുന്നത്.

പ്രവാചകന്മാർ സ്രഷ്ടാവുമായി ഒരു പ്രത്യേക ബന്ധം പുലർത്തുന്നവരാണ്. അവരുടെ ആത്മീയ നിലവാരം അത്യുന്നതമാണ്. ഖുർആൻ പ്രകാരം അവർ പാപരഹിതരും ദൈവിക നിയമങ്ങളുടെ പ്രയോക്താക്കളുമാണ്. ദൈവമഹത്വം അവരുടെ തിരുമുഖങ്ങളിൽ ദർശിക്കാവുന്നതാണ്. സൂര്യപ്രകാശത്താൽ പ്രകാശിക്കുന്ന ചന്ദ്രനെപ്പോലെ അവരുടെ മുഖം പ്രശോഭിക്കുന്നു.

മൂസാനബി(അ) ദൈവവുമായുള്ള അഭിമുഖീകരണത്തിൽ അദ്ദേഹത്തിന്റെ മുഖം പ്രകാശത്താൽ വിളങ്ങിയതായി ബൈബിൾ പഴയ നിയമം പറയുന്നു:

***'മോശെ സീനായ് പർവതത്തിൽ നിന്നും സാക്ഷ്യപ്പലകകളും കയ്യിലേന്തി ഇറങ്ങിവന്നു. ദൈവവുമായി സംസാരിക്കുന്നതിനാൽ തന്റെ മുഖചർമ്മം പ്രഭാപൂരിതമായിരിക്കുന്നു എന്ന് മലമുകളിൽ നിന്നും ഇറങ്ങിവന്ന മോശെ അറിഞ്ഞിരുന്നില്ല.' (പുറപ്പാട് 34: 29)***

***'കർത്താവ് കൽപ്പിച്ചതെല്ലാം പറയുമ്പോൾ മോശെയുടെ മുഖം പ്രഭാപൂരിതമാണ് എന്ന് ഇസ്രയേൽ ജനം കണ്ടു പറഞ്ഞു.' (പുറപ്പാട് 34:35)***

***'അവിടെ അവരുടെ മുന്നിൽ അവൻ രൂപാന്തരപ്പെട്ടു. അവന്റെ മുഖം സൂര്യനെപ്പോലെ പ്രശോഭിച്ചു.' (മത്തായി 17:2)***

ബൈബിൾ പഴയ നിയമത്തിലേക്ക് തന്നെ മടങ്ങാം. 7 ാം നൂറ്റാണ്ടിൽ അറേബ്യയിൽ പ്രത്യക്ഷപ്പെട്ട റസൂൽ തിരുമേനി (സ) യെ പറ്റി ബൈബിളിൽ വ്യക്തമായ പ്രവചനമുണ്ട്. പ്രകാശപരമായ അർഥത്തിൽ അത് വിവരിക്കുന്നു.

***'നിന്റെ കാരുണ്യം അനുസ്മരിക്കേണമേ, ദൈവം തേമാനിൽ നിന്നും വന്നു. പരിശുദ്ധനായവൻ പാറാൻ പർവതത്തിൽ നിന്ന് വരുന്നു. അവന്റെ മഹത്വം ആകാശത്തെ മൂടുന്നു. ഭൂമിയിൽ അവന്നുള്ള സ്തുതി നിറയുന്നു. അവന്റെ തേജസ്സ് പ്രകാശം പോലെയാണ്. അവന്റെ കൈയ്യിൽ നിന്ന് പ്രകാശരശ്മികൾ പുറപ്പെടുന്നു. അവിടെയാണ് അവൻ തന്റെ ശക്തി മറച്ചുവെച്ചിരിക്കുന്നത്.' (ഹബക്കൂക്ക് 3: 3–4)***

റസൂൽ തിരുമേനി(സ) യുടെ പ്രകാശോജ്ജ്വലമായ അവതരണത്തിലേക്ക് നമുക്ക് നോക്കാം. ഒരു ഹദീസ് ഇപ്രകാരമാണ്.

***'റസൂൽ തിരുമേനി(സ) യുടെ മുഖം ചന്ദ്രനെപ്പോലെ വിളങ്ങി.'(തിർമിദി)***

***'റസൂൽ തിരുമേനി(സ)യെക്കാൾ മനോഹരമായി മന്ദസ്മിതം***

*പൊഴിക്കുന്ന ഒരാളേയും ഞാൻ കണ്ടിട്ടില്ല.' (അബ്ദുല്ലാ ബിൻ ഹാരിസ്)*

*'അവിടുന്ന് എല്ലാവരേയും പ്രസാദാത്മകമായും ബഹുമാന പുരസ്സരവുമാണ് അഭിമുഖീകരിച്ചത്.' (ഹുസൈനുബ്നു അലി)*

*'എല്ലായ്പ്പോഴും അവിടുന്ന് സുസ്മേര വദനനായിരുന്നു.' (ഹരീദ്ബ്നു അബ്ദുല്ലാഹ്)*

1889 ൽ സ്ഥാപിച്ച അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ സ്ഥാപകനായിരുന്ന ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) ക്രിസ്ത്യാനികളും മുസ്ലിംകളും മറ്റെല്ലാ മതസ്ഥരും കാത്തിരുന്ന വാഗ്ദത്ത മസീഹും ഇമാം മഹ്ദി(അ)യുമാണെന്ന് വാദിക്കുകയുണ്ടായി. അദ്ദേഹത്തിന് ദൈവവുമായി നിരന്തര ബന്ധമുണ്ടായിരുന്നു. ദൈവസന്നിധി പ്രാപിച്ച അദ്ദേഹത്തിന്റെ ശരീരത്തിൽ നിന്ന് ദിവ്യതേജസ്സ് പ്രസരിച്ചു കൊണ്ടിരുന്നു. നമ്മെ ചലനം കൊള്ളിക്കുന്ന അദ്ദേഹത്തിന്റെ പ്രചോദനാത്മകമായ ഒരു പ്രാർഥനയിതാ.

ഓ, എന്റെ ദൈവമേ എന്റെ ഹൃദയത്തിലും കാതുകളിലും പ്രകാശം വ്യാപിപ്പിക്കേണമേ. എന്റെ നയനങ്ങളിലും കാതുകളിലും നാവിലും പ്രകാശം പരത്തേണമേ. എന്റെ വലവും ഇടവും പ്രകാശം നിറക്കേണമേ. എന്റെ മുകളിലും താഴെയും പ്രകാശം പരത്തേണമേ. നിന്റെ പ്രകാശത്താൽ ഞാൻ വലയിതനാകേണമേ.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ന്റെ പുത്രൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) എഴുതുന്നു:

*'മുൻശി സാഹിബ് എന്നറിയപ്പെട്ട അദ്ദേഹത്തിന്റെ ഒരു ശിഷ്യനോട് താങ്കൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ ആകൃഷ്ടനാകാൻ കാരണമെന്തെന്ന് ചോദിക്കുകയുണ്ടായി. അദ്ദേഹത്തിൽ നിന്നുള്ള മറുപടി ഇപ്രകാരമായിരുന്നു.'*

*മിർസാഗുലാം അഹ്മദ് (അ) സാഹിബിനെ അദ്ദേഹത്തിന്റെ വാദത്തിന് മുമ്പ് തന്നെ എനിക്ക് അറിയാമായിരുന്നു. അത്രയും പരിശുദ്ധവും അത്രയും ആത്മീയ പ്രകാശത്താൽ പ്രോജ്ജ്വലവുമായ മറ്റൊരു മുഖം ഞാൻ എന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. ആ പ്രകാശവും കാന്തശക്തിപോലെയുള്ള മാസ്മരികവുമായ അദ്ദേഹത്തിന്റെ വ്യക്തിത്വവുമായിരുന്നു അദ്ദേഹത്തിന്റെ വാദത്തിലേക്ക് എനിക്കുള്ള തെളിവുകൾ. ഞങ്ങൾ ആ വദന ദർശനത്തിന് ഉള്ള അവസരം ലഭിക്കാൻ ഊഴം കാത്തിരുന്നു.*

ഹദ്റത്ത് ഭായി അബ്ദുറഹ്മാൻ സാഹിബ് (റ) ഹ്ദത്ത് അഹ്മദ് (അ)ന്റെ മറ്റൊരു ശിഷ്യനായിരുന്നു. ഹദ്റത്ത് അഹ്മദ്(അ) ന്റെ ജീവിതത്തിന്റെ അവസാന ഘട്ടത്തിലെ മുഖഭാവത്തെ പറ്റി അദ്ദേഹം വിവരിക്കുന്നു.

അദ്ദേഹത്തിന്റെ മുഖത്ത് ഒരു പ്രത്യേക രീതിയിലുള്ള പ്രഭയായിരുന്നു ഉണ്ടായിരുന്നത്. അവാച്യമായ ശാന്തിയുടെയും ആനന്ദത്തിന്റെയും ഒരു തരത്തിലുള്ള ആത്മീയ പ്രകാശത്തിന്റേയും ആന്തരീയമായ പ്രതിഫലനം അദ്ദേഹത്തിന്റെ മുഖത്തെ പ്ര്കാശമാനമാക്കിയിരുന്നു.

ഭക്തി നിർഭരമായ പ്രാർഥനയാലും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനുള്ള കഠിന പ്രയത്നം കൊണ്ടും ഭക്തദാസന്മാരുടെ മുഖങ്ങളിൽ ഒരു പ്രത്യേക അടയാളമുണ്ടായിരിക്കുമെന്ന് അല്ലാഹു ഖുർആനിൽ പറയുന്നു.

നമിക്കുന്നവരും സാഷ്ടാംഗം പ്രണമിക്കുന്നവരുമായി നിനക്കവരെക്കാണാം. അവർ അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹങ്ങളും പ്രീതിയും അന്വേഷിച്ചുകൊണ്ടിരിക്കുന്നു. സാഷ്ടാംഗ പ്രണാമത്തിന്റെ ഫലമായി അവരുടെ മുഖങ്ങളിൽ അവയുടെ ലക്ഷണങ്ങളുണ്ട്. (48:30) ഇവിടെ പറഞ്ഞ മുഖങ്ങളിലെ ലക്ഷണം ആത്മീയ പ്രകാശമാണ്. സാഷ്ടാംഗ പ്രണാമത്താൽ ചിലരുടെ നെറ്റിയിൽ ഉണ്ടാവുന്ന അടയാളത്തെപറ്റിയല്ല ഖുർആൻ വിവരിച്ച ഈ മുഖലക്ഷണം സാത്വികമായ ജീവിതവും ഭക്തി നിർഭയമായ പ്രാർഥനയാലും ഉണ്ടാവുന്നതാണ്. യാന്ത്രികമായി സാഷ്ടാംഗം പ്രണമിക്കുന്നവരുടെ നെറ്റിയിൽ അത്തരത്തിലുള്ള അടയാളമുമുണ്ടാവാൻ പ്രയാസമില്ല പക്ഷേ അത് സാത്വിക വിശുദ്ധിയുടെ അടയാളമാകുന്നില്ല. ഹദ്റത്ത് അഹ്മദ് (അ) ഭക്ത ദാസന്മാരുടെ മുഖത്ത് പ്രതിഫലിക്കുന്ന ഈ ആത്മീയ പ്രകാശത്തിന്റെ യാഥാർഥ്യത്തിലേക്ക് വിരൽ ചൂണ്ടുന്നത് കാണുക.

*'ഹൃദയ പരിശുദ്ധിയുള്ള ഒരാൾക്ക് മുഅ്ജിസത്തിന്റെ (ദിവ്യാത്ഭുതം) ധാരാളം തെളിവുകൾ ആവശ്യമില്ല. അവർക്ക് ഒരടയാളം മാത്രം മതി. സത്യത്തിലേക്ക് ആകൃഷ്ടരാകുവാൻ'(ബറാഹീനെ അഹ്മദിയ്യാ)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) ദിവംഗതനായപ്പോൾ 'ഈസ്റ്റ് ആഫ്രിക്കൻ ടൈംസ്' എന്ന പത്രം ഇങ്ങനെ എഴുതി.

*'ദൈവം അദ്ദേഹത്തിന് സമ്പൽ സമൃദ്ധിയും സ്വാധീനവും നൽകിയിരുന്നു. പക്ഷേ അദ്ദേഹം വളരെ ലളിതവും സാത്വികവുമായ ജീവിതമാണ് നയിച്ചിരുന്നത്. അദ്ദേഹം എല്ലാവർക്കും പ്രാപ്യനായിരുന്നു. എല്ലാവരും അദ്ദേഹത്തെ അഗാധമായി സ്നേഹിച്ചു. എല്ലാവരും ആദരിച്ചു. ദീർഘകായനായിരുന്ന അദ്ദേഹം ഉത്സാഹിയായ ഒരു വ്യക്തിത്വമായിരുന്നു. എല്ലാവരോടും സ്നേഹത്തോടും അനുകമ്പയോടും കൂടിയായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റം. തന്റെ പിതാവിനെപ്പോലെ (വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) വളരെ പ്രതാപത്തോടെയായിരുന്നു അദ്ദേഹം തന്റെ ചുവടുകൾ*

ശേഷം പേജ് 20ൽ

# ഏകദൈവ വിശ്വാസവും സാർവജനീന മാനവ ഐക്യവും

മനുഷ്യന് ദൈവ സാമീപ്യം കരസ്ഥമാക്കാനും ലോകത്ത് ശാന്തിയും സമാധാനവും പുലരാനുമാണ് സാർവജനീനമായി പ്രവാചകന്മാരെ ദൈവം അയച്ചുകൊണ്ടിരുന്നത്. മതഗ്രന്ഥങ്ങളിൽ രേഖപ്പെട്ടുകിടക്കുന്ന ഏകദൈവ തത്ത്വങ്ങളുടെയും മാനവൈക്യത്തിന്റെയും മൂല്യങ്ങൾ കോർത്തിണക്കി ലോകത്ത് വീണ്ടും മനുഷ്യരാശിക്ക് ഐക്യപ്പെടാനും വിശ്വ സമാധാനം സ്ഥാപിക്കാനും ആത്മീയവും ധാർമികവുമായ പുരോഗതി സംജാതമാക്കാനും സാധിക്കും. ആ വഴിക്കുള്ള അഹമദിയ്യാ ജമാഅത്തിന്റെ ശ്രമം ആഗോളതലത്തിൽ പുരോഗമിക്കുകയാണ്.

## മുഹമ്മദ് ഉമർ, കോഴിക്കോട്

പ്രക്ഷുബ്ദവും സംഘർഷാത്മകവുമായ ഒരു കാലഘട്ടത്തിലൂടെയാണ് ലോകം നടന്നു നീങ്ങുന്നത്. യുദ്ധഭീഷണികളും യുദ്ധഭേരിയും നാലുഭാഗത്തു നിന്നും മുഴങ്ങുകയാണ്. ആസന്നമായ സമൂലനാശത്തിന്റെ ഒരു മൂന്നാം ലോക മഹായുദ്ധം സമീപസ്ഥമാകുകയാണോ എന്ന ഭീതിയാണ് ലോകസംഭവങ്ങളെ നിരീക്ഷിക്കുന്ന ഏതൊരാൾക്കും ബോദ്ധ്യമാവുക. പാകിസ്താൻ, അഫ്ഗാനിസ്ഥാൻ, ഇറാൻ, ഇറാഖ്, ഫലസ്തീൻ, സൗദി അറേബ്യ, ഗൾഫ് നാടുകൾ എന്നീ ഏഷ്യൻ മുസ്‌ലിം രാജ്യങ്ങളിൽ മാത്രമല്ല. യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും മറ്റു ഏഷ്യൻ രാജ്യങ്ങളിലും ആഫ്രിക്കൻ ഭൂഖണ്ഡത്തിലും വൻശക്തികൾ തമ്മിലും ഈ സംഘർഷം പടരുകയാണ്. രണ്ടാം ലോക മഹായുദ്ധം മൂലം ലോകത്തിന് അനുഭവിക്കേണ്ടി വന്ന കെടുതികളുടെ എത്രയോ ഇരട്ടി നാശങ്ങൾ വരുത്തിവെക്കാവുന്ന ന്യൂക്ലിയർ ആയുധങ്ങളുമായാണ് ലോകം യുദ്ധ സംഘർഷങ്ങളിലേക്ക് നീങ്ങുന്നത് എന്നത് ആസന്നമായ ഈ ഭീഷണിയെ ശതഗുണീഭവിപ്പിക്കുകയാണ്. ഈ അവസ്ഥക്ക് ഒരു കാരണം മനുഷ്യൻ ഈ ലോകത്ത് ചെയ്യുന്ന അക്രമണങ്ങൾക്കും അത്യാചാരങ്ങൾക്കും ഹിംസകൾക്കും മരണ ശേഷം ഉണ്ടാവുന്ന ദൈവികമായ ശിക്ഷാ രക്ഷകളെ സംബന്ധിച്ചുള്ള വിശ്വാസമില്ലായ്മയാണ്.

ദൈവത്തിലുള്ള ഉറച്ച വിശ്വാസത്തിന്റേയും ഭയഭക്തിയുടെയും ദൈവവുമായുള്ള ബന്ധത്തിന്റെയും അഭാവം കാരണം ഇത്തരം ഭീകരമായ ഒരു ദുരവസ്ഥ വരുമ്പോഴാണ് ദൈവം ഒരു പരിഷ്കർത്താവിനെ അയക്കുന്നത്. ഈ കാലത്ത് ഹദ്റത്ത് നബി(സ) യുടെ വാഗ്ദത്തം അനുസരിച്ച് വാഗ്ദത്ത മഹ്ദിയും മസീഹുമായി ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) നിയുക്തനായി. അദ്ദേഹം ഇപ്രകാരം അരുൾ ചെയ്തു

***'അവൻ എന്നെ ഇക്കാലത്തേക്ക് വാഗ്ദത്ത മസീഹായി അയച്ചു. അവനല്ലാതെ ഒരു ദൈവവുമില്ല. ആകാശത്തിലുമില്ല. ഭൂമിയിലുമില്ല. അവനെ വിശ്വസിക്കാത്തവൻ ഭാഗ്യഹീനനും നിസ്സഹായനുമാണ്. ....***

***സർവശക്തനായ ഒരു***

*ദൈവം ഉണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലാത്തവൻ എത്രമാത്രം നിർഭാഗ്യവാനാണ്. നമ്മുടെ സ്വർഗം നമ്മുടെ ദൈവമത്രെ. നമ്മുടെ ഉന്നതമായ ആത്മാനുഭൂതി നമ്മുടെ ദൈവത്തിലാവുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ അവനെ കണ്ടെത്തിയിരിക്കുന്നു. എല്ലാ സൗന്ദര്യങ്ങളും അവനിൽ കണ്ടെത്തിയിരിക്കുന്നു. ജീവൻ നഷ്ടപ്പെട്ടാലും സ്വന്തമാക്കേണ്ട സ്വത്താണ് അവൻ. ജീവനും സർവസ്വവും നഷ്ടപ്പെട്ടാലും മാത്രമേ ലഭ്യമാവൂ എന്ന് വന്നാലും വിലകൊടുത്ത് വാങ്ങേണ്ട രത്നമാവുന്നു അത്.*

*അല്ലയോ ഹതഭാഗ്യരേ ഈ നീർധാരയിലേക്ക് ഓടി വരുവിൻ അത് നിങ്ങളെ വയർ നിറയെ കുടിപ്പിക്കും. നിങ്ങളെ രക്ഷിക്കുന്ന ജീവസ്രോതസ്സാണത്.*

*ഞാൻ എന്തുചെയ്യാനാണ്? ഈ സന്തോഷവാർത്ത ഹൃദയങ്ങളിൽ കുടിയിരുത്താൻ ഞാൻ എന്താണ് ചെയ്യേണ്ടത്? ഇതാ നിങ്ങളുടെ ദൈവം എന്ന് ഏത് ചെണ്ടകൊട്ടിയാണ് ഞാൻ വിളംബരം ചെയ്യേണ്ടത്! ലോകം കേൾക്കുമാറാകാൻ, ലോകരുടെ കാത് കേൾപ്പിക്കുവാൻ ഏത് ഔഷധം കൊണ്ടാണ് ഞാൻ ചികിത്സിക്കേണ്ടത്! നിങ്ങൾ ദൈവത്തിന്റേതായി തീരുമെങ്കിൽ ദൈവം നിങ്ങളുടെത് തന്നെയാണ്. നിങ്ങൾ ഉറങ്ങുമ്പോൾ നിങ്ങൾക്ക് വേണ്ടി അവൻ ഉണർന്നിരിക്കും. നിങ്ങൾ ശത്രുവിനെ കുറിച്ച് അശ്രദ്ധനാവുമ്പോൾ അവൻ ശത്രുവിനെ നോക്കിപ്പാർക്കും. നിങ്ങളുടെ ശത്രുവിന്റെ ആസൂത്രണങ്ങളെ അവൻ തകർത്തുകളയും .........അല്ലയോ ദൈവാന്വേഷികളെ! ചെവി തുറന്ന് കേൾക്കുവീൻ. യഖീൻ അഥവാ ദൈവവിശ്വാസം പോലെ മറ്റൊന്നും ഇല്ല. ദൈവത്തിലുള്ള പൊതുവിശ്വാസം ഒന്ന് മാത്രമാണ് പാപങ്ങളിൽ നിന്ന് മുക്തി നൽകുന്നത്. ദൈവത്തിലുള്ള ദൃഢവിശ്വാസം ഒന്ന് മാത്രമാണ് പാപങ്ങളിൽ നിന്ന് മുക്തി നൽകിയത്. സത്കർമങ്ങൾ ചെയ്യാനുള്ള ശക്തിപകരുന്നതും ദൃഢ വിശ്വാസം തന്നെയാണ്. ദൈവത്തിന്റെ പ്രേമിയും സത്യസന്ധനും ആക്കി തീർക്കുന്നതും ദൃഢവിശ്വാസം തന്നെയാണ്. ദൈവത്തിലുള്ള ദൃഢവിശ്വാസം കൂടാതെ നിങ്ങൾക്ക് പാപം ഉപേക്ഷിക്കാൻ പറ്റുമോ? സംശയരഹിതമായ വെളിച്ചമില്ലാതെ ഇന്ദ്രിയാശകളിൽ നിന്ന് വിട്ടുനിൽക്കാൻ പറ്റുമോ? ദൃഢവിശ്വാസമില്ലാതെ എന്തെങ്കിലും സമാധാനം നിങ്ങൾക്ക് പ്രാപിക്കാൻ കഴിയുമോ? ദൃഢ വിശ്വാസമില്ലാതെ യഥാർഥമായ സന്തോഷം നിങ്ങൾക്ക് കൈവരിക്കാൻ സാധിക്കുമോ? (നമ്മുടെ അദ്ധ്യാപനങ്ങൾ - ഹദ്റത്ത് അഹ്മദ് (അ)*

വിശുദ്ധ ഖുർആനിലേയും ഇതര മതഗ്രന്ഥങ്ങളിലെ അദ്ധ്യാപനങ്ങളെക്കുറിച്ചും നിഷ്പക്ഷമായ രീതിയിൽ അപഗ്രഥനം ചെയ്യുകയാണെങ്കിൽ സകല മതങ്ങളുടെയും അസ്ഥി വാരം ദൃഢമായ ഏകദൈവ വിശ്വാസത്തിൽ അധിഷ്ഠിതമാണെന്ന് കാണാവുന്നതാണ്. ഇവിടെ ക്രൈസ്ത ഹൈന്ദവ ഇസ്ലാമിക ഗ്രന്ഥങ്ങളുടെ ഏകദൈവ വിശ്വാസത്തെ പറ്റിയുള്ള ചില അദ്ധ്യാപനങ്ങളെക്കുറിച്ച് വിവരിക്കുകയാണ്.

ക്രൈസ്ത വേദഗ്രന്ഥമായ ബൈബിളിന്റെ പഴയനിയമവും പുതിയ നിയമവും പാരായണം ചെയ്യുകയാണെങ്കിൽ ക്രൈസ്തവ വിശ്വസത്തിന്റെ അടിത്തറ ഏകദൈവ വിശ്വാസത്തിൽ പണിതതാണെന്ന് കാണാവുന്നതാണ്. പഴയനിയമം പറയുന്നത് നോക്കുക

*'ഇസ്റായേലേ കേൾക്കുക. യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ ഏകൻ തന്നെ. നിന്റെ ദൈവമായ യഹോവയെ നീ പൂർണ മനസ്സോടും പൂർണ ശക്തിയോടെയും സ്നേഹിക്കണം' (ആവർത്തനം 6:4-5).* ബൈബിൾ വീണ്ടും പറയുന്നു *'യഹോവ തന്നെ ദൈവം. അവനല്ലാതെ മറ്റ് ദൈവമില്ല എന്ന് നീ അറിയേണ്ടത് തന്നെ. അവൻ നിനക്ക് ബുദ്ധിയുപദേശിക്കേണ്ടതിന് ആകാശത്ത് നിന്ന് നിന്റെ ശബ്ദം നിന്നെ കേൾപ്പിച്ചു. .........ആകയാൽ മീതെ സ്വർഗത്തിലും താഴെ ഭൂമിയിലും യഹോവ തന്നെ ദൈവം. മറ്റൊരുത്തനും ഇല്ല എന്ന് നീ ഇന്ന് അറിഞ്ഞ് മനസ്സിലാക്കിവെച്ചുകൊൾക' (ആവ: 4: 35-39)* വീണ്ടും പറയുന്നു *'കർത്താവായ യഹോവയേ നീ വലിയവനാകുന്നു (അല്ലാഹു അക്ബർ) നിന്നെ പോലെ ഒരുത്തനും ഇല്ല. (ലംയകുനല്ലാഹു കുഫുവൻ അഹദ് - വിശുദ്ധ ഖുർആൻ) ഞങ്ങൾ സ്വന്തം ചെവികൊണ്ട് കേട്ടതൊക്കെയും ഓർത്താൽ നീയല്ലാതെ ഒരു ദൈവവും ഇല്ല.' (2 ശമുവേൽ 7: 22) ബൈബിൾ വീണ്ടും പറയുന്നു: 'ഇസ്രായേലിന്റെ ദൈവമായ യഹോവയല്ലാതെ നിന്റെ മീതെ സ്വർഗത്തിലും താഴെ ഭൂമിയിലും യാതൊരു ദൈവവുമില്ല. (1 രാജാക്കന്മാർ 8:23) ഇസ്റായേലിന്റെ ദൈവമായ യഹോവയായ ദൈവം വാഴ്ത്തപ്പെടുമാറാകട്ടെ, ഭൂമി മുഴുവൻ അവന്റെ മഹത്വം കൊണ്ട് നിറയുമാറാകട്ടെ. (ആമീൻ)' (ആവർത്തനം :72:18)*

ഇനി പുതിയ നിയമത്തിലെ അദ്ധ്യാപനം എന്താണെന്ന് നോക്കുക. *'ഏകസത്യ ദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവേയും അറിയുന്നത്തന്നെ നിത്യജീവനാകുന്നു.' (യോഹന്നാൻ 17:3)*

*'ലോകത്തിൽ വിഗ്രഹങ്ങൾ ഏതുമില്ല എന്നും ഏകദൈവമല്ലാതെ ദൈവമില്ല എന്നും നാം അറിയുന്നു. പല ദേവന്മാരും പല കർത്താക്കന്മാരും ഉണ്ട് എന്ന് പറയുന്നുവല്ലോ എന്നാൽ ആകാശത്തിലോ ഭൂമിയിലോ ദേവന്മാർ എന്ന് പേരുള്ളവർ ഉണ്ട് എന്ന് പറഞ്ഞുവല്ലോ. എന്നാൽ ആകാശത്തിലോ ഭൂമിയിലോ ദേവന്മാർ എന്ന് പേരുള്ളവർ ഉണ്ടെന്ന്*

*വരികിലും പിതാവായ ഏകദൈവ മെ നമുക്കുള്ളു. അവൻ സകല ത്തിനും കാരണഭൂതനും നാം അവനായി ജീവിക്കേണ്ടതും ആകു ന്നു.' (1. കൊരിന്ത്യ 8: 4-6) 'ലോകവും അതിലുള്ള ഒക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗത്തിനും ഭൂമിക്കും നാഥനാക കൊണ്ട് കൈപ്പണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യുന്നില്ല. താൻ എല്ലാവർക്കും ജീവനും സകല വും കൊടുക്കുന്നവൻ ആകയാൽ വല്ലതിന്നും മുട്ടുള്ളവൻ എന്നപോ ലെ മാനുഷ കൈകളാൽ ശുശ്രൂഷ ആവശ്യപ്പെടുന്നില്ല.' (അപ്പോ: പ്രവർത്തികൾ-17: 24)*

*'ജ്ഞാനികൾ എന്ന് പറഞ്ഞു കൊണ്ട് അവർ മൂഢരായിപ്പോയി അക്ഷയനായ ദൈവത്തിന്റെ തേജ സ്സിനെ അവർ ക്ഷയയുള്ള മനുഷ്യ ൻ, പക്ഷി, നാൽക്കാലി ഇഴജന്തു, ജാതി എന്നിവയുടെ രൂപസാദൃശ്യ മുള്ളതാക്കി മാറ്റിക്കളഞ്ഞു.' (റോമർ 1: 21-22) 'ഗുരോ ന്യായ പ്രമാണത്തിൽ ഏത് കൽപ്പന വലിയത് എന്ന് ചോദിച്ചു. യേശു അവനോട് നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ ഹൃദയ ത്തോടും കൂടെ സ്നേഹിക്കണം. ഇതാണ് വലിയതും ഒന്നാമത്തേതു മായ കൽപ്പന.'(മത്തായി 22: 36, 37)* പുതിയ നിയമം തുടരുന്നു: 'ചുരുക്കത്തിൽ ബൈബിൾ പഴയ നിയമത്തിലേയും പുതിയ നിയമ ത്തിലേയും അദ്ധ്യാപനങ്ങളിൽ നിന്നും ക്രിസ്തു മതത്തിന്റെ അടിസ്ഥാന സിദ്ധാന്തം ഏകത്വമാ ണെന്ന് മനസ്സിലാക്കാം.'

ഇനി ഹൈന്ദവ മതഗ്രന്ഥങ്ങ ൾ എന്താണ് പറയുന്നതെന്ന് നോക്കാം

ഹദ്റത്ത് ശ്രീകൃഷ്ണൻ ഏകദൈവത്തിന്റെ അദ്ധ്യാപനങ്ങ ളാണ് നൽകിയിരുന്നതെന്ന് അദ്ദേഹ ത്തിന്റെ ഗീതോപദേശങ്ങളിൽ നിന്നും മനസ്സിലാക്കാം.

ഭഗവദ് ഗീതയിൽ ശ്രീകൃഷ് ണൻ അർജുനനോട് ഉപദേശിക്കു കയാണ്

*'ഹേ അർജ്ജുന! യന്ത്രപ്പാവ കളെപ്പോലെ സകല സൃഷ്ടി വർഗങ്ങളേയും മായകൊണ്ട് ഭ്രമി പ്പിക്കുന്നവനായ (കർമം ചെയ്യിക്കു ന്നവനായ) ഈശ്വരൻ എല്ലാസൃഷ് ടികളുടേയും ഹൃദയത്തിൽ സ്ഥിതി ചെയ്യുന്നു) ഹേ, ഭരതാ എല്ലാ ഭാവം കൊണ്ടും അവനെ ശരണമാക്കി (രക്ഷാസ്ഥാനമാക്കി) നീ പ്രാപിച്ചാ ലും. അവന്റെ പ്രസാദം കൊണ്ട് ഉൽകൃഷ്ടമായ ശാന്തിയേയും നിത്യമായ പരമ പദത്തേയും നീ പ്രാപിക്ക.'(ഭഗവദ് ഗീത-18: 61, 62)*

അതേ ഏകദൈവമായ സർവേശ്വരന്റെ തൃപ്പാദങ്ങളിൽ ശരണം പ്രാപിക്കുന്നവന് നിത്യ ശാന്തിയും മോക്ഷവും ലഭ്യമാകു ന്നതാണെന്ന് ആ പുണ്യാത്മാവ് അരുൾ ചെയ്യുന്നു.

ആ സത്യേക ദൈവത്തിന്റെ ഗുണങ്ങളെ ശ്രീകൃഷ്ണൻ ഇപ്രകാ രം പ്രകീർത്തിക്കുന്നു.

*'ഗതി ഭർത്താപ്രഭു- സാക്ഷി നിവാസ ശരണ സുഹൃദ*

*പ്രഭവ പ്രളയ സ്ഥാനം നിധാനം ബീജമവ്യയും'*

അതായത് *'അവൻ പ്രാപ്യ സ്ഥനും ഭരിക്കുന്നവനും എല്ലാം നടത്തുന്നവനും എല്ലാം അറിയു ന്നവനും സകലത്തിന്റെയും ഇരി പ്പിടവും പരമാശ്രയവും ഹിതകാരി യും സൃഷ്ടി കർത്താവും സംഹാര കനും ആധാരവും നിക്ഷേപവും നാശമില്ലാത്ത ബീജവും തന്നെയാ ണ്.' (ഭഗവത് ഗീത 9:18)*

ക്ഷേത്രങ്ങളിൽ നിന്നും മന്ദിര ങ്ങളിൽ നിന്നും സാധാരണയായി ധാരാളം കേൾക്കാൻ കഴിയുന്ന ഒരു മന്ത്രോച്ചാരണമുണ്ട്

*ഓം ഗുരൂർ ബ്രഹ്മ ഗുരുർവിഷ്ണു*

*ഗുരുദേവാ മഹേശ്വര*

*ഗുരു സാക്ഷാൽ പരബ്രഹ്മം*

*തസ്മൈ ഗുരുവേ നമ:*

അതായത് ബ്രഹ്മാവും വിഷ്ണുവും മഹേശ്വരനും ആത്മീ യ ഗുരുക്കളാണ്. എന്നാൽ യഥാർഥ ത്തിലുള്ള നമ്മുടെ സാക്ഷാൽ യജമാനനും ഗുരുവും പരബ്രഹ്മ വുമായ പരമേശ്വരനാണ്. ആ ഏക ദൈവത്തിന്റെ തിരു സമക്ഷത്തി ങ്കൽ ഞാനിതാ നമ്രശിരസ്ക്കനായി പ്രണമിക്കുന്നു.

ആ ഏക ദൈവത്തിന്റെ നാമങ്ങൾ അസംഖ്യമാണെങ്കിലും അവൻ ഏകനാണെന്നും ഒരു സത്തയുടവനാണ് - ***ഏകം സദ് വിപ്രാ ബഹുധാ വദന്തി*** അവന്റെ സത്ത ഒന്നാണെങ്കിലും വിവിധ നാമങ്ങളിൽ അവൻ വിളിക്കപ്പെടു ന്നു.

വിശുദ്ധ ഖുർആൻ ഇപ്രകാ രം അരുൾ ചെയ്യുന്നു.

***'വലഹുൽ അസ്മാൽ ഹുസ്നാ' (സൂറ ഹശർ)*** അവന് സുന്ദരങ്ങളാ യ നാമങ്ങൾ ഉണ്ട്.

ശ്രീകൃണനും ശ്രീരാമനും ദൈവത്തിന്റെ വരിഷ്ഠദാസന്മാരും ആർഷ ഭാരതത്തെ ധാർമികാപച യത്തിൽ നിന്ന് മോചിപ്പിക്കുവാൻ ദൈവത്താൽ നിയുക്തരായ സത്യ പ്രവാചകന്മാരും ആയിരുന്നു.

എന്നാൽ പിലക്കാലത്ത് ഇവരെ തന്നെ അനുയായികൾ ദൈവമായി പൂജിക്കാൻ തുടങ്ങുക യാണുണ്ടായത്. ഈ രണ്ടു മഹാ ത്മാക്കളും തങ്ങൾ ദൈവമാണെ ന്നോ തങ്ങളുടെ പ്രതിഷ്ഠകൾ സ്ഥാപിക്കണമെന്നോ പഠിപ്പിക്കണ മെന്നോ പറഞ്ഞിട്ടില്ല. മറിച്ച് തങ്ങൾ മനുഷ്യർ മാത്രമാണ് എന്നാണ് അവർ പഠിപ്പിച്ചിരുന്നത്. ദൈവ കൽപ്പനയനുസരിച്ച് ഹദ്റത്ത് മുഹമ്മദ് നബി (സ) യും താനൊരു മനുഷ്യൻ മാത്രമാണെന്ന് പറയുക യുണ്ടായി. ഇതേ പ്രകാരം തന്നെ ശ്രീകൃഷ്ണനും ശ്രീരാമനും ശ്രീയേശുവും ദൈവത്തിന്റെ വരിഷ്ഠ ദാസന്മാരായ മനുഷ്യരായി രുന്നു. ശ്രീരാമൻ ഇപ്രകാരം പറയുന്നു.

***'ആത്മാ നാം മാനുഷം***

***മന്യേ രാമം ദശരഥാത്മജ,' (യുദ്ധകാണ്ഡം 117:1)***

ദശരഥ പുത്രനായ ഒരു മനുഷ്യനാണെന്നല്ലാതെ ഞാൻ എന്നെ കരുതുന്നില്ല ഹദ്‌റത്ത് വാഗ്ദത്ത മഹ്ദീ മസീഹ്(അ) സർവമതങ്ങളേയും സത്യപ്പെടുത്തിക്കൊണ്ട് ഇപ്രകാരം അരുൾ ചെയ്യുന്നു:

***'ഇസ്‌ലാമിന് മുമ്പുള്ള മതങ്ങളെല്ലാം വ്യാജ സൃഷ്ടികളാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല സർവ ജാതി മതസ്ഥാപകരായ മനുഷ്യരാശിയുടെയും ഒരേയൊരു ദൈവമായ സർവാധിനായകൻ സകലരുടേയും പാലകനും എല്ലാ വിഭാഗക്കാർക്കും അവരവരുടെ ഭൗതികവും ആത്മീയവുമായ ആവശ്യങ്ങൾ നിർവഹിക്കാനുള്ള സാമഗ്രികൾ സംഭരിച്ചു കൊടുക്കുന്നവനുമാണെന്നത്രെ ഞാൻ വിശ്വസിക്കുന്നത്. ലോകാരംഭം തൊട്ട് അവൻ തന്റെ ആത്മീയമായ അവശ്യങ്ങൾ നിർവഹിക്കാനുള്ള സാമഗ്രികൾ സംഭരിച്ചു കൊടുക്കുന്നവനുമാണെന്നത്രെ ഞാൻ വിശ്വസിക്കുന്നത്. ലോകാരംഭം തൊട്ട് അവൻ തന്റെ ആത്മീയമായ പാരിതോഷികങ്ങളും വരപ്രസാദങ്ങളും ഒരേ ജാതിക്കാർക്കല്ലാതെ മറ്റാർക്കും നൽകിയിട്ടില്ല എന്ന് പറയുന്നത് വാസ്തവമല്ല.***

***ഈ അനുഗ്രഹങ്ങൾ തവണ തവണയായി എല്ലാ ജാതിക്കാർക്കും നൽകപ്പെട്ടിട്ടുണ്ട് എന്നതാണ് വാസ്തവം. ഇത് ആരെയും തൃപ്തിപ്പെടുത്താനോ സന്തോഷിപ്പിക്കാനോ പറയുന്നതല്ല. ശ്രീരാമനും ശ്രീകൃഷ്ണനും ദൈവത്തിന്റെ വരിഷ്ഠ സത്യ ദാസന്മാരും അവനുമായി ദൃഢബന്ധം പുലർത്തിയിട്ടുള്ളവരും ആണെന്ന് എനിക്ക് അവൻ വെളിപ്പെടുത്തിതന്നിരിക്കുന്നു.' (റിവ്യൂ ഓഫ് റിലീജ്യൻസ്-1904 ഒക്ടോബർ ലക്കം ഭാഗം 374)***

ഇതേ പ്രകാരം ഹദ്‌റത്ത് ശ്രീകൃഷ്ണനെ കുറിച്ച് നബി കരീം (സ) അരുൾ ചെയ്യുകയുണ്ടയി: ***'കാനഫിൽ ഹിന്ദി നബിയ്യുൻ അസ്‌വദുലൗനി ഇസ്മുഹു കാഹിൻ'*** കാഹിന (കണ്ണൻ) എന്ന് പേരുള്ള കാർവർണനായ ഒരു നബി ഇന്ത്യയിൽ ഉണ്ടായിരുന്നു.. ഈ പ്രവാചകന്മാർ എല്ലാവരും തന്നെ ലോകത്ത് ശാന്തിയും സമാധാനവും സ്ഥാപിക്കുന്നതിനായിട്ട് അവതീർണരായവരായിരുന്നു.

ഒരു ഏക ദൈവ വിശ്വാസിക്ക് തന്റെ സ്രഷ്ടാവും പരിപാലകനുമായ ദൈവവുമായി ബന്ധപ്പെടുന്നതിന് സുദൃഢമായ ഏകദൈവ വിശ്വാസം അനിവാര്യമാണ്

ഇസ്‌ലാമികാദ്ധ്യാപനങ്ങളിൽ ദൈവത്തിന്റെ പരിശുദ്ധവും പരിപൂർണവുമായ ഏകത്വത്തെ കുറിച്ച് വിശദമായും വ്യക്തമായും പ്രതിപാദിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ ഏകത്വത്തെ പ്രകീർത്തിച്ചുകൊണ്ട് ഖുർആൻ പറയുന്നു:

നീ മുഴുലോകത്തും പ്രഖ്യാപിക്കുക, ദൈവത്തിന്റെ മഹത്വപൂർണമായ സത്ത ഏകമാണ്. അവൻ ആരുടെയും ആശ്രിതനല്ല. എന്നാൽ സകല ലോകവും അവന്റെ ആശ്രയത്വത്തിലാണ് ഉള്ളത്. അവൻ ജാതനുമല്ല ജനകനുമല്ല. അവൻ അതുല്യനത്രെ.(സൂറ: ഇഖ്‌ലാസ്)

മറ്റൊരിടത്ത് അല്ലാഹു ഖുർആനിൽ പറയുന്നു: നിങ്ങൾ നിങ്ങളുടെ പിതാക്കന്മാരെ ഒരു വേള അതിനേക്കാൾ ഉറച്ച രീതിയിൽ അല്ലാഹുവിനെ സ്മരിക്കുക. അഭിമാനിയായ ഒരാളും തന്നെ തന്റെ പിതാവ് ഒന്നിലധികമാണെന്ന് പറയാതിരിക്കുന്നത് പോലെ ഒരു വേള അതിനേക്കാൾ ഉറച്ച രീതിയിൽ അല്ലാഹുവിനെ സ്മരിക്കുക. അഭിമാനിയായ ഒരാളും തന്നെ തന്റെ പിതാവ് ഒന്നിലധികമാണെന്ന് പറയാൻ ഇഷ്ടപ്പെടുന്നില്ല അത് പ്രകാരം മനുഷ്യന്റെ ആത്മാഭിമാനത്തെ തൊട്ടുണർത്തിക്കൊണ്ട് നിങ്ങൾ എപ്രകാരം ഒരു പിതാവ് ഒരേ ഒരാളാണെ ന്നതിൽ അഭിമാനം കൊള്ളുന്നുവോ അപ്രകാരം തന്നെ നിങ്ങളുടെ സ്രഷ്ടാവും പരിപാലകനുമായമായ ദൈവം ഏകനാണെന്നും അഭിമാനപൂർവം വിശ്വസിക്കണമെന്ന് വിശുദ്ധ ഖുർആൻ കൽപ്പിക്കുന്നു. ദൈവത്തിന്റെ ഒരു ദിവ്യനാമം 'അസ്സലാം' എന്നാണ്. അതായത് സമാധാന ദായകൻ.

അല്ലാഹു മറ്റൊരിടത്ത് പറയുന്നു: ***'വല്ലാഹു യദുഹു ഇലാദാരിസ്സലാം'*** (10:26) - അല്ലാഹു ശാന്തി നികേതനത്തിലേക്ക് നിങ്ങളെ ക്ഷണിക്കുന്നു. ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുക വഴി ലോകത്ത് സ്ഥായിയായ ശാന്തിയും സമാധാനവും സംജാതമാവുന്നു. അത്യന്തം മഹത്വപൂർണമായ ഈ തത്ത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഇസ്‌ലാം എല്ലാ മതവിഭാഗങ്ങളെയും അവരുടെ ഏകോപിച്ചുള്ള അടിസ്ഥന സിദ്ധാന്തമായ തൗഹീദിലേക്കും അതായത് ദൈവത്തിന്റെ ഏകത്വത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു: ***'നീ ഇപ്രകാരം പ്രഖ്യാപിക്കുക അല്ലയോ ഗ്രന്ഥം നൽകപ്പെട്ടവരേ നിങ്ങൾക്കും ഞങ്ങൾക്കും ഇടയിൽ ഏകോപിച്ച ഒരു അടിസ്ഥാന തത്ത്വത്തിലേക്ക് വരുവീൻ അതായത് നാം ഏകനായ ദൈവത്തെയല്ലാതെ മറ്റാരെയും ആരാധിക്കുന്നതല്ല. അവന് മറ്റാരെയും ഇണയായോ പങ്കുകാരനായോ സങ്കൽപ്പിക്കുകയും ഇല്ല.'(3:65)***

ഏകദൈവവിശ്വാസമെന്ന കേന്ദ്രബിന്ദുവുമായി മനുഷ്യകുലത്തെ ബന്ധിപ്പിക്കാനും അത് വഴി അവരെ ഒന്നിപ്പിക്കാനുമാണ് വിവിധ കാലങ്ങളിൽ പ്രവാചകന്മാർ അവതരിച്ചു കൊണ്ടിരിക്കുന്നത്. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു: ***'അല്ലാഹുവിനെ മാത്രം ആരാധിക്കുകയും എല്ലാവിധത്തിലുള്ള ശിർക്കിൽനിന്നും മറ്റുതീയ്യ കാര്യങ്ങളിൽ നിന്നും അകന്ന് നിൽക്കുകയും ചെയ്യുവീൻ എന്ന് ഉപദേശിക്കുവാനായി ഓരോ സമുദായത്തിലും പ്രവാചകന്മാരെ നിയോഗിച്ചിരിക്കുന്നു.' (16: 37)***

ലോകം ഇന്ന് അഭിമുഖീകരിച്ച് കൊണ്ടിരിക്കുന്ന ഭയാനകമായ ജാതി മതവർഗീയ രാഷ്ട്രീയ സ്പർധകളും ആക്രമണങ്ങളും ദുരീകരിക്കാനുതകുന്ന സാരോപദേശങ്ങൾ ആർഷ സംസ്ക്കാരത്തിന്റെ ഈറ്റില്ലമായ ഈ പുണ്യഭൂമിയിൽ ദൈവത്താൽ നിയുക്തനായ യുഗപുരുഷൻ ഹദ്റത്ത് അഹ്മദ് (അ) നൂറ് വർഷങ്ങൾക്ക് മുമ്പ് തന്നെ നമുക്ക് താക്കീത് നൽകുകയുണ്ടായി. ഇന്ത്യൻ ജനതയോട് ആ പുണ്യാത്മാവ് ഇപ്രകാരം പറഞ്ഞു:

***'ദൈവം എന്നെ അറിയിച്ചിരിക്കുന്നു. മനുഷ്യർ അവരുടെ ദുർവൃത്തിയിൽ നിന്ന് പിൻവാങ്ങുകയും ദുഷ്കൃത്യങ്ങളെക്കുറിച്ച് പശ്ചാത്തപിക്കുകയും ദൈവത്തോട് ക്ഷമ യാചിക്കുകയും ചെയ്യാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ ലോകത്ത് ഭയാനകമായ വിപത്തുകളും നാശങ്ങളും സംഭവിക്കും. ഒരു വിപത്ത് അവസാനിക്കുന്നതിന് മുമ്പായി മറ്റൊരു നാശം തുടർന്നുണ്ടാകുന്നതാണ്. ഒടുക്കം മനുഷ്യൻ ഈ വിപത്തുക്കളാൽ സംഭ്രമചിത്തനായി അഹോ! ഇനി എന്താണ് സംഭവിക്കുക എന്ന് ചോദിച്ചു തുടങ്ങും. അനേകം ആളുകൾ വിവിധങ്ങളായ ആപത്തുകളിൽ കുടുങ്ങി ഭ്രാന്തു പിടിക്കപ്പെട്ടവരെ പോലെ ആയിതീരും***

***ആകയാൽ അല്ലയോ നാട്ടുകാരായ സഹോദരങ്ങളെ ആ അഭിശപ്തനാളുകൾ വരുന്നതിന് മുമ്പായി നിങ്ങൾ ജാഗരൂഗരാകുവീൻ. ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ സന്ധിചെയ്യട്ടെ. ഐക്യത്തിന് തടസ്സമായിരിക്കും വിധം അന്യായം പ്രവർത്തിക്കുന്ന സമുദായം ആ അന്യായത്തെ ഉപേക്ഷിക്കട്ടെ. അല്ലാത്ത പക്ഷം അന്യോന്യം സ്പർധക്കും വൈരത്തിനും ആ സമുദായം ഉത്തരവാദിയാവുന്നതാണ്.' (പൈഗാമെ സുൽഹ്)***

ഇന്ന് അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ആത്മീയ നേതാവ് ഹദ്റത്ത് മീർസാ മസ്റൂർ അഹ്മദി (അയ്യദഹു...)ന്റെ മഹനീയ നേതൃത്വത്തിൽ ഏകദൈവവിശ്വാസത്തെ പറ്റിയും ആ ഏകത്വ സിദ്ധാന്തത്തിന്റെ ഫലമായി ലോകത്ത് ശാന്തിയും സമാധാനവും സംജാതമാക്കേണ്ടുന്നതിന്റെ ആവശ്യകതയെ പറ്റിയും പാശ്ചാത്യ പൗരസ്ത്യ നാടുകളിലും ആഫ്രിക്കൻ ഏഷ്യൻ നാടുകളിലും പര്യടനം നടത്തിക്കൊണ്ടിരിക്കുകയാണ്. ലോകസമാധാനത്തിനായി ദൈവത്തിന്റെ ഏകത്വ സിദ്ധാന്തത്തെ പറ്റി ജനങ്ങളെ ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഹദ്റത്ത് റസൂൽ കരീം(സ)ന്റെ മാതൃക പിൻപറ്റി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ

അമേരിക്കൻ പ്രസിഡന്റ്, ബ്രിട്ടീഷ് പ്രധാനമന്ത്രി, ചൈനീസ് പ്രസിഡന്റ്, ജർമൻ ചാൻസലർ, ഫ്രഞ്ച് പ്രസിഡന്റ്, ബ്രിട്ടീഷ് രാജ്ഞി, ആദരണീയനായ പോപ്പ്, ഇസ്രയേൽ പ്രധാനമന്ത്രി, സഊദി അറേബ്യൻ രാജാവ് തുടങ്ങി ലോകത്തിലെ നിരവധി രാഷ്ട്ര നേതാക്കന്മാർക്ക് ഇസ്‌ലാമിന്റെ തൗഹീദിലധിഷ്ഠിതമായ യുദ്ധവിരുദ്ധ സമാധാനത്തിനും വിശ്വമാനവിക ഐക്യത്തിനുമുള്ള സന്ദേശമയക്കുകയും അവരിൽ പലരേയും നേരിൽ കണ്ട് സമാധാന സന്ദേശത്തിന്റെ ഉള്ളടക്കം അറിയിച്ച് ചർച്ച ചെയ്യുകയും ചെയ്തു. മാത്രമല്ല ബ്രസ്സൽസിലെ യൂറോപ്യൻ പാർലമെന്റ്, അമേരിക്കയിലെ കേപിറ്റോൾ ഹിൽ, ലണ്ടനിലെ ബ്രിട്ടീഷ് പാർലമെന്റ് മുതലായ ജനപ്രാതിനിധ്യ സഭകളെയും അദ്ദേഹം ഈ ആവശ്യാർഥം അഭിസംബോധന ചെയ്തു പ്രഭാഷണം നടത്തുകയും ചെയ്തു. ലോകത്ത് ദൈവവിശ്വാസത്തിലധിഷ്ഠിതമായ മാനവ ഐക്യവും ശാന്തിയും കൊണ്ടുവരുവാനുള്ള ഖലീഫത്തുൽ മസീഹിന്റെയും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെയും ശ്രമങ്ങൾ എത്രയും വേഗം ഫലപ്രാപ്തിയിലെത്തുമാറാകട്ടെ.

പേജ് 15ൽ നിന്ന് തുടർച്ച

***വെച്ചിരുന്നത്. സാത്വികരുടെ ഒരു പ്രഭാവലയം അദ്ദേഹത്തിന്റെ മുഖത്ത് ഉണ്ടായിരുന്നു. അത് അദ്ദേഹത്തിന്റെ ശബ്ദത്തിലും പ്രകടമായിരുന്നു. അദ്ദേഹത്തെ കണ്ടുമുട്ടുന്നവരുടെ ഹൃദയത്തെ കവരുമായിരുന്നു. അദ്ദേഹത്തിന്റെ പ്രചോദനാത്മകമായ ശബ്ദം ആരും ശ്രവിച്ചു പോകുമായിരുന്നു. ഹദ്റത്ത് മിർസാ ബശീർ അഹ്മദിന്റെ നിര്യാണത്തോടെ പ്രവാചകന്മാരുടെ ഒരു ചന്ദ്രനാണ് നഷ്ടപ്പെട്ടത്.' (കമറുൽ അംമ്പിഅ:)***

അല്ലാഹുവിന്റെ ഭക്തദാസന്മാരുടെ ആത്മീയ പ്രഭ ഈ ലോകത്തും പരലോകത്തും പൂത്തുലയും. അവർ അതിന് വേണ്ടി ദാഹിക്കുന്നു. അവരിലൂടെ അത് സർവ മാർഗേണയും പ്രകടമാവുകയും ചെയ്യുന്നു. അവരുടെ ആത്മാക്കൾ ശരീരവുമായി വേറിട്ടതിന് ശേഷവും കൂടുതൽ പ്രകാശത്തിന് വേണ്ടി പ്രാർഥിക്കുന്നു.

ഖുർആൻ പറയുന്നു: ***'അവരുടെ മുമ്പിലും വലതു വശത്തും അവരുടെ പ്രകാശം പ്രസരിച്ചു കൊണ്ടിരിക്കും. ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പ്രകാശം ഞങ്ങളിൽ പൂർത്തീകരിച്ചു തരേണമേ, ഞങ്ങൾക്ക് പൊറുത്തുതരേണമേ. തീർച്ചയായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്.' (66:9)***

നമുക്ക് കൂടുതൽ പ്രകാശം സ്വീകരിക്കാനുള്ള ഭാഗ്യം അല്ലാഹു നൽകുമാറാകട്ടെ. സർവസ്തുതിയും സർവശക്തനായ അല്ലാഹുവിനാകുന്നു.

www.alislam.org

ഭാഗം – 3

# മലക്കുകൾ

മലക്കുകൾ അല്ലാഹുവിന്റെ ആജ്ഞാനുവർത്തികളായ അദൃശ്യ ജീവികളാണ്. വിശ്വാസകാര്യങ്ങളിൽപെട്ട അത്ഭുതകരമായ ഈ അസ്തിത്വത്തെ സംബന്ധിച്ച് വളരെയൊന്നും മതസാഹിത്യങ്ങളിൽ ചർച്ചചെയ്യപ്പെടുകയോ വിവരിക്കപ്പെടുകയോ ചെയ്തിട്ടില്ല. ഇമാം മഹ്ദിയുടെ രണ്ടാം ഖലീഫയും വാഗ്ദത്ത പരിഷ്ക്കർത്താവുമായ **ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)** തന്റെ അഗാധവും വിശാലവുമായ ദിവ്യജ്ഞാനത്താൽ മലക്കുകളെ സംബന്ധിച്ച് ലളിത മനോഹരമായി എഴുതിയ **മലായിക്കത്തുല്ലാഹ്** എന്ന ഉറുദു പുസ്തകത്തിന്റെ വിവർത്തനം.

**വിവ: ആരിഫ് മുഹമ്മദ് ബി. എം.**

## ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

മലക്കുകളുടെ ഒരു മഹത്തായ ധർമം ദൈവവചനങ്ങൾ കൊണ്ടുവരലാണ്. അല്ലാഹു പറയുന്നു: അല്ലാഹു യസ്ത്ഫീ മിനൽ മലായിക്കത്തി റുസുലൻ വ മിനന്നാസി. (അൽ ഹജ്ജ്:76) അല്ലാഹു മലക്കുകളിൽ നിന്നും മനുഷ്യരിൽ നിന്നും ദൂതന്മാരെ തിരഞ്ഞെടുക്കുന്നു. മലക്കുകളുടെ ഒരു ധർമം ദൈവവചനങ്ങൾ എത്തിക്കുക എന്നതാണെന്ന് ഇതിൽ നിന്ന് മനസ്സിലാകുന്നു.

മലക്കുകളുടെ ***രണ്ടാമത്തെ ധർമം*** മരിപ്പിക്കലാണ്. അല്ലാഹു പറയുന്നു: ഖുൽ യതവഫ്ഫാക്കും മലകുൽ മൗത്തില്ലദീ വുക്കില ബികും സുമ്മ ഇലാ റബ്ബിക്കും തുർജഊൻ (സജദ്:12). മരിപ്പിക്കാൻ ചുമതലപ്പെടുത്തിയ മരണത്തിന്റെ മലക്ക് നിങ്ങളുടെ ആത്മാവിനെ പിടിക്കുന്നു. പിന്നീട് നിങ്ങൾ നിങ്ങളുടെ നാഥനിലേക്ക് മടക്കപ്പെടുന്നതാണ്.

***മലക്കുകളുടെ മൂന്നാമത്തെ ധർമം*** പ്രവാചകന്മാരെ എതിർക്കുന്ന ദുർജനങ്ങൾക്ക് ശിക്ഷ നല്കുക എന്നതാണ്. ആ മലക്കുകൾ ദുർജനങ്ങളെ കാണുമ്പോൾ ദുർജനങ്ങൾ കരിഞ്ഞു പോകുമാറ് ഒരു കാന്തിക ശക്തി അവരിൽ സംജാതമാകുന്നു. പ്രെട്രോളിനടുത്ത് തീ കത്തിച്ചാൽ അതിനും തീ പിടിക്കുന്നതു പോലെ. ദുർജനങ്ങളും പെട്രോളിനെപ്പോലെയാണ്. അവർ ഇവരുടെ അടുത്തു വന്നാൽ അവരെ നശിപ്പിച്ചു കളയുന്നു. അല്ലാഹു പറയുന്നു: ഹൽ യൻളുറൂന ഇല്ലാ അൻ തഅ്ത്തിയഹുമുൽ മലായികതു.. ..ഈമാനിഹാ ഖൈറാ. (അൻആം:159)

മലക്കുകളുടെ ***നാലാമത്തെ ധർമം*** വിശ്വാസികളെ സഹായിക്കുക എന്നതാണ്. അവിശ്വാസികൾക്ക് അവർ തീപ്പൊരികളാണ്. അവരത് തൊട്ടാൽ കത്തിയെരിയും. പക്ഷേ, വിശ്വാസികൾക്ക് അവരിൽ നിന്ന് സഹായം ലഭിക്കുന്നു. അവർ സഹായിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു: ഇന്നല്ലദീന ഖാലൂ റബ്ബുനല്ലാഹ്.. .. ഫീഹാ മാ തദ്ദഊൻ

ചില മലക്കുകളുടെ ധർമം വിശ്വാസികളെ സഹായിക്കലാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

മലക്കുകളുടെ ***അഞ്ചാമത്തെ ധർമം***, മലക്കുകൾ ദൃശ്യമായാൽ അവർ നിഷേധികളെയും ബഹുദൈവാരധകരെയും നശിപ്പിക്കുന്നതു കൂടാതെ മനുഷ്യനോടൊപ്പമുള്ള ഓരോ മലക്കും അയാളുടെ ഹൃദയത്തിൽ പ്രവാചകനോടും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തോടുമുള്ള പ്രഭാവം ഇട്ടു കൊണ്ടിരിക്കുന്നു. അല്ലാഹു പറയുന്നു: ഇദ് തഖൂലു ലിൽ മുഅ്മിനീന.. .. മുൻസിലീൻ(ആലുമ്രാൻ:125)

മൂവായിരം മലക്കുകൾ നിങ്ങളുടെ സാഹായത്തിനായി

വരുന്നത് നിങ്ങൾക്ക് മതിയായതല്ലേ?

ഇവിടെ മൂവായിരം എന്നു പറഞ്ഞത് എന്തു കൊണ്ടാണ്? കാരണം, അന്ന് ശത്രുസൈന്യത്തിന്റെ എണ്ണം മൂവായിരമായിരുന്നു.

ഇതിൽ നിന്നും ഇവർ ഉയർന്ന നിലവാരത്തിലുള്ള മലക്കുകളായിരുന്നില്ല, മറിച്ച്, ഓരോ മനുഷ്യനോടൊപ്പം നിശ്ചയിക്കപ്പെട്ട മലക്കാണ് അവരെന്ന് മനസ്സിലാകുന്നു. കാരണം മൂവായിരം മലക്കുകളുടെ സഹായം നിങ്ങൾക്ക് മതിയായതല്ലേ എന്നാണ് ഇവിടെ ചോദിച്ചിരിക്കുന്നത്. അതായത്, നിങ്ങൾ ശത്രുവിനെ നേരിടാൻ പോകുമ്പോൾ അവൻ നിങ്ങളുടെ പ്രഭാവം ഓരോരുത്തരുടെ മനസ്സിലും ഇടാൻ തുടങ്ങുന്നു. അതിനു ശേഷം പറയുന്നു: സനുൽഖീ ഫീ ഖുലൂബില്ലദീന കഫറു റു അ്ബ.(അലുഇമ്രാൻ.152)

നിഷേധികളുടെ മനസ്സിൽ ഭയം ഇട്ടു. ആയതിനാൽ, ഓരോ മനുഷ്യനോടൊപ്പവും നിശ്ചയിക്കപ്പെട്ടിട്ടുള്ള മലക്ക് പ്രവാചകന്റെയും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിന്റെയും പ്രഭാവം ഇട്ടു കൊണ്ടിരിക്കുന്നു. പ്രഭാവത്തിനുള്ള ഉദാഹരണങ്ങൾ ഇക്കാലഘട്ടത്തിലും ലഭ്യമാണ്. വാഗ്ദത്ത മസീഹ്(അ) തന്റെ എതിരാളികളെ മുബാഹലയ്ക്കു വേണ്ടി ക്ഷണിച്ചിരുന്നു. പക്ഷേ, ആർക്കും മുന്നോട്ടു വരാൻ ധൈര്യമുണ്ടായില്ല. അതിനു കാരണം അവർ മുന്നോട്ടു വരാൻ വിചാരിക്കുമ്പോൾ അവർ മരണപ്പെടുമെന്ന ഭയം മലക്ക് അവരുടെ ഹൃദയങ്ങളിലിട്ടിരുന്നതു കൊണ്ടാണ്. അങ്ങനെ അവർ പിന്മാറി.

ഒരിക്കൽ ഞാൻ ശിംലയിൽ ചെന്നപ്പോൾ ഒരു ആര്യസമാജക്കാരൻ എന്നെ കാണാൻ വന്നു. വേദങ്ങളെക്കുറിച്ചു സംസാരിച്ചു. ഞാൻ പറഞ്ഞു: ''വേദങ്ങൾ സത്യമാണെന്ന ദൃഢവിശ്വാസം താങ്കൾക്കുണ്ടെങ്കിൽ താങ്കൾ സത്യം ചെയ്യൂ."

അദ്ദേഹം പറഞ്ഞു: "ഞാൻ സത്യം ചെയ്യാൻ തയ്യാറാണ്."

ഞാൻ പറഞ്ഞു: ''ഞാൻ സത്യവാനല്ലെങ്കിൽ എന്റെ ഭാര്യയുടെയും കുട്ടിയുടെയും മേൽ ശിക്ഷയിറങ്ങട്ടെ എന്ന് സത്യം ചെയ്യണം''. അദ്ദേഹം പറഞ്ഞു: അത് പറ്റില്ല. അങ്ങനെ പറയാൻ മനസ്സ് ഭയപ്പെടുന്നു.

ഞാൻ പറഞ്ഞു: ''ഖുർആനെ സംബന്ധിച്ച് ഈ രീതിയിൽ സത്യം ചെയ്യാൻ ഞാൻ ഒരുക്കമാണ്."

അദ്ദേഹം പറഞ്ഞു: "അപാര ധൈര്യമാണ് താങ്കളുടേത്".

ഞാൻ പറഞ്ഞു: ''വിശുദ്ധ ഖുർആൻ സത്യമാണെന്നും ദൈവവചനമാണെന്നും ദൃഢവിശ്വാസം ഉള്ളപ്പോൾ ധൈര്യം എങ്ങനെ ഇല്ലാതിരിക്കും?"

വാസ്തവത്തിൽ അത്തരം ആളുകളുടെ ഹൃദയങ്ങളിൽ മലക്കുകൾ ഭയമിടുകയാണ് ചെയ്യുന്നത്. ഇക്കാലഘട്ടത്തിലും അതിനുള്ള ഉദാഹരണങ്ങൾ കാണാം. മുബാഹല നടത്താൻ പലവട്ടം വെല്ലുവിളിച്ചു. പക്ഷേ, ആർക്കും മുൻപോട്ടു വരാൻ കഴിഞ്ഞില്ല. ഈയിടെ ഹസൻ നിസാമി എന്നു പേരുള്ള സൂഫി സവാദി എഴുന്നേറ്റിരിക്കുകയാണ്. ഒരു മണിക്കുറുകൊണ്ട് താൻ മരിപ്പിച്ചു തരാം എന്ന് അയാൾ എഴുതിയിരിക്കുന്നു. ഒടുവിൽ അയാൾ എത്രമാത്രം നിന്ദ്യനായെന്നാൽ ഇപ്പോൾ പൂർണ മൗനത്തിലാണ്. ഇനി ദയൂബന്ദികളെ നോക്കൂ, എത്രമാത്രം വിജ്ഞാപനങ്ങളാണ് അവർ എഴുതി പ്രസിദ്ധീകരിച്ചത്. പല മാസങ്ങളായി നാം പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനങ്ങൾക്ക് അവർ മറുപടി തരുന്നേയില്ല. മുബാഹലയെക്കുറിച്ച് ചിന്തിക്കുമ്പോൾ അവരുടെ മനസ്സിലാകെ ഭീതി പടരുന്നു.

ഹദീസിൽ വന്നിരിക്കുന്നു. ഒരിക്കൽ ഒരു വ്യക്തി നബി തിരുമേനി(സ)യുടെ അടുക്കൽ വന്നു പറഞ്ഞു: ''അബൂജഹൽ എന്നോട് അക്രമം ചെയ്തിരിക്കുകയാണ്. എനിക്ക് നീതി ലഭിക്കാൻ എന്നെ സഹായിച്ചാലും. അയാൾ എനിക്ക് കുറച്ചു രൂപ തരാനുള്ളതാണ്. ഇതുവരെ തന്നിട്ടില്ല.'' നബി(സ) അയാളെയും കൂട്ടി അബൂജഹലിന്റെ അടുത്തു ചെന്നു ചോദിച്ചു: ''നിങ്ങൾ ഇയാൾക്ക് പൈസ കൊടുക്കാനുണ്ടോ?'' അബൂജഹൽ പറഞ്ഞു: ''അതേ, കൊടുക്കാനുണ്ട്".

"എന്നാൽ അത് ഇയാൾക്ക് കൊടുക്കുക''. തിരുമേനി(സ) പറഞ്ഞു.

ഉടനെ തന്നെ അബൂജഹൽ അതെടുത്തു കൊടുത്തു. നിങ്ങൾ എന്താണ് ചെയ്തതെന്ന് പറഞ്ഞ് ജനങ്ങൾ അബൂജഹലിനെ ഒരുപാട് പരിഹസിച്ചു. ''മുസ്ലീംകളുടെ സമ്പത്ത് കൊള്ളയടിക്കുന്നത് അനുവദനീയമാണെന്നല്ലേ നിങ്ങൾ പറയാറുണ്ടായിരുന്നത്? പിന്നെ എന്തുകൊണ്ടാണ് നിങ്ങൾ ആ പൈസ അയാൾക്ക് കൊടുത്തത്?"

അബൂജഹൽ പറഞ്ഞു: "നിങ്ങൾക്കെന്തറിയാം. ആ സമയത്ത് എന്റെ മുൻപാകെ രണ്ടു ഭ്രാന്തൻ ഒട്ടകങ്ങൾ നിൽക്കുന്നതായാണ് ഞാൻ കണ്ടത്. ഞാൻ പൈസ നല്കാൻ കുറച്ചെങ്കിലും വിസമ്മതിച്ചിരുന്നുവെങ്കിൽ അവയെന്നെ പിച്ചിച്ചീന്തിയേനെ.'' മലക്കുകൾ അവരുടെ ഹൃദയത്തിലിട്ട ഭയമായിരുന്നു അത്. ചുരുക്കത്തിൽ ഹൃദയത്തിൽ ഭയം ഇടുക എന്നതും മലക്കുകളുടെ ജോലിയാണ്.

***മലക്കുകളുടെ ആറാമത്തെ ധർമം*** ദൈവത്തിന്റെ ഏകത്വത്തെ സ്ഥാപിക്കുക എന്നതാണ്. എല്ലാ പ്രവൃത്തികളും മലക്കുകൾ തന്നെയാണ് ചെയ്യുന്നതെങ്കിലും ഓരോ മലക്കിന്റെയും സവിശേഷമായ പ്രവൃത്തിയാണിത്. അല്ലാഹു പറയുന്നു: ശഹിദല്ലാഹു അന്നഹു ലാ ഇലാഹ ഇല്ലാ ഹുവ വൽ മലാഇക്കതു വ ഉലുൽ ഇൽമി കായിമൻ

ബിൽ ഖിസ്തി(ആലു ഇമ്രാൻ 19)

അല്ലാഹു തന്റെ ഏകത്വത്തിന് സാക്ഷ്യം വഹിക്കുന്നു. മലക്കുകളും സാക്ഷ്യം വഹിക്കുന്നു.

മലക്കുകൾ തൗഹീദ് സ്ഥാപിക്കുന്നതിനുള്ള ഏർപ്പാട് ചെയ്തു കൊടുക്കുന്നു.

***ഏഴാമത്തെ ധർമം*** പ്രവാചകന്മാരുടെ സത്യത വെളിപ്പെടുത്തുക എന്നതാണ്. ജനങ്ങൾ നബിമാരെ കള്ളവാദികളെന്ന് പറയുന്നു. എന്നാൽ മലക്കുകൾ അവരുടെ ഹൃദയങ്ങളിൽ അവർ കള്ളപ്രവാചകന്മാരല്ലെന്ന ചിന്ത ഇട്ടു കൊടുക്കുന്നു. അല്ലാഹു പറയുന്നു: ലാക്കിനില്ലാഹു യശ്ഹദു ബിമാ അൻസല ഇലൈക്ക് അൻസലഹു ബി ഇൽമിഹി വൽ മലായിക്കതു യശ്ഹ്ദൂൻ. വ ക്ഫാ ബില്ലാഹി ശഹീദാ.(അന്നിസാഅ് 167)

നിന്നിൽ ഇറക്കപ്പെട്ടതെല്ലാം നമ്മുടെ ഭാഗത്തു നിന്നാണെന്നതിന് അല്ലാഹു സാക്ഷിയാണ്. മലക്കുകളും സാക്ഷികളാണ്.

മലക്കുകൾ പലവിധത്തിലാണ് സാക്ഷ്യം പറയുന്നത്. ഉദാഹരണത്തിന് സ്വപ്നത്തിൽ നബിമാരുടെ സത്യത വെളിപ്പെടുത്തിക്കൊടുക്കുന്നു. പ്രവാചകന്റെ ശത്രുവായ ഒരു വ്യക്തി അദ്ദേഹത്തെ കള്ളനാണെന്ന് കരുതുന്നു. എന്നാൽ മലക്കുകൾ സ്വപ്നത്തിലൂടെ അയാളുടെ ഹൃദയത്തിൽ പലകാര്യങ്ങളും ഇട്ടു കൊടുക്കുന്നതിന്റെ ഫലമായി അയാൾ വിശ്വസിക്കുന്നു. വാസ്തവത്തിൽ ഇന്ന വ്യക്തിയുടെ ഹൃദയത്തിൽ നന്മവരുന്നതെന്നാണെന്ന് തക്കം നോക്കി നില്ക്കുകയാണ് മലക്ക്. ഓരോ മനുഷ്യനും അത്തരം സമയം വരാറുണ്ട്. അതു അബൂ ജഹലോ ഫിർഔനോ അയാലും ശരി. നന്മ വരാനുള്ള സമയമാകുമ്പോൾ മലക്ക് അതിനെ ഉപയോഗപ്പെടുത്തുകയും നബിയുടെ സത്യത ഹൃദയത്തിലിടുകയും ചെയ്യുന്നു. അതിനെ പ്രയോജനപ്പെടുത്തുകയെന്നത് പിന്നെയങ്ങോട്ട് മനുഷ്യന്റെ ജോലിയാണ്. ചുരുക്കത്തിൽ, ജനഹൃദയങ്ങളിൽ പ്രവാചകന്മാരുടെ സത്യത സൃഷ്ടിച്ചുകൊണ്ടിരിക്കുക എന്നതാണ് മലക്കുകളുടെ ഒരു പ്രവൃത്തി.

മലക്കുകളുടെ ***എട്ടാമത്തെ ധർമം*** ദൈവത്തെ സ്തോത്രം ചെയ്തു കൊണ്ടിരിക്കുക എന്നതാണ്.അല്ലാഹു പറയുന്നു: വതറൽ മലായിക്കത്ത് ഹാഫീന മിനൽ ഹൗലിൽ അർശി യുസബ്ബിഹൂന ബിഹംദി റബ്ബിഹിം.(അസ്സുമർ 76)

മലക്കുകൾ ദൈവത്തെ പ്രകീർത്തിക്കുകയും അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

മലക്കുകളുടെ ***ഒമ്പതാമത്തെ ധർമം*** അവർ വിശ്വാസികൾക്കു വേണ്ടി പാപമോചനം തേടുന്നു എന്നതാണ്. ഇതിനായി പ്രത്യേകമായിട്ടുള്ള മലക്കുകളാണിവർ. വിശ്വാസികൾക്കുവേണ്ടി പ്രാർഥിക്കുകയും അവരിൽ നിന്ന് വല്ല ന്യൂനതയുമുണ്ടാൽ അല്ലാഹുവേ നീ അത് മറച്ചു വെക്കേണമേ എന്ന് അവർക്കായി പാപമോചനം തേടുകയും ചെയ്യാൻ അല്ലാഹു അവരെ ചുമതലപ്പെടുത്തിയിരിക്കുന്നു. അല്ലാഹു പറയുന്നു: അല്ലദീന യഹ്മിലൂനൽ അർശ.. .. അദാബൽ ജഹീം.(മുഅ്മിൻ 8)

ഇതിൽ നിന്ന് ചില പ്രത്യേക മലക്കുകൾ ചില പ്രത്യേക വിശ്വാസികൾക്കായി അല്ലാഹു അവരുടെ ന്യൂനതകൾ പൊറുത്തു കൊടുക്കുന്നതിനായി പ്രാർഥിച്ചു കൊണ്ടിരിക്കുന്നു എന്ന് ഗ്രഹിക്കാം. സാധാരണ മലക്കുകളുടെ ജോലി എല്ലാവർക്കും വേണ്ടി പ്രാർഥിക്കുക എന്നതാണ്. വിശ്വാസികൾക്കും നിഷേധികൾക്കു വേണ്ടി പോലും അവർ പ്രാർഥിക്കുന്നു. അങ്ങനെ വിശ്വാസികൾക്ക് ഇരട്ടി പ്രയോജനം ലഭിക്കുന്നു. ഒന്ന്, പ്രത്യേക മലക്കുകളുടെ പ്രാർഥനയാണ്. രണ്ടാമത്തേത്, സാധാരണ മലക്കുകൾ എല്ലാവർക്കും വേണ്ടി പ്രാർഥിക്കുമ്പോൾ അതിൽ വിശ്വാസികളും ഉൾപ്പെടുന്നു. എല്ലാവർക്കും വേണ്ടി പ്രാർഥിക്കുന്നതിനെപ്പറ്റി പറയുന്നു:

വൽ മലായിക്കത്തു യുസബ്ബിഹൂന ബിഹംദി റബ്ബിഹിം വ യസത്ഗ്ഫിറൂന ലിമൻ ഫിൽ അർള് (അശ്ശൂറാ:6)

ദൈവകാരുണ്യത്തിന്റെ മലക്കുകൾ എല്ലാവർക്കും മാപ്പ് കൊടുക്കണമേ എന്ന് പ്രാർഥിച്ചു കൊണ്ടിരിക്കുന്നു.

നരകത്തിൽ നിന്നും ആളുകളെ ഒഴിപ്പിക്കുന്നതിനാണ് അല്ലാഹു ഈ മാർഗം വെച്ചിരിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മലക്കുകളുടെ പ്രാർഥനാഫലമായി അല്ലാഹു അവസാനം പറയും: “പൊയ്ക്കോളൂ, നിങ്ങളെ ഞാൻ സ്വതന്ത്രരാക്കുകയാണ്”.

***പത്താമത്തെ ധർമം:*** അവർ പ്രകൃതി നിയമങ്ങളുടെ അന്ത്യകാരണമായതിനാൽ ലോകത്തു നടക്കുന്നതെല്ലാം അവരുടെ സ്വാധീനം മുഖേനയാണ്. ഉദാഹരണമായി, മഴ പെയ്യുക, കാറ്റു വീശുക, സൂര്യകിരണങ്ങൾ എത്തുന്നത്, വിഷത്തിന്റെയും ഔഷധങ്ങളുടെയും പ്രഭാവം തുടങ്ങിയവ. ഇവയെല്ലാം മലക്കുകളുടെ സ്വാധീനം കൊണ്ടാണ് സംഭവിക്കുന്നത്. അവരുടെ സ്വാധീനത്തിന് വിധേയരാവാതെ പ്രവർത്തിക്കുന്ന ഒരു വസ്തുവും ഇല്ല തന്നെ. എന്നാൽ വിഷം സ്വയം വിഷമല്ലെന്നോ ഔഷധങ്ങൾ സ്വയം ഔഷധങ്ങളല്ലെന്നോ ഇതിനർഥമില്ല. വിഷം ഏതൊരു മലക്കിന്റെ കീഴിലാണോ ആ മലക്ക് അനുവാദം നല്കുന്നതു വരെ ആ വിഷത്തിന് പ്രഭാവം ചെലുത്താനാവില്ല. ഏതൊരു മലക്കിന്റെ കീഴിലാണോ ഔഷധമുള്ളത് അതിന്റെ കല്പനയില്ലാതെ ആ ഔഷധത്തിന് സ്വാധീനം ചെലുത്താനാവില്ല. ഇതു തന്നെയാണ് എല്ലാ വസ്തുക്കളുടെയും അവസ്ഥ. മഴ പെയ്യിക്കുന്നതും കൊടുങ്കാറ്റടിപ്പിക്കുന്നതും മറ്റും

മലക്കുകളുടെ ചുമതലയാണെന്നാണ് വിശുദ്ധ ഖുർആൻ വിവിധ സ്ഥലങ്ങളിൽ പരാമർശിച്ചിട്ടുള്ളത്. ഇതൊരു വലിയ ശൃംഖലയാണ്. ഒരുപാട് ഉദാഹരണങ്ങൾ ഇത്തരത്തിൽ ലഭിക്കുന്നതാണ്. വളരെ വ്യക്തമായി തന്നെ ഇരുപതോളം ഉദാഹരണങ്ങൾ ലഭിക്കുന്നതാണ്. അവയിൽ നിന്നും മനസ്സിലാക്കാം പ്രകൃതി നിയമങ്ങളുടെ വിവിധ വിഭാഗങ്ങളെ പൂർത്തിയാക്കുന്നത് മലക്കുകളാണെന്ന്. വളരെ സ്പഷ്ടമായ ഉദാഹരണങ്ങളിൽ നിന്നും ഇക്കാര്യം പ്രകടമാണെങ്കിലും, ഇവയിൽ നിന്ന് എല്ലാ കാര്യങ്ങളും ഇതു പോലെ തന്നെയാണ് എന്ന് എങ്ങനെ അനുമാനിക്കാമെന്ന് ആരെങ്കിലും ചോദിച്ചാൽ അതിനുള്ള ഉത്തരം ആ അനുമാനം യഹ്മിലൂനൽ അർശ എന്ന ഖുർആനിക വചനം കൊണ്ട് സാധ്യമാണ് എന്നാണ്. അതായത്, മലക്കുകളാണ് ദൈവിക ഗുണങ്ങളെ പ്രകടമാക്കുന്നത്.

*പതിനൊന്നാമത്തെ ധർമം,* അവർ ജനങ്ങളുടെ പാപമോചനത്തിനായി അർഥിച്ചു കൊണ്ടിരിക്കുക മാത്രമല്ല .മറിച്ച്, ദൈവമേ നീ നിന്റെ ദാസരുടെ മേൽ അനുഗ്രഹങ്ങൾ ചൊരിയേണമേ എന്നും അവർ പ്രാർഥിച്ചു കൊണ്ടിരിക്കുന്നു. പാപമോചനത്തിനായുള്ള അർഥനകൊണ്ടുദ്ദേശിക്കുന്നത് മനുഷ്യരുടെ തെറ്റുകൾ മറച്ചു വെക്കാൻ പ്രാർഥിക്കുന്നു എന്നാണ്. ദൈവമേ നിന്റെ കാരുണ്യവും ഇറക്കേണമേ എന്നും അവർ പ്രാർഥിക്കുന്നുണ്ട്. അല്ലാഹു പറയുന്നു: ഇന്നല്ലാഹ വ മലായിക്കതു യുസല്ലൂന.. .. തസ്ലീമാ (അഹ്സാബ് 57)

ഈ മലക്കുകൾ അല്ലാഹുവിന്റെ കാരുണ്യത്തിന് കീഴിലാണ്. ഒരുവൻ ദൈവമാർഗത്തിൽ പ്രവർത്തിക്കുമ്പോൾ അവനുമേൽ ദൈവാനുഗ്രഹം ഇറങ്ങുന്നതിന് മലക്കുകൾ പ്രാർഥിക്കുന്നു. അവർക്ക് സ്വന്തമയി അനുഗ്രഹം നല്കാൻ കഴിയില്ല. അതുകൊണ്ട്, ഇന്ന വ്യക്തിക്ക് അനുഗ്രഹം നല്കേണമേ എന്ന് അവർ അല്ലാഹുവിനോട് പ്രാർഥിക്കുന്നു.

*പന്ത്രണ്ടാമത്തെ ധർമം :*ആരാധന മാത്രം നടത്തുക എന്നതാണ് മലക്കുകളിൽ ചിലരുടെ പ്രവൃത്തി. അവർ ആരാധന മാത്രം നടത്തുകയും ലോകവസാനം വരെ അങ്ങനെ ചെയ്തു കൊണ്ടേയിരിക്കുകയും ചെയ്യുന്നു. ഒരു ഹദീസിൽ വന്നിരിക്കുന്നു: "ഏഴ് ആകാശങ്ങളിലുമായി ഒരു ചുവട് അല്ലെങ്കിൽ ഒരു മുഴം അല്ലെങ്കിൽ ഒരടി സ്ഥലം പോലും മലക്കുകൾ നിന്നു കൊണ്ട് സുജൂദിലും റുകൂഇലുമായി ആരാധന നടത്താത്തതായി ഉണ്ടാവില്ല. ലോകാവസാനം വരുമ്പോൾ അവർ എല്ലാവരും പറയും: 'നീ പരിശുദ്ധനാണ്. അർഹമായ നിലയിൽ ഞങ്ങൾ നിന്നെ ആരാധിച്ചിട്ടില്ല. നിന്നിൽ ഞങ്ങൾ പങ്കുകാരെ കല്പിച്ചില്ലെന്നേ ഞങ്ങൾക്ക് പറയാനാവൂ.' "

മലക്കുകളുടെ ഈ വാക്കുകളിൽ നിന്ന് വിശ്വാസികൾ പാഠം ഉൾക്കൊള്ളേണ്ടതാണ്. ഇത്രമാത്രം ആരാധനകൾ നടത്തിയിട്ടും ഞങ്ങൾ ഒന്നും ചെയ്തില്ലെന്നാണ് മലക്കുകൾ പറയുക. എന്നാൽ ചിലരുണ്ട് അല്പം മാത്രം ആരാധനകൾ നടത്തി ഞങ്ങൾ ഇത്രമാത്രം ആരാധനകൾ നടത്തിയിരിക്കുന്നുവല്ലോ എന്നു പറയുന്നു.

*പതിമൂന്നാമത്തെ ധർമം:* ജനങ്ങളുടെ കർമങ്ങൾ സുരക്ഷിതമായി വെയ്ക്കുക എന്നതാണ് മലക്കുകളുടെ പതിമൂന്നാമത്തെ പ്രവൃത്തി. അല്ലാഹു പറയുന്നു;

വ ഇന്ന അലൈക്കും.. പറയുന്നു: നിങ്ങളുടെ മേൽ മലക്കുകളെ നിശ്ചയിച്ചിരിക്കുന്നു. നിങ്ങൾ വെളിപ്പെടുത്തുന്ന കർമങ്ങളെ എഴുതിക്കൊണ്ടിരിക്കുക എന്നതാണ് അവരുടെ ജോലി. ഇനി കർമങ്ങളുടെ ഉദ്ദേശ്യങ്ങളെ സംബന്ധിച്ചിടത്തോളം മന:പരിശോധനയുടെ ജോലി ഏൽപിക്കപ്പെട്ടവർക്കേ അത് അറിയൂ.

*പതിനാലാമത്തെ ധർമം:* ദൈവത്തിന്റെ ഇഷ്ടദാസരോടുള്ള സ്നേഹം ലോകത്ത് വ്യാപിപ്പിക്കുക എന്നതാണ് മലക്കുകളുടെ പതിനാലാമത്തെ പ്രവൃത്തി. അവരെ സ്നേഹിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു. ഒരു ഹദീസിൽ വന്നിരിക്കുന്നു: ഇദാ അഹബ്ബല്ലാഹു..

അതായത്, അല്ലാഹുവിന് ഏതെങ്കിലും ദാസനെ ഇഷ്ടപ്പെട്ടാൽ താൻ ഇന്ന ആളെ സ്നേഹിക്കുന്നു എന്ന് ജിബ്രീലിനോട് വിളിച്ചു പറയുന്നു. അപ്പോൾ ജിബ്രീൽ അയാളെ സ്നേഹിക്കാൻ തുടങ്ങുന്നു. ശേഷം ജിബ്രീൽ അകാശത്തിലെ എല്ലാവരോടും വിളിച്ചു പറയും: 'അല്ലാഹു ഇന്നയാളെ സ്നേഹിക്കുന്നതിനാൽ നിങ്ങളും അയാളെ സ്നേഹിക്കുക.' അങ്ങനെ ആകാശത്തുള്ള എല്ലാവരും അയാളെ സ്നേഹിക്കാൻ തുടങ്ങുന്നു.. അതിനു ശേഷം അയാളുടെ സ്വീകാര്യത ഭൂമിയിലാകമാനം വ്യാപിപ്പിക്കുന്നു.

ഇക്കാലഘട്ടത്തിൽ ഈ ദൃശ്യം നിങ്ങൾക്കു കാണാം. ഞങ്ങളെന്തിന് നിങ്ങളെ അനുസരിക്കണമെന്ന് ജനങ്ങൾ ഭരണകൂടങ്ങളോട് പറയുന്ന കാലഘട്ടമാണിത്. എന്നാൽ ഇതേ കാലഘട്ടത്തിൽ തന്നെയാണ് ജനങ്ങൾ വാഗ്ദത്ത മസീഹി(അ)ന്റെ ദാസത്വത്തിൽ വന്നു ചേരുന്നതും. പില്ക്കാലത്ത് വന്നു ചേരുന്നവരാണെങ്കിൽ തങ്ങൾ എന്തുകൊണ്ട് ആദ്യമേ അംഗീകരിച്ചില്ല എന്ന് സങ്കടപ്പെടുന്നവരാണ്. മലക്കുകൾ തന്നെയാണ് ഈ സ്നേഹം പ്രചരിപ്പിക്കുന്നത്.

അല്ലാഹുവിന്റെ പ്രിയപ്പെട്ടവരുടെ സത്യതയ്ക്കുള്ള ഒരു സൂക്ഷ്മമായ തെളിവാണിത്. വ്യാജവാദികൾ എഴുന്നേറ്റ് വലിയ ബഹളമുണ്ടാക്കാറുണ്ട്. പക്ഷേ, അവരെക്കുറിച്ച് ആരും അന്വേഷിക്കാറില്ല.. ഇക്കാലഘട്ടത്തിൽ സഹീറുദ്ദീൻ അരൂപി എന്നൊരാളുണ്ട്. അബ്ദുല്ലാഹ് തീമാപൂരിയാണ് മറ്റൊരാൾ. അവർ പലവട്ടം തങ്ങളെ സംബന്ധിച്ച് വിജ്ഞാപനങ്ങളടിച്ച്

പ്രസിദ്ധീകരിക്കുകയും ചെയ്തു. പക്ഷേ, ആരും അവരിലേക്ക് ശ്രദ്ധിക്കുക പോലുമുണ്ടായില്ല. അതേസമയം, നിങ്ങൾ നോക്കൂ, ഹദ്റത്ത് മസീഹ് മൗഊദി(അ)നെ സംബന്ധിച്ച് എങ്ങനെയാണ് അദ്ദേഹത്തോടുള്ള സ്നേഹം ലോകത്ത് വ്യാപിച്ചത്; വ്യാപിച്ചു കൊണ്ടിരിക്കുന്നത്.

***പതിനഞ്ചാമത്തെ ധർമം:*** ചിലപ്പോൾ മലക്കുകൾ അല്ലാഹുവിന്റെ ഇഷ്ടദാസരുടെ സേവനത്തിനായി നിശ്ചയിക്കപ്പെടുകയും ദൈവനിയോഗിതരുടെ സേവകരും ദാസരുമായി നിയമിക്കപ്പെടുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

ഇദ് ഖാല ലിൽ മലാ ഇക്കതി ഇന്നീ ഖാലിഖുൻ ബശറൻ മിൻ(അൽഹിജിർ:49,50)

അല്ലാഹു മലക്കുകളോടു പറഞ്ഞു: ഞാൻ മണ്ണിൽ നിന്ന് മനുഷ്യനെ സൃഷ്ടിക്കാൻ പോകുന്നു. ഞാൻ അവനെ സൃഷ്ടിച്ചു കഴിഞ്ഞാൽ, എന്റെ വചനം അവനിൽ ഇറക്കിയാൽ. അതായത്, ഞാൻ അവനെ നബിയാക്കിയാൽ അപ്പോൾ അവനോടുള്ള സേവനത്തിൽ പ്രണമിക്കുക. എന്നു വെച്ചാൽ, നബിയുടെ സേവനത്തിനായി മലക്കുകളെ നല്കപ്പെടുന്നു. നബിമാരുടെ പദവിയിൽ താഴെയാണ് അവർ വരുന്നത്.

***പതിനാറാമത്തെ ധർമം:*** ജനങ്ങൾക്ക് അറിവു പഠിപ്പിക്കുകയും ജ്ഞാനം പകർന്നു കൊടുക്കുകയുംചെയ്യുന്നു. അതായത്, വിജ്ഞാന കാര്യങ്ങളിലേക്ക് ശ്രദ്ധ പതിപ്പിക്കുന്നവരുടെ മനസ്സിൽ അറിവിന്റെ വെളിച്ചം പകരാൻ അവർ നിശ്ചയിക്കപ്പെടുന്നു. ഒരു ഹദീസിൽ വന്നിരിക്കുന്നു, നബി (സ) തിരുമേനിയുടെ അടുക്കൽ ജിബ്‌രീൽ(അ) മനുഷ്യരൂപത്തിൽ വന്നു കൊണ്ട് ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഈമാൻ എന്താണ്? ദീൻ എന്താണ്?' നബി (സ) അതിനു മറുപടി പറഞ്ഞു കൊണ്ടിരുന്നു. ജിബ്‌രീൽ(അ) പോയപ്പോൾ നബി(സ) സഹാബാക്കളോട് ചോദിച്ചു: 'അതാരായിരുന്നുവെന്ന് നിങ്ങൾക്ക് അറിയുമോ?' അവർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾക്കറിയില്ല. അങ്ങ് തന്നെ പറഞ്ഞാലും'. അവിടുന്ന് പറഞ്ഞു: 'അത് നിങ്ങൾക്ക് ദീൻ പഠിപ്പിക്കാൻ വന്ന ജിബ്‌രീൽ ആയിരുന്നു.'

അപ്പോൾ അറിവു പഠിപ്പിക്കുക എന്നതും മലക്കിന്റെ പ്രവൃത്തിയാണ്. മതപരമായ അറിവു മാത്രമല്ല, ഭൗതിക വ്യവഹാരങ്ങളെ സംബന്ധിച്ച ജ്ഞാനവും അവർ പഠിപ്പിക്കുന്നു. ഏതുവരെയെന്നാൽ, അവിശ്വാസികളെ പോലും അവർ പഠിപ്പിക്കുന്നു. എഡിസന്റെ ഒരു ഗ്രന്ഥം ഞാൻ വായിച്ചിട്ടുണ്ട്. അതിൽ അദ്ദേഹം എഴുതുന്നു: 'ഒരു സംഗതിയും ഞാൻ കണ്ടു പിടിക്കുകയല്ല ചെയ്യുന്നത്. പൊടുന്നനെ ഒരു സംഗതി എന്റെ മനസ്സിൽ വന്നു പതിയുകയും ഞാൻ അതനുസരിച്ച് പ്രവർത്തിക്കുകയുമാണ് ചെയ്യുന്നത്.' അദ്ദേഹം ഇത്തരം വിജ്ഞാനങ്ങളിൽ തത്പരനായതു കൊണ്ട് ഈ വിധത്തിലുള്ള കാര്യങ്ങൾ പഠിപ്പിക്കപ്പെട്ടു, നബിമാരും വലിമാരും മതപരമായ വിജ്ഞാനങ്ങളിൽ തത്പരരായ്തു കൊണ്ട് അവരെ മതവിജ്ഞാനങ്ങൾ പഠിപ്പിക്കുന്നു.

മലക്കുകൾ ജ്ഞാനം പഠിപ്പിക്കുന്ന രീതിയും അദ്ഭുതകരമാണ്. അവർ പഠിപ്പിക്കുന്ന കാര്യങ്ങൾ ബാഹ്യമനസ്സിലല്ല, മറിച്ച് ഉപബോധമനസ്സിലാണ് പതിയുന്നത്. അതായത്, മനുഷ്യൻ ആലോചിച്ച് എടുക്കുന്നതിനു വേണ്ടി മസ്തിഷ്കത്തിന്റെ പിൻഭാഗത്തായി അത് സ്ഥാപിക്കപ്പെടുന്നു. അവിടെ ബാഹ്യ മസ്തിഷ്കത്തേക്കാൾ ശക്തമായ സുരക്ഷിതത്വം ഉണ്ട്. ഒരു ശേഖരം പോലെയാണത്. മലക്കുകൾ പഠിപ്പിക്കുന്നതെല്ലാം മസ്തിഷ്കത്തിന്റെ ഈ ഭാഗത്തായിട്ടാണ് നിറയ്ക്കപ്പെടുന്നത് ഇല്ലാ മാശാ അല്ലാഹ്. മസ്തിഷ്കത്തിന് മൂന്ന് ഭാഗങ്ങളുണ്ട്. ഒരു ഭാഗം കൊണ്ട് നാം വസ്തുക്കളെ കാണുകയും ഗ്രഹിക്കുകയും ചെയ്യുന്നു. ഒരു ശേഖരം പോലെ സംഗതികൾ സൂക്ഷിക്കുകയും ഓർമിക്കുമ്പോൾ ഓർമ വരികയും ചെയ്യുന്ന ഭാഗമാണ് രണ്ടാമത്തേത്. മൂന്നാമത്തെ ഭാഗം അതൊരു ശേഖരം തന്നെയാണെങ്കിലും ഓർമിക്കാൻ ശ്രമിച്ചാലും ഓർമയിൽ അത് വരില്ല. ഒരുപാട് ചികഞ്ഞതിനു ശേഷമായിരിക്കും അത് മുന്നിൽ തെളിഞ്ഞു വരിക. മലക്കുകൾ ചിലപ്പോൾ ഈ മൂന്നാമത്തെ ഭാഗത്താണ് ജ്ഞാനം നിക്ഷേപിക്കുന്നത്. വേണ്ട സമയത്ത് ആ അറിവുകൾ വെളിപ്പെടും വിധമുള്ള സംഭവങ്ങൾ ഉണ്ടാകുന്നു. അവ ഓർത്തെടുക്കാൻ സാധിക്കുന്ന കാര്യങ്ങളല്ല. എനിക്ക് വ്യക്തിപരമായി അനുഭവമുണ്ട്. അന്നെനിക്ക് പതിനേഴോ പതിനെട്ടോ വയസ്സുണ്ടാകും. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ കാലഘട്ടമായിരുന്നു. ഞാൻ തശ്ഹീദുൽ അദ്ഹാൻ എന്ന മാസിക തുടങ്ങിയ കാലമായിരുന്നു അത്. ഒരു മലക്ക് വന്നിരിക്കുന്നതായി ഞാൻ സ്വപ്നത്തിൽ കണ്ടു. അതെന്നോട് പറഞ്ഞു: 'ഞാനെന്തെങ്കിലും നിനക്ക് പഠിപ്പിച്ചു തരട്ടെ.?' ഞാൻ പറഞ്ഞു: പഠിപ്പിച്ചാലും. സൂറ: ഫാത്തിഹ പഠിപ്പിക്കട്ടെ എന്ന് മലക്ക് ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു: 'അതേ, പഠിപ്പിച്ചാലും' അദ്ഭുതകരമായ കാഴ്ചയായിരുന്നു ആ സ്വപ്നം. അത് ആരംഭിക്കുന്നത് ഇപ്രകാരമാണ്: 'ടിൻ' എന്ന ശബ്ദമായിരുന്നു ആദ്യമായി എനിക്കുണ്ടായത്. പിന്നീടത് വ്യാപിക്കാൻ തുടങ്ങി. വ്യാപിച്ച് വ്യാപിച്ച് അത് ഒരു മൈതാനത്തിന്റെ രൂപം പ്രാപിച്ചു. അതിൽ ഞാൻ ഒരു രൂപം കണ്ടു. അതെനിക്ക് കൂടുതൽ വ്യക്തമായി തോന്നി. അത് ഒരു മലക്കാണെന്ന് ഞാൻ കണ്ടു. നിനക്ക് അറിവ് പഠിപ്പിച്ച് തരട്ടെ എന്ന് അതെന്നോട് ചോദിച്ചു. ഞാൻ പറഞ്ഞു: പഠിപ്പിച്ചാലും. സൂറ: ഫാത്തിഹയുടെ വ്യാഖ്യാനം പഠിപ്പിക്കാം എന്നു പറഞ്ഞു കൊണ്ട് സുറ: ഫാത്തിഹ

പഠിപ്പിക്കാൻ തുടങ്ങി. 'ഇയ്യാക്ക നഅബുദു' എന്ന ഭാഗത്തെത്തിയപ്പോൾ മലക്ക് പറഞ്ഞു: 'എല്ലാവരും ഇവിടെ വരെയാണ് വ്യാഖ്യാനം എഴുതിയിരിക്കുന്നത്. ഇനിയങ്ങോട്ടുള്ള ഭാഗത്തിന് തഫ്സീർ എഴുതിയിട്ടില്ല' ഞാനും അങ്ങനെത്തന്നെയാണ് മനസ്സിലാക്കുന്നത്. മലക്ക് പറഞ്ഞു: 'എന്നാൽ ഞാൻ നിനക്ക് ഇനിയങ്ങോട്ടുള്ള ഭാഗം പഠിപ്പിച്ചു തരാം. അങ്ങനെ ആ മലക്ക് മുഴുവൻ വ്യാഖ്യാനവും പഠിപ്പിച്ചു തന്നു. അപ്പോഴേക്കും ഞാൻ കണ്ണു തുറന്നു അന്നേരം എനിക്ക് ഒന്ന് രണ്ട് കാര്യങ്ങളേ ഓർമയുണ്ടായിരുന്നുള്ളു. അതും വളരെ ഗഹനമായിരുന്നുവെന്നാണ് എന്റെ ഓർമ. എന്നാൽ വീണ്ടും ഉറങ്ങി എണീറ്റപ്പോൾ അതും മറന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനെ ഞാൻ ഈ സ്വപ്നം കേൾപ്പിച്ചപ്പോൾ അന്നേരം തന്നെ അതെഴുതി വെക്കാത്തതിന് അദ്ദേഹം ദേഷ്യപ്പെട്ടു. പഠിപ്പിച്ച കാര്യങ്ങൾ അപ്പോൾ തന്നെ എഴുതി വെക്കണമായിരുന്നു.

ആ ദിവസത്തിനു ശേഷം ഞാൻ ഇന്നു വരെക്കും എനിക്ക് പഠിപ്പിക്കപ്പെട്ട പുതിയ സംഗതികൾ മാത്രമാണ് സുറ: ഫാത്തിഹയെ സംബന്ധിച്ച് പ്രതിപാദിച്ചിട്ടുള്ളത്. എനിക്ക് പഠിപ്പിക്കപ്പെട്ട ജ്ഞാനം കാരണത്താലാണിതെന്ന് ഞാൻ മനസ്സിലാക്കുന്നു. ഒരിക്കൽ ഈ ജ്ഞാനം സവിശേഷമായ നിലയിൽ തന്നെ എനിക്ക് അനുഭവപ്പെട്ടു. ഞങ്ങളുടെ സ്കൂൾ ടീം അമൃത്സറിൽ കളിക്കാൻ പോയതായിരുന്നു. അന്നു ഞാൻ സ്കൂളിൽ നിന്ന് പഠിച്ചിറങ്ങിയതായിരുന്നു വെങ്കിലും സ്കൂളുമായി ബന്ധമുണ്ടായിരുന്നു. പുതുതായി പഠിച്ചിറങ്ങിയ കാരണത്താൽ ഞാനും കൂടെ പോയി. അവിടെ ഞങ്ങളുടെ കുട്ടികൾ ജയിച്ചു. അതിനു ശേഷം മുസ്ലിംകൾ അവിടെ ഒരു സമ്മേളനം സംഘടിപ്പിക്കുകയും പ്രസംഗിക്കണമെന്ന് എന്നോട് ആവശ്യപ്പെടുകയും ചെയ്തു. സമ്മേളനത്തിലേക്ക് പോകും വഴി ഞാൻ സുഹൃത്തുക്കളോട് പറഞ്ഞുകൊണ്ടിരുന്നത് ഞാൻ സൂറ: ഫാത്തിഹയെ കുറിച്ച് പ്രസംഗിക്കുമ്പോഴെല്ലാം പുതിയ ജ്ഞാനങ്ങൾ അല്ലാഹു പറഞ്ഞു തരാറുണ്ടെന്നാണ്. അത്തരത്തിലുള്ള ബന്ധമാണ് ഞാനും അല്ലാഹുവും തമ്മിലുള്ളത് എന്നു ഞാൻ പറഞ്ഞു. സമ്മേളനത്തിനെത്തി പ്രസംഗിക്കാനായി ഞാൻ എഴുന്നേറ്റപ്പോൾ സൂറ: ഫാത്തിഹയല്ലാതെ മറ്റൊരു സൂറത്തും എന്റെ നാവിൽ വരുന്നേ ഇല്ല. ഒടുവിൽ ഇതൊരു പരീക്ഷണമായിരിക്കുമെന്ന് കരുതി സൂറ:ഫാത്തിഹ തന്നെ ഓതാൻ ഞാൻ നിർബന്ധിതനായി. ആ സൂറത്തിനെക്കുറിച്ച് ഒരു കാര്യവും എന്റെ മനസ്സിലുണ്ടായിരുന്നില്ല. ഞാൻ വെറുതെയങ്ങ് സൂറത്ത് ഓതിയതായിരുന്നുവെങ്കിലും ഓതിക്കഴിഞ്ഞയുടൻ എന്റെ മനസ്സിൽ പുതിയ ജ്ഞാനങ്ങൾ നിറക്കപ്പെട്ടു. അതായത്, നബി(സ)തിരുമേനിക്ക് സൂറ: ഫാത്തിഹ അവതരിച്ചപ്പോൾ അവിശ്വാസികളായിരുന്നു തിരുമേനിയുടെ സംബോധിത ജനത; യഹൂദികളോ ക്രിസ്ത്യാനികളോ ആയിരുന്നില്ല. എന്നാൽ യഹൂദികളും ക്രിസ്ത്യാനികളും ആയിത്തീരുന്നതിൽ നിന്ന് രക്ഷതേടി കൊണ്ടുള്ള പ്രാർഥനയാണ് പഠിപ്പിക്കപ്പെട്ടിരിക്കുന്നത്. മുൻപിലുള്ള സംബോധിത ജനതയെ പോലെ ആയിത്തീരരുതേ എന്ന പ്രാർഥനയായിരുന്നല്ലോ പഠിപ്പിക്കേണ്ടിയിരുന്നത്. ഇതിലടങ്ങിയിരിക്കുന്ന കാര്യം അവിശ്വാസികൾ നശിക്കുകയും ഇല്ലാതാവുകയും ചെയ്യപ്പെടേണ്ടവരായിരുന്നതിനാൽ അവരെ സംബന്ധിച്ച് പ്രാർഥിക്കേണ്ട ആവശ്യമില്ല എന്നതാണ്. എന്നാൽ യഹൂദികളും ക്രിസ്ത്യാനികളും ലോകാവസാനം വരെ നിലനിൽക്കേണ്ടവരായിരുന്നതിനാലാണ് അവരെക്കുറിച്ച് ദുആ പഠിപ്പിക്കപ്പെട്ടത്.

ഈ സംഗതി ഉടനെ തന്നെ അല്ലാഹു മനസ്സിലാക്കിത്തന്നു. ആ സന്ദർഭത്തിൽ എന്റെ മാനം കാത്ത അല്ലാഹുവിന് ഞാൻ നന്ദി പറഞ്ഞു.

ദൈവത്തിൽ നിന്ന് പഠിപ്പിക്കപ്പെടുന്ന ഈ ജ്ഞാനം എപ്പോഴും വേണ്ട സമയത്തായിരിക്കും ഉപകരിക്കുക. ഇത് ഓർമയിൽ നില്ക്കാതിരിക്കുന്നതിലും ഒരു യുക്തിയുണ്ട്. ഓർമയിലിരുന്നാൽ ഒരു പ്രാവശ്യത്തിലേക്ക് മാത്രമായിരിക്കും അത്. എന്നാൽ ഈ രൂപത്തിലാണെങ്കിൽ ജ്ഞാനം എന്നും ഉപകരിക്കുന്നതാണ്. ഇനി ആരെങ്കിലും ആക്ഷേപം ഉന്നയിക്കുമ്പോൾ ഖുർആനിൽ നിന്ന് മറ്റെന്തെങ്കിലും ആയത്ത് ചോദിക്കാൻ ഹാഫിളുമാരില്ലാത്ത പക്ഷം അല്ലാഹു സൂറ ഫാത്തിഹയിൽ നിന്ന് തന്നെ അതിനുള്ള ഉത്തരം പഠിപ്പിച്ചു തരുന്നു. അതുകൊണ്ട് ദൈവികജ്ഞാനങ്ങളിൽ ആവശ്യം വരുമ്പോൾ അവയെ ഉപയോഗപ്പെടുത്താം എന്ന അനുഗ്രഹം ഇതിലടങ്ങിയിരിക്കുന്നു. ആകയാൽ, മലക്കുകൾ മുഖാന്തരം ജ്ഞാനം പഠിപ്പിക്കപ്പെടുന്നു.

മലക്കുകൾ തനിക്ക് ഒരുപാട് അറിവ് പഠിപ്പിച്ച് തന്നിട്ടുണ്ടെന്ന് മുഹ്‌യുദ്ദീനുബ്നു അറബി(റഹ്) ഫുതൂഹാത്തെ മക്കിയ്യ എന്ന ഗ്രന്ഥത്തിൽ എഴുതുന്നുണ്ട്. മലക്കുകളെ സംബന്ധിച്ച് സൂഫികൾ ചെയ്തിട്ടുള്ള ചർച്ച വാഗ്ദത്ത മസീഹു(അ)മായി തട്ടിച്ചു നോക്കുമ്പോൾ പത്തിലൊന്ന് പോലും വരില്ല.

ആയിരക്കണക്കിന് ധാതുപദങ്ങൾ തനിക്കു പഠിപ്പിക്കപ്പെട്ടുവെന്ന് ഹ: മസീഹ് മൗഊദ് (അ) പലവട്ടം പറഞ്ഞിട്ടുണ്ട്. മലക്കുകൾ മുഖേന ഞാനും ഒരുപാട് കാര്യങ്ങൾ പഠിച്ചിട്ടുണ്ട്. ഒരിക്കൽ പാപം എന്ന വിഷയത്തെക്കുറിച്ച് എത്രമാത്രം വിശാലമായ രീതിയിൽ എനിക്ക് ജ്ഞാനം നല്കപ്പെട്ടുവെന്നാൽ എത്ര വിചിത്രകരമായാണ് തിന്മകളുടെയും ദൂഷ്യങ്ങളുടെയും ചിത്രം കോറിയിട്ടിരിക്കുന്നതെന്നോർത്ത് വിസ്മയിച്ചു പോകുന്നു.

ശേഷം പേജ് 30ൽ

# ഖിലാഫത്തിന്റെ അനിവാര്യത

സമൂഹപരിഷ്ക്കരണത്തിന് പ്രവാചകന്മാരെ അയക്കുക എന്നത് അല്ലാഹുവിന്റെ സനാതനമായ നടപടിക്രമമാണ്. അത് ഒരിക്കലും നിലക്കുന്ന പ്രതിഭാസമല്ല. അപ്രകാരം തന്നെ പ്രവാചകത്വത്തിന്റെ സാമൂഹിക പരിഷ്ക്കരണ ദൗത്യം പൂർത്തീകരിക്കാനും ആ ദിവ്യാനുഭൂതിയുടെ സുസ്ഥിരത സമൂഹത്തിൽ നിലനിർത്താനും ഖിലാഫത്തിന്റെ തുടർച്ച ഒരു അനിവാര്യതയും ദൈവിക വാഗ്ദാനത്തിൽ ഉള്ളടങ്ങിയതുമാണ്.

**അബ്ദുർറഹ്മാൻ, കൊടിയത്തൂർ**

അല്ലാഹുവിന്റെ റഹ്മാൻ (നിരുപാധികം കരുണ ചെയ്യുന്നവൻ) എന്ന ഗുണനാമത്തിന്റെ പ്രകടനമായികൊണ്ടാണ് ഭൂമുഖത്ത് പ്രവാചകന്മാർ നിയോഗിതരാവുന്നത്. ദൈവദൂതന്റെ വിളിക്ക് ഉത്തരം നൽകിയ വിശ്വാസികൾക്ക് ദൈവിക സമ്മാനം എന്ന നിലയിലും അവന്റെ റഹീമിയത്തിന്റെ പ്രകടനം എന്ന നിലക്കും തുടർന്ന് ഖിലാഫത്ത് (ആത്മീയ സാമൂഹിക ക്രമം) നിലവിൽ വരുന്നു. പിറകെ ഖിലാഫത്ത് നിലവിൽ വരുന്ന അവസ്ഥയിലല്ലാതെ ഒരു പ്രവാചകനും നിയോഗിതനായിട്ടില്ല എന്ന് നബി തിരുമേനി (സ) അരുളുകയുണ്ടായി. പ്രവാചകന്റെ നിയോഗ ലക്ഷ്യത്തിന്റെ പൂർത്തീകരണം തുടർന്ന് വരുന്ന ഖിലാഫത്ത് സംവിധാനത്തിലൂടെയാണ് നടന്നു വന്നിട്ടുള്ളത് എന്നതിന് മത ചരിത്രം സാക്ഷ്യം വഹിക്കുന്നു. തിരുനബി (സ)യുടെ ഉമ്മത്തിൽ ഖിലാഫത്ത് എന്ന ആത്മീയാനുഗ്രഹം അല്ലാഹു വിശുദ്ധ ഖുർആനിൽ വാഗ്ദാനം ചെയ്തിരിക്കുന്നു,

വിശുദ്ധ ഖുർആൻ പറയുന്നു. ***'നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർക്ക് മുമ്പുണ്ടായിരുന്നവരെ ഖലീഫമാരാക്കിയത് പോലെ ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി താൻ തൃപ്തിപെട്ടിട്ടുള്ള മതത്തെ അവർക്ക് പ്രബലപെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിന് ശേഷം അവരെ സമാധാനത്തിലാക്കുകയും ചെയ്യുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നോട് യാതൊന്നിനേയും പങ്കുചേർക്കാതെ അവനെ മാത്രം ആരാധിക്കുന്നതാണ്. അതിന് ശേഷം ആർ നിഷേധിക്കുന്നുവോ അവർ ധിക്കാരികളാണ്.' (സൂറത്തുനൂർ: വചനം 56)***

പ്രസ്തുത ആയത്തിന്റെ വിശദീകരണം എന്ന നിലയിൽ തിരുനബി(സ) ഇപ്രകാരം അരുൾ ചെയ്തിരിക്കുന്നു. **'അല്ലാഹു ഇച്ഛിക്കുന്നേടത്തോളം കാലം നുബൂവ്വത്ത് നിലനിൽക്കും. പിന്നീട് അവൻ അതിനെ ഉയർത്തും. തുടർന്ന് നുബൂവ്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് നിലവിൽ വരും. പിന്നെ അവനതിനെ ഉയർത്തും. അനന്തരം അല്ലാഹു ഇച്ഛിക്കുന്ന കാലം വരെ സ്വേച്ഛാധിപത്യം നിലനിൽക്കും. പിന്നെ അവൻ അതിനെ ഉയർത്തും. പിന്നെ അതിനെ അവൻ എടുത്ത് കളയുകയും പിന്നീട് നുബൂവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് ഉണ്ടാവുന്നതുമാണ്.' (മിശ്ക്കാത്ത്)**

മേൽ പ്രവചനങ്ങളിൽ പറയപ്പെട്ട വിധം ഖിലാഫത്തിന്റെ സംസ്ഥാപനവും അതിന്റെ വ്യതിയാനങ്ങളും അക്ഷരംപ്രതി പൂർത്തിയായി എന്ന് ഇസ്ലാമിക ചരിത്രം സാക്ഷ്യം വഹിക്കുന്നു. തിരുനബി (സ) യുടെ വിയോഗാനന്തരം അവിടുത്തെ ചരമം അകാലത്തിൽ സംഭവിച്ചുവെന്നും ഏറെ ദൗത്യങ്ങൾ അവശേഷിച്ചിരിക്കെയാണ് തിരുനബി(സ)യുടെ തിരുവിയോഗമുണ്ടായത് എന്നും സ്വാഭാവികമായും അനുചരന്മാർ ധരിച്ചു.

അവർക്ക് അത് ഉൾക്കൊള്ളുവാൻ സാദ്ധ്യ മായിരുന്നില്ല. ഹദ്റത്ത് ഉമർ (റ) നെ പോലുള്ള പ്രമുഖ സഹാബിക്ക് പോലും തിരുമേനി(സ) ദിവംഗതനായത് ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല. ബദവികളിൽ നിന്നുള്ള വലിയ സമൂഹം നവ മുസ്‌ലിംകൾ മതപരിത്യാഗികളാവുകയും ഇത് തന്നെയാണ് അവസരമെന്ന നിലയിൽ ശത്രുസമൂഹം പടക്കിറങ്ങുകയും ചെയ്ത സന്ദിഗ്ധ ഘട്ടത്തിലാണ് തിരുനബി(സ) യുടെ ഉത്തമ സുഹൃത്തും അവിടുത്തെ ഓരോ കാലടിയിലും അനുധാവനം ചെയ്ത സിദ്ദീഖുമായിരുന്ന ഹദ്റത്ത് അബൂബക്കർ (റ) ഖലീഫ എന്ന പരിപാവന സ്ഥാനത്ത് അവരോധിതനാവുന്നത്. അതേകാലത്ത് തന്നെയായിരുന്നൂ കള്ളപ്രവാചകത്വം വാദിച്ചു കൊണ്ട് രംഗത്ത് വന്ന അധികാര മോഹികൾ ഇസ്‌ലാമിക രാജ്യത്തിനെതിരിൽ പടനയിച്ചത്. ചുരുക്കത്തിൽ നാലു ഭാഗത്ത് നിന്നും ഭീഷണികളും ആഭ്യന്തരമായ കുഴപ്പങ്ങളും ഇസ്‌ലാമിക സമൂഹത്തിന്റെ നിലനിൽപ്പ് തന്നെ അപകടത്തിൽ എന്ന് തോന്നിയ വിപദ് ഘട്ടത്തിൽ തിരുനബി (സ) യുടെ ആത്മീയ പ്രതിനിധിയായ ഖലീഫ അബൂബക്കറിന് തനിക്ക് അല്ലാഹു കനിഞ്ഞു നൽകിയ ആത്മീയ ശക്തിയും നേതൃപാടവവും മുഖേന എല്ലാ പ്രതിസന്ധികളേയും സധൈര്യം നേരിടുകയും കാറ്റിലും കോളിലും പെട്ട് മുങ്ങിപ്പോകുമോ എന്ന് തോന്നി തുടങ്ങിയ ഇസ്‌ലാമിക നൗകയെ മുന്നോട്ട് നയിക്കുകയും വിജയതീരമണയാൻ അല്ലാഹു അദ്ദേഹത്തിന് പ്രാപ്തി നൽകുകയും ചെയ്തു. തിരുനബി (സ)യുടെ കാലഘട്ടത്തിൽ വടക്കൻ മേഖലകളിൽ കൈയേറ്റം നടത്തിയിരുന്ന റോമക്കാരെ നേരിടുവാൻ ഉസാമ (റ)യുടെ നേതൃത്വത്തിൽ തയ്യാറാക്കി നിർത്തിയിരുന്ന സേനയുണ്ടായിരുന്നു. പ്രസ്തുത സേന ദൗത്യത്തിനായി പുറപ്പെടുവാനിരിക്കെയായിരുന്നു തിരുനബി (സ)യുടെ വിയോഗമുണ്ടാകുന്നത്. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) നേരിട്ട പ്രഥമ പ്രതിസന്ധിയായിരുന്നു ഉസാമയുടെ സേന ഇനി എന്തു ചെയ്യണമെന്നത്. പ്രമുഖ സഹാബിമാരുൾപ്പെടെ പലരും പ്രസ്തുത സൈന്യം മാറിയ സാഹചര്യത്തിൽ പുറപ്പെടേണ്ടതില്ല എന്ന അഭിപ്രായമായിരുന്നു മുമ്പിൽ ബോധിപ്പിച്ചിരുന്നത്. എന്നാൽ *'അല്ലാഹുവിന്റെ പ്രവാചകൻ ഒരുക്കി നിർത്തിയിരുന്ന ഒരു സേനയുടെ സഞ്ചാരം തടയാൻ അബൂഖുഹാഫയുടെ മകന് എന്ത് അധികാരം.?!'* എന്ന് ദൃഢസ്വരത്തിൽ അബൂബക്കർ (റ) മറുപടി നൽകുകയും പ്രസ്തുത സേനയെ അതിർത്തിയിലേക്കയക്കുകയും ചെയ്തു. പ്രസ്തുത സൈന്യം അല്ലാഹുവിന്റെ സഹായത്താൽ ഉജ്ജ്വല വിജയം കൈവരിക്കുകയും കുഴപ്പക്കാരെ അടിച്ചമർത്തി ഇസ്‌ലാമിന്റെ ഭരണത്തിന് കീഴിൽ കൊണ്ടുവരികയും ചെയ്തു, പ്രസ്തുത സംഭവം ഖിലാഫത്തിന്റെ പ്രഭാവം വെളിപ്പെടുത്തുവാൻ ഖലീഫയുടെ പിന്നിൽ അല്ലാഹു ഉണ്ട് എന്ന സത്യം ഏവർക്കും ബോധ്യപ്പെടുത്തുവാൻ പര്യാപ്തമായിരുന്നു. തുടർന്ന് വന്ന ഹദ്റത്ത് ഉമർ (റ), ഉസ്മാൻ (റ), അലി (റ) തുടങ്ങിയവരുടെ കാലഘട്ടത്തിലൂം ഇസ്‌ലാമിക വിജയത്തിന്റെയും പുരോഗതിയുടെയും മാർഗത്തിലുള്ള നിരവധി നിർണായക സംഭവങ്ങൾ നടക്കുകയുണ്ടായി. തിരുനബി (സ) തന്നെ പ്രവചനത്തിന്റെ പുലർച്ചയായി കൊണ്ടാണ് മുപ്പത് വർഷത്തെ ഖുലഫാ ഉർറാശിദയുടെ നേതൃത്വത്തിന് ശേഷം ഖിലാഫത്തിന് വ്യതിയാനം സംഭവിച്ചത്. ഇതിനെ തുടർന്നാണ് ഇസ്‌ലാമിക സമൂഹത്തിൽ വ്യതിയാനവും കുഴപ്പങ്ങളും ഉണ്ടാവുന്നത് എന്ന കാര്യം ചരിത്രസത്യങ്ങളാണ്. തുടർന്ന് വന്ന അമവി അബ്ബാസി ഉസ്മാനീ ഖിലാഫത്തുകൾ തിരുനബി(സ) പ്രവചിച്ച ഏകാധിപത്യം, രാജാധിപത്യം, സ്വേച്ഛാധിപത്യം ഖിലാഫത്തുകളുടെ രൂപങ്ങളായിയിരുന്നുവെങ്കിലും മുസ്‌ലിം ലോകത്തിന്റെ ഐക്യത്തിന്റേയും ശക്തിയുടെയും പ്രതീകങ്ങളായി ഖിലാഫത്ത് നിലനിന്നു. അഭിമാനകരമയ ഏറെ നേട്ടങ്ങൾ ഇസ്‌ലാമിക സമൂഹം ഖിലാഫത്തിന് കീഴിൽ കൈവരിക്കുകയുമുണ്ടായി. ഒന്നാം ലോകയുദ്ധത്തിൽ തുർക്കി ഖലീഫ പരാജയപ്പെടുകയും തുടർന്ന് തുർക്കിയിൽ അധികാരത്തിൽ വന്ന മുസ്തഫാ കമാൽ പാഷ ഖിലാഫത്ത് എന്ന സ്ഥാപനത്തെ എന്നന്നേക്കുമായി അവസാനിപ്പിക്കുന്ന പ്രഖ്യാപനം നടത്തിയതിനെ തുടർന്ന് പതിമൂന്ന് നൂറ്റാണ്ടു നിലനിന്നിരുന്ന ഖിലാഫത്ത് വ്യവസ്ഥ ഒരു ഘട്ടം പൂർത്തിയാക്കി തിരോഭവിച്ചു. തുടർന്ന് മുസ്‌ലിം ലോകത്തുണ്ടായ പ്രക്ഷോഭങ്ങളും വിലാപങ്ങളുമെല്ലാം ഖിലാഫത്ത് എന്ന സംവിധാനത്തോട് മുസ്‌ലിംങ്ങളുടെ കൂറും സ്നേഹവും അതിന്റെ പ്രാധാന്യവുമാണ് നമുക്ക് മനസ്സിലാക്കിത്തരുന്നത്. ജോർജ് ആറാമൻ ചക്രവർത്തിയുടെ മുഖത്തു നോക്കി ഗർജിച്ച ധീരരിൽ ധീരനായ മൗലാനാ മുഹമ്മദലി ഖിലാഫത്തിനെ പ്രതിനിധീകരിക്കുന്ന തുർക്കി ഖിലാഫത്തിന് സംഭവിച്ച പരാജയത്തിൽ മനം നൊന്ത് ആത്മഹത്യക്കൊരുങ്ങുകയുണ്ടായി എന്ന വസ്തുത അദ്ദേഹം തന്നെ തന്റെ ആത്മ കഥയിലൂടെ വെളിപ്പെടുത്തുകയുണ്ടായി എന്ന് വരുമ്പോൾ ഖിലാഫത്തിന് നൽകപ്പെട്ടിരിക്കുന്ന പ്രാധാന്യം നമുക്ക് മനസ്സിലാക്കാം. മൗലാനാ മുഹമ്മദലി ജൗഹർ എഴുതുന്നു:

**'അന്ന് രാത്രി പത്രമാപ്പീസിൽ നിന്ന് എനിക്ക് ലഭിച്ച അവസാന സന്ദേശം നിരാശാജനകമായിരുന്നു. ബൾഗേറിയക്കർ കോൺസ്റ്റാന്റിനേപ്പിളിനോട് അടുത്തെത്തിക്കഴിഞ്ഞിരുന്നു എന്നായിരുന്നു ആ സന്ദേശം. എല്ലാ പ്രതീക്ഷകളുടേയും കേന്ദ്രമെന്ന നിലയിൽ അഞ്ചു നൂറ്റാണ്ടിലധികം കാലമായി മുസൽമാൻമാർ പരിപാവനമെന്ന് കരുതപ്പെട്ടിരുന്ന കോൺസ്റ്റാന്റിനേപ്പിൾ തകരാൻ പോകുന്നുവെന്ന്**

**കേട്ടപ്പോൾ ഞാൻ അത്യധികം ദു:ഖപരവശനായി. ഭാരിച്ച നിരാശ കാരണം ഞാൻ എന്റെ ജീവിതത്തിന് പൂർണ്ണ വിരാമമിടാൻ തുനിഞ്ഞെന്ന പരമാർത്ഥം ഇപ്പോൾ മാത്രമാണ് ഞാൻ തുറന്ന് പറയുന്നത്' (മൗലാനാ മുഹമ്മദലിയുടെ ആത്മ കഥ, വിവർത്തനം, യു. എ ബീരാൻ)**

മൗലാനാ അബുൽ കലാം ആസാദ് ഖിലാഫത്തിന്റെ അനിവാര്യതയും പവിത്രതയും വിവരിക്കുന്ന ഒരു ഗ്രന്ഥം തന്നെ രചിക്കുകയുണ്ടായി. ഒരു കൈ ഉയർത്തുമ്പോൾ ഉയരുകയും താഴ്ത്തുമ്പോൾ താഴുകയും ചെയ്യുന്ന അനുസരണത്തിന്റെയും ഐക്യത്തിന്റേയും അനുഗ്രഹങ്ങളെ സംബന്ധിച്ച് അദ്ദേഹം ആവേശം കൊള്ളുന്നുണ്ട്. കാലത്തിന്റെ ഇമാമിനെ ബൈഅത്ത് ചെയ്യാത്തവന്റെ മരണം ജാഹിലിയ്യത്തിന്റെ മരണമായിരിക്കുമെന്ന തിരുനബി (സ) യുടെ പ്രവചനം ഖിലാഫത്തിന്റെ അനിവാര്യതയേയും മഹത്വത്തെയും വെളിപ്പെടുത്തുന്നതാണ്. ഉമർ(റ)ന്റെ സുപ്രസിദ്ധമായ വചനവും നമ്മെ പഠിപ്പിക്കുന്നത് ഖിലാഫത്തിന്റെ പ്രാധാന്യം തന്നെയാണ്. അദ്ദേഹം അരുളി: **'അൽ ജമാഅത്ത് അല്ലാതെ ഇസ്‌ലാമില്ല. നേതൃത്വമില്ലാതെ ജമാഅത്തുമില്ല. അനുസരിക്കപ്പെടാതെ നേതൃത്വവുമില്ല.'** അനുസരിക്കൽ നിർബന്ധമായ അമീറുൽ മുഅ്മിനീന്റെ കീഴിൽ അൽജമാഅത്തായിട്ടാണ് മുസ്‌ലിം സമൂഹം നിലകൊള്ളേണ്ടത് എന്ന സത്യമാണ് ഇവിടെ വ്യക്തമാക്കപ്പെട്ടത്. അബൂബക്കർ സിദ്ധീഖ് (റ) എപ്പോഴാണ് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടത് എന്ന് ചോദിക്കപ്പെട്ടപ്പോൾ സഹാബത്ത് പറഞ്ഞ മറുപടി തിരുനബി (സ)യുടെ വഫാത്തിനെ തുടർന്ന് തങ്ങളുടെ പ്രഥമ പരിഗണന പ്രസ്തുത കാര്യത്തിനായിരുന്നു എന്നായിരുന്നു. അതിന് അവർ കാരണം പറഞ്ഞത് ഒരു ദിവസത്തെ ഏതാനും ഭാഗങ്ങൾ പോലും ജമാഅത്തായിട്ടല്ലാതെ നിലകൊള്ളുന്നത് തങ്ങൾ ഇഷ്ടപ്പെട്ടില്ല എന്നായിരുന്നു. അബൂബക്കർ സിദ്ധീഖ് (റ) വിനെ ഖലീഫയായി തിരഞ്ഞെടുത്ത് ബൈഅത്ത് ചെയ്ത ശേഷമായിരുന്നു അവർ തിരുനബി (സ)യുടെ ജനാസ സംസ്ക്കരിക്കുന്ന വിഷയത്തിലേക്ക് ശ്രദ്ധതിരിച്ചിരുന്നത്. അത്രക്ക് പ്രാധാന്യം ഖലീഫക്കും ഖിലാഫത്തിനും അവർ നൽകിയിരുന്നു.

ഉമ്മത്തെ മുസ്‌ലിമക്ക് ഖിലാഫത്ത് വാഗ്ദാനം ചെയ്യുന്ന മുകളിലുദ്ധരിച്ച സൂറ: നൂറിലെ വചനങ്ങൾ (24 :56) പ്രധാനമായും പറയുന്ന കാര്യങ്ങൾ ഇവയാണ്.

1. വിശ്വാസികളും സൽക്കർമികളുമായവരുടെ സമൂഹത്തിന് നൽകപ്പെടുന്ന അനുഗ്രഹമായിരിക്കും ഖിലാഫത്ത്.

2. ഖിലാഫത്ത് മുഖേന മതത്തിന് ശക്തിയും പ്രബലതയും ലഭിക്കുമാറാകുന്നു.

3. മുസ്‌ലിംങ്ങളുടെ സാമൂഹികമായ എല്ലാ അസ്വസ്ഥതകളും അസമാധാനങ്ങൾക്കുമുള്ള നിവാരണം ഖിലാഫത്ത് മുഖേന ഉണ്ടാകുന്നു. ഭയാനകമായ അസ്വസ്ഥകളിൽ ഖിലാഫത്ത് മുഖേന ശാന്തിയും സുരക്ഷയും ലഭിക്കുമാറാകുന്നു.

4. ഖലീഫമാരും അവരുടെ നേതൃത്വത്തിലുള്ള ജമാഅത്തും പൂർണമായും ശിർക്കിൽ നിന്ന് മുക്തരും അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവരും അവന്റെ തൃപ്തിക്കൊത്ത് പ്രവർത്തിക്കുന്നവരുമായിരിക്കും.

ചുരുക്കത്തിൽ പ്രവാചകന് ശേഷം വിശ്വാസി സമൂഹത്തിന്റെ ആത്മീയവും ഭൗതികവുമായ സർവ പുരോഗതിയും ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇസ്‌ലാമിന്റെയും പൂർവ സമുദായത്തിന്റേയും ചരിത്രം ഈ കാര്യത്തിൽ സാക്ഷ്യം വഹിക്കുന്നു. നബി(സ) തിരുമേനി(സ) യുടെ പ്രവചനമനുസരിച്ച് നുബൂവ്വത്തിന്റെയും സേച്ഛാധിപത്യത്തിന്റെയും മാതൃകയിലുള്ള ഖിലാഫത്തുകൾക്ക് ശേഷം നുബൂവ്വത്തിന്റെ മാതൃകയിലുള്ള പരിശുദ്ധമായ ജമാഅത്ത് സംവിധാനം നിലവിൽ വരേണ്ടതും അനിവാര്യമായിരുന്നു. ഇസ്‌ലാമിന്റെ പ്രതാപം അസ്തമിക്കുകയും മുസ്‌ലിം ഉമ്മത്ത് ഇസ്‌ലാമിൽ നിന്നകന്ന് യഹൂദീ നസാറാക്കളെ പിൻപറ്റുന്ന ഒരുകാലഘട്ടത്തിൽ നിയോഗിതനാകുന്ന മഹ്ദി മസീഹിനെ നബിയുല്ലാഹ് എന്ന് റസൂൽ തിരുമേനി(സ) വ്യക്തമായ നിലയിലും ആവർത്തിച്ചും വിശേഷിപ്പിക്കുകയുണ്ടായി. അതുകൊണ്ട് തന്നെയാണ് ഉമ്മത്തിലെ പണ്ഡിതന്മാരും മഹാത്മാക്കളും മഹ്ദീമസീഹിന്റെ ആഗമനത്തോടെ ഖിലാഫത്ത് സ്ഥാപിക്കപ്പെടുമെന്ന് അരുളിയത്. പ്രസ്തുത പ്രവചനം വാഗ്ദത്ത മസീഹിലൂടെയും അഹ്മദിയ്യാ ഖിലാഫത്തിലൂടെയും പൂർത്തിയായി.

## ഖിലാഫത്തിനെ സംബന്ധിച്ച് വാഗ്ദത്ത മസീഹിന്റെ പ്രവചനം

തനിക്ക് ശേഷം സ്ഥാപിതമായിരിക്കുന്ന ഖിലാഫത്ത് സംവിധാനത്തെ കുറിച്ച് വ്യക്തമായ നിലയിൽ വാഗ്ദത്ത മസീഹ് വിവരിക്കുകയുണ്ടായി. അൽ വസിയ്യത്ത് എന്ന പേരിൽ രചിച്ച തന്റെ അന്തിമ ഉപദേശങ്ങളിൽ തനിക്ക് ശേഷം സ്ഥാപിതമാകാൻ പോകുന്ന ഖിലാഫത്ത് സംവിധാനത്തെ സംബന്ധിച്ച് അദ്ദേഹം പറയുന്നു: ***'ചുരുക്കത്തിൽ രണ്ട് വിധത്തിലുള്ള ദിവ്യശക്തി പ്രഭാവങ്ങളാണ് പ്രത്യക്ഷപ്പെടാറുള്ളത്. ഒന്നാമതായി പ്രവാചകന്മാരുടെ കരങ്ങളിലൂടെ സ്വയം ദിവ്യശക്തിയുടെ ഹസ്തം പ്രകടമാവുന്നു. രണ്ടാമതായി പ്രവാചകന്റെ വഫാത്തിന് ശേഷം പ്രയാസങ്ങളെ അഭിമുഖീകരിക്കേണ്ടിവരികയും ശത്രുക്കൾ ശക്തിയാർജിക്കുകയും പ്രവർത്തനങ്ങൾക്ക് ഭംഗം സംഭവിക്കുകയും ജമാഅത്ത് നാമവശേഷമായിപ്പോവു***

*മെന്ന് ശത്രുക്കൾ ഉറപ്പാക്കുകയും ചെയ്യുന്നു. .........അപ്പോൾ അല്ലാഹു തന്റെ അതിമഹത്തായ ദിവ്യശക്തി ഒരിക്കൽ കൂടി വെളിപ്പെടുത്തിക്കൊണ്ട് ആപതിച്ചുകൊണ്ടിരിക്കുന്ന ജമാഅത്തിനെ സംരക്ഷിക്കുന്നു.' (അൽ വസിയ്യത്ത്. പേ. 6)*

തുടർന്ന് തിരുനബി(സ)യുടെ വിയോഗാനന്തരം സഹാബാക്കളുടെ ഇടയിൽ ഉണ്ടായ ദു:ഖത്തിന്റെയും പരിഭ്രാന്തിയുടേയും അവസ്ഥകളും അല്ലാഹു അബൂബക്കർ സിദ്ദീഖ്(റ)വിനെ എഴുന്നേൽപ്പിച്ചുകൊണ്ട് ഇസ്‌ലാമിക സമൂഹത്തെ ഉറപ്പിച്ചു നിർത്തിയ മാതൃക എടുത്ത് പറഞ്ഞുകൊണ്ട് തനിക്ക് ശേഷവും ആവർത്തിക്കാനിരിക്കുന്ന കാര്യങ്ങൾ അവിടുന്ന് മനസ്സിലാക്കിത്തരുന്നു. തുടർന്ന് പറയുന്നത് കാണുക. ***'അത്കൊണ്ട് അല്ലയോ പ്രിയപ്പെട്ടവരെ, എതിരാളികളുടെ നിർഥകങ്ങളായ രണ്ട് ആഹ്ലാദങ്ങളെ തകർക്കുന്നതിന് വേണ്ടി തന്റെ സനാതന നടപടിയനുസരിച്ച് ഇപ്രകാരം അല്ലാഹു രണ്ട് വിധം ദിവ്യശക്തികൾ പ്രകടമാക്കുന്നു. അത്കൊണ്ട് ഇനി അല്ലാഹുവിന്റെ സനാതനമായ നടപടി ക്രമത്തെ ഉപേക്ഷിച്ചു കളയുക സംഭവ്യമല്ലാതായി തീരും. ഞാൻ നിങ്ങളോട് വിവരിച്ച ഈ കാര്യങ്ങൾ കൊണ്ട് നിങ്ങൾ കുണ്ഠിതരും മന:ക്ലേശമുള്ളവരും ആയിത്തീരുന്നതും, കാരണം നിങ്ങളും രണ്ടാമത്തെ ദിവ്യശക്തി ദർശിക്കേണ്ടത് അത്യാവശ്യമാകുന്നു. നിങ്ങൾക്കത് ഗുണകരമാണ്. അതിന്റെ ആഗമനം.! എന്തുകൊണ്ടെന്നാൽ അത് ശാശ്വതവും അതിന്റെ ശൃംഖല അന്ത്യനാൾവരെ മുറിഞ്ഞു പോകാത്തതുമാണ്. ഞാൻ പോകാഞ്ഞാൽ ദ്വിതീയ ദിവ്യശക്തി വരികയില്ല. എന്നാൽ ഞാൻ പോയാൽ അല്ലാഹു നിങ്ങൾക്ക് വേണ്ടി രണ്ടാം ദിവ്യശക്തിയെ അയക്കും. (ബഹാറീനെ അഹ്മദിയ്യായിലെ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അത് എപ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. ആ വാഗ്ദാനം എന്നെകുറിച്ചുള്ളതല്ല. നിങ്ങളെ പ്പറ്റിയുള്ളതാകുന്നു.' (അൽവസിയ്യത്ത് പേ. 8)***

***'ഞാൻ അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് ഒരു ദിവ്യ ശക്തിയുടെ രൂപത്തിലാണ് വന്നിട്ടുള്ളത്. ഞാൻ ദൈവികമായിട്ടുള്ള ഒരു ശക്തി പ്രഭാവമാകുന്നു. എനിക്ക് ശേഷം ചില വ്യക്തികളുണ്ടാകും. അവ രണ്ടാം ദിവ്യ ശക്തിയുടെ പ്രതീകങ്ങളായിരിക്കും.' (പേ. 9)***

വാഗ്ദത്ത മസീഹി(അ)ന്റെ വിയോഗത്തിന് ശേഷം റസൂൽ തിരുമേനി(സ) യുടെ പ്രവചനമനുസരിച്ച് നുബൂവ്വത്തിന്റെ മാർഗത്തിലുള്ള അഹ്മദിയ്യാ ഖിലാഫത്ത് നിലവിൽ വന്നു. ഖിലാഫത്തിന്റെ തുടർച്ചയെന്ന നിലക്ക് തന്റെ വാഗ്ദത്ത പുത്രനെ ഖിലാഫത്തുമായി ബന്ധപ്പെടുത്തി പറയുന്ന വാഗ്ദത്ത മസീഹിന്റെ ലിഖിതങ്ങൾ ഏറെ പ്രസക്തവും വിസ്മയകരവുമായ ഒരു പ്രവചനമാണ്. അവിടുന്ന് അരുളുന്നു: **'എനിക്ക് ശേഷം എന്റെ ജമാഅത്തിലെ വിശുദ്ധനായ ഒരു മഹൽ വ്യക്തി എന്റെ നാമത്തിൽ ജനങ്ങളിൽ നിന്ന് ബൈഅത്ത് വാങ്ങട്ടെ. (പേ. 9)** മേൽ വചനം എഴുതിയ ശേഷം അടിക്കുറിപ്പായി രേഖപ്പെടുത്തുന്നത് കാണുക. ***'നിന്റെ ജമാഅത്തിന് വേണ്ടി നിന്റെ സന്താനങ്ങളിൽ നിന്ന് ഒരാൾ എഴുന്നേൽപ്പിക്കപ്പെടുക്കുമെന്നും അവനെ തന്റെ വഹ്‌യ് കൊണ്ടും സാമീപ്യം കൊണ്ടും പ്രത്യേകപ്പെടുത്തുമെന്നും അവൻ മുഖേന സത്യം പടർന്ന് പന്തലിക്കുകയും അധികമായി ജനങ്ങൾ സത്യം സ്വീകരിക്കുന്നതാണെന്നും അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു.' (അൽവസിയ്യത്ത് പേ. 10)*** ഇവിടെ വ്യക്തമായ നിലയിൽ ഖിലാഫത്തുമായും തന്റെ പ്രസ്ഥാനത്തിന്റെ പുരോഗതിയുമായും ഉള്ള വാഗ്ദത്ത പുത്രന്റെ ബന്ധം നമുക്ക് മനസ്സിലാക്കിത്തരുന്നു. (തുടരും)

പേജ് 26ൽ നിന്ന് തുടർച്ച

***പതിനേഴാമത്തെ ധർമം:*** എല്ലാവരുടെയും മനസ്സിൽ സദ്പ്രേരണകളും സദ്വിചാരങ്ങളും ഇടുക എന്നതാണ് മലക്കുകളുടെ പതിനേഴാമത്തെ പ്രവൃത്തി. ഓരോ മനുഷ്യനു വേണ്ടി വേറെ തന്നെ നിശ്ചയിക്കപ്പെടുന്ന മലക്കിന്റെ ജോലിയാണിത്. മനുഷ്യമനസ്സിൽ നടന്നു കൊണ്ടിരിക്കുന്ന മലക്കുകളുടെ ഈ സദ്പ്രേരണകൾ വാസ്തവത്തിൽ ജിബ്രീലിന്റെ അധീനതയിലാണ് സംഭവിക്കുന്നത്. നബി(സ)തിരുമേനി പറയുന്നു: ഫിൽഖൽബി ലമ്മത്താനി.. .. ..

അതായത്, മനുഷ്യമനസ്സിൽ രണ്ടു വിധത്തിലുള്ള പ്രേരണകളാണ് നടക്കുന്നത്. മലക്കുകളുടെ ഭാഗത്തു നിന്ന് നല്ല കാര്യങ്ങൾക്കു വേണ്ടിയുള്ള പ്രേരണകളും സത്യത്തെ സാക്ഷ്യപ്പെടുത്തലുമാണ് ഒന്ന്. ആയതിനാൽ, അത്തരം പ്രേരണകൾ ഒരുവനിലുണ്ടായാൽ അത് അല്ലാഹുവിൽ നിന്നാണെന്ന് മനസ്സിലാക്കിക്കൊണ്ട് അവൻ നന്ദി പ്രകാശിപ്പിക്കട്ടെ. ശത്രുവിൽ നിന്നാണ് മറ്റൊന്ന്. അത് അവനെ ചീത്തകാര്യങ്ങളിലേക്ക് പ്രേരിപ്പിക്കുകയും സത്യത്തെ നിഷേധിക്കുകയും നല്ലകാര്യങ്ങളിൽ നിന്ന് തടയുകയും ചെയ്യുന്നു. ആയതിനാൽ, ഇത്തരം ചിന്തകൾ ആരുടെ മനസ്സിലാണോ ഉടലെടുക്കുന്നത് അവൻ അല്ലാഹുവിനോട് സാത്താനിൽ നിന്ന് അഭയം ചോദിക്കട്ടെ.

മലക്കുകളുടെ യാഥാർഥ്യവും അവരുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. ഇതിൽ നിന്നും മലക്കുകൾ വെറുതെയല്ല, മനുഷ്യനുമായി വലിയ ബന്ധം അവർക്കുണ്ടെന്ന് മനസ്സിലായിട്ടുണ്ടാകുമല്ലോ. ആ നിലയ്ക്ക് സാധാരണക്കാർ വിചാരിക്കുന്നതു പോലെ ഇതൊരു നിസ്സാര സംഗതിയല്ല. മറിച്ച് മലക്കുകളുടെ അസ്തിത്വവും അങ്ങേയറ്റം പ്രയോജനം നല്കുന്നതാണെന്ന് മനസ്സിലാക്കാം. (തുടരും)

ഭാഗം – 14

# ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ

ഇബ്നു വഫ കോഴിക്കോട്

യുദ്ധത്തിൽ പരാജിതരായ ഖുറൈശികളുടെ ഹൃദയത്തിലിപ്പോൾ പ്രതികാരാഗ്നി തിളച്ചു മറിയുകയാണ്. മുസ്ലിമീങ്ങൾ ഈ യുദ്ധത്തിലൂടെ അവിശ്വാസികളുടെ മുന്നിൽ ഒരുതരത്തിൽ ഒരു വൻ ശക്തിയായി ഉയർന്നുവന്നുവെങ്കിലും യഥാർഥത്തിൽ അവരിൽ നിന്നുള്ള ഭീഷണി വർധിക്കുകയാണ് ചെയ്തത്. അതിനുള്ള പ്രധാന കാരണം യുദ്ധത്തിൽ നേതാക്കൾ കൊല്ലപ്പെട്ടതോടുകൂടി അവരുടെ സാമൂഹിക ചുമതലകളും ഉത്തരവാദിത്വങ്ങളും യുവാക്കളുടെ കൈകളിലാണു വന്നെത്തിയത്. അവർ മുസ്ലിമീങ്ങളെ ഒരു പാഠം പഠിപ്പിക്കാനായി ഏത് സാഹസത്തിനും മനസ്സു കൊണ്ടു ഒരുങ്ങിക്കഴിഞ്ഞു. അതിന്റെ അനന്തരഫലങ്ങളും പ്രത്യാഘാതങ്ങളും എന്ത് തന്നെയായാലും അവരതു നേരിടാനും തയ്യാറാണ്. കാരണം മുസ്ലിമീങ്ങൾക്കെതിരിൽ വല്ലതും ചെയ്തു കൊണ്ട് അവരെ ഇപ്പോൾ അമർച്ച ചെയ്തില്ലെങ്കിൽ പിന്നീടത് അസാദ്ധ്യമായിത്തീരും എന്നവർ കരുതുന്നുണ്ടായിരുന്നു.

ഖുറൈശികളുടെ എല്ലാവരുടേയും മാനസികനില ഇതു തന്നെയാണ്. അവർ പ്രതികാര ബുദ്ധിയോടെയായിരുന്നു നാളുകൾ തള്ളിനീക്കിയത്. എന്നിരുന്നാലും മുസ്ലിമീങ്ങൾ നേടിയ അപ്രതീക്ഷിത വിജയം അറബ് ഗോത്രങ്ങൾക്കിടയിൽ മുസ്ലിമീങ്ങളെ കുറിച്ചുള്ള ധാരണ തിരുത്തി എഴുതപ്പെട്ടു. മുസ്ലിമീങ്ങൾ പെട്ടെന്നു തകർക്കപ്പെടാനാവാത്ത ശക്തിയാണെന്നവർ മനസ്സിൽ പറഞ്ഞു. മർദിതരും, എന്നും അപകട നിഴലിൽ കഴിഞ്ഞിരുന്നവരുമായ മുസ്ലിമീങ്ങളുടെ മനോനിലയും ഭാവി പ്രതീക്ഷകളും ഈ വിജയത്തിലൂടെ കുറേ ഏറെ ഉയർന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ ഈ യുദ്ധത്തെ 'യൗമുൽ ഫുർഖാൻ' എന്നാണ് വിശേഷിപ്പിച്ചത്. അതെ, മുസ്ലിമീങ്ങളുടേയും അവിശ്വാസികളുടേയും ഇടയിൽ വിധി നിർണയിക്കുന്ന യുദ്ധം, അഥവാ വിധി നാൾ. എഴുപത് പേർ കൊല്ലപ്പെട്ടു എന്നതു ഖുറൈശികളെ സംബന്ധിച്ചിടത്തോളം ഒരു വലിയ സംഖ്യയല്ല. പിന്നീടുണ്ടായ ചില യുദ്ധങ്ങളിൽ മുസ്ലിമീങ്ങൾ ഇതിലും കൂടുതൽ, ശഹീദാക്കപ്പെട്ടിട്ടുണ്ട്. പക്ഷേ ഇവിടെ ഖുറൈശികളുടെ ജീവനാഡിയാണ് അറുക്കപ്പെട്ടത്. സമുദായത്തിന്റെ കണ്ണും കരളും ആത്മാവുമായ ഉത്ബയും ശേബയും, അബൂജഹലും വലീദും ഉമയ്യയും അഖബയും എല്ലാമെല്ലാം, നോക്കി നിൽക്കേ ബദർ മൈതാനത്ത്, എന്നെന്നേക്കുമായി പൊലിഞ്ഞ് ഇല്ലാതായി. ഇതവരെ സംബന്ധിച്ചിടത്തോളം ഒരിക്കലും താങ്ങാനാവാത്തതാണ്; സഹിക്കാവുന്നതിനപ്പുറമാണ്. ഓരോ ദിനം കഴിയുന്തോറും അവരുടെ മനസ്സിലെ ദു:ഖം പ്രതികാരമായും മനോവേദന വിദ്വേഷവും പകയുമായി രൂപാന്തരപ്പെട്ടു. അവർ ശപഥം ചെയ്തു, ഞങ്ങളിതിന് പ്രതികാരം ചെയ്യും, ഞങ്ങളിതിന് എണ്ണി എണ്ണി പകരം ചോദിക്കും. തീർച്ച.

### അനുശോചന വിലക്കും ഹിന്ദയുടെ തീ കനൽ ശപഥവും

സാധാരണക്കാരുടെ മാനസിക വികാരങ്ങൾ നന്നായി മനസ്സിലാക്കിയ അബൂസുഫിയാൻ ബിൻ ഹറബും സമുദായത്തിൽ സ്വാധീനമുള്ള മറ്റുചിലരും ചേർന്ന് ഒരു തീരുമാനമെടുത്തു. ബദറിലെ പരാജയത്തിനു നാം പകരം ചോദിക്കുന്നതുവരെ, പ്രതികാരംചെയ്യുന്നതുവരെ, കൊല്ലപ്പെട്ട തങ്ങളുടെ ബന്ധുമിത്രാദികളുടെ പേരിൽ ആരും വിലപിക്കരുത്. അനുശോചനവും *പരിദേവവും പാടില്ല. എന്നാൽ തീഷ്ണസ്വഭാവികളായ അറബികൾക്കു ബദറിലേതു പോലുള്ള പരാജയവും നഷ്ടവും തൽക്കാലം മനസ്സിൽ പേറി നടക്കാൻ പറ്റുന്ന ഒന്നായിരുന്നില്ല. എങ്കിലും അവർ നേതാക്കളെ

*(പരിദേവം = വിചാരിച്ചു വിചാരിച്ചു കരഞ്ഞു പറയൽ, വിലപിക്കൽ)

മാനിച്ചു തങ്ങളുടെ ദു:ഖവും വ്യസനവും പുറത്തു കാണിക്കാതെ കൊണ്ടു നടന്നു. യഥാർഥത്തിൽ അവരുടെ മനസ്സ് പൊട്ടിത്തെറിക്കാൻ പാകമായ ഒരഗ്നി പർവതമായിരുന്നു. ഞങ്ങൾക്കു കരയാൻ സാധിച്ചിരുന്നുവെങ്കിൽ, തങ്ങളുടെ കലുഷിതമായ മനസ്സിന്റെ ഈ പിരിമുറുക്കത്തിന് അൽപമെങ്കിലും അയവു വരുമായിരുന്നുവെന്നവർ ആഗ്രഹിച്ചു. ഞാനൊരു സംഭവം പറയാം. ഇതു ശ്രദ്ധിച്ചാൽ അവരുടെ ഹൃദയങ്ങൾ കരയാനും അനുശോചിക്കാനും എത്രകണ്ട് വെമ്പൽ കൊണ്ടിരുന്നുവെന്നു നിങ്ങൾക്ക് മനസ്സിലാകും.

അസ്വദ് ബിൻ അബ്ദു യഗൂസ് മക്കയിലെ പ്രതാപശാലികളിൽ ഒരാളായിരുന്നു. യുദ്ധത്തിൽ അയാളുടെ രണ്ട് പുത്രന്മാരും ഒരു പൗത്രനും കൊല്ലപ്പെട്ടു. അയാൾ തന്റെ മനോവേദന നേതാക്കളുടെ തീരുമാനമനുസരിച്ചു കടിച്ചമർത്തി ഹൃദയത്തിൽ കൊണ്ട് നടക്കുകയായിരുന്നു. ബദർ യുദ്ധം കഴിഞ്ഞു മൂന്നോ നാലോ ആഴ്ചകൾ കഴിഞ്ഞിരിക്കും. ഒരു ദിവസം രാത്രി അയാൾ തന്റെ വീടിന്റെ ഉമ്മറത്തിരിക്കുമ്പോൾ ഒരു ദീനരോദനം കേട്ടു. ആരോ അതീവദു:ഖത്തോടെ കരയുന്ന ശബ്ദം. ആ ശബ്ദം അയാളെ വല്ലാതെ അസ്വസ്ഥനാക്കി. അയാൾ ഉടനെ, തന്റെ ഭൃത്യനെ വിളിച്ചു, എന്താണാ കരച്ചിൽ എന്നു ചെന്നു അന്വേഷിക്കാൻ പറഞ്ഞു. മക്കയിലെ നേതാക്കൾ അനുശോചിക്കാനും വിലപിക്കാനുമുള്ള വിലക്ക് നീക്കിയതിനാൽ തങ്ങളുടെ പ്രിയപ്പെട്ടവർക്കായി വല്ലവരും കേഴുകയാണോ? അവരുടെ വേർപാടിൽ അനുശോചിക്കുകയാണോ? എങ്കിൽ എനിക്കുമൊന്നു മനസ്സ് തുറന്നു കരയാമല്ലോ, അതിലൂടെ അൽപമെങ്കിലും മനസ്സിന്റെ ഭാരം ലഘൂകരിക്കുകയും ചെയ്യാമല്ലോ എന്നായിരുന്നു അയാൾ ചിന്തിച്ചത്. ഭൃത്യൻ അന്വേഷിച്ചു തിരിച്ചു വന്നു. തന്റെ കാണാതായ ഒട്ടകത്തെ ചൊല്ലി ഒരു സ്ത്രീ വാവിട്ട് കരയു കയാണെന്നവൻ തന്റെ യജമാനനെ അറിയിച്ചു. പഴയകാല അറബികൾ പൊതുവിൽ കവി ഹൃദയമുള്ളവരാണ്. മനസ്സ് വല്ലാതെ അസ്വസ്ഥമാകുമ്പോൾ അവർ നിമിഷ കവികളായി മാറും. അവരറിയാതെ പാടിപ്പോകും. ഇവിടെ വേലക്കാരന്റെ വാക്കുകൾ കേട്ടപ്പോൾ അസ്വദിന്റെ അടിച്ചമർത്തിവെക്കപ്പെട്ടിരുന്ന ഹൃദയവികാരങ്ങൾ നിയന്ത്രണം വിട്ടു. അതു നാവിലൂടെ വിലാപകാവ്യമായും കണ്ണുകളിലൂടെ അശ്രു കണങ്ങളായും ബഹിർഗമിച്ചു. അയാൾ പാടി. അതിങ്ങനെ സംഗ്രഹിക്കാം

അറബിക്കാറ്റിൻ ദു:ഖമൊഴുക്കി തേങ്ങിക്കരയും നാരീ,

കാണാതായൊരൊട്ടക ചിന്തയിലാണോ കണ്ണീർ മാരീ ?

ആധി കടഞ്ഞാ നൊമ്പരഹൃദയം നിദ്രയകന്നൊരു രാവാക്കി,

അരുതരുതേ നീ കരയരുതേ വൃഥചിന്തയിലേവം മഹതീ !

ധീര രണാങ്കണ ബദറിൻ മണ്ണിൽ പിടഞ്ഞു വീണ വരാരോ?

ഹാരിസും അഖീലും അവരീ മണ്ണിൻ സിംഹക്കുട്ടികളല്ലോ?

നിരാശ്രയയാമീ മൺതരി നിന്നെ ഓർക്കാൻ നാളെക്കായി

ഒരിറ്റുകണ്ണീർ ബദറിന്നേകുക നിന്നുടെ പ്രാർഥനയായി

(കണ്ണീർ മാരീ = കണ്ണീർ മഴ; ഹാരിസും അഖീലും = രണ്ടു മക്കൾ)

അസ്വദ് ബിൻ അബ്ദു യഗൂസിന്റെ വിലാപകാവ്യവും തേങ്ങലുകളും കേൾക്കേണ്ട താമസം മെല്ലെ, പതുക്കെ ഓരോരോ വീട്ടിൽ നിന്നും തേങ്ങലുകളും കരച്ചിലുകളും ദീനരോദനങ്ങളും ഉയരാൻ തുടങ്ങി. അങ്ങനെ ഖുറൈശികളുടെ ദു:ഖം അണപൊട്ടി ഒഴുകിയതോടെ നേതാക്കളുടെ വിലക്കു ഈ അശ്രുധാരയുടെ വേലിയേറ്റത്തിൽ ഒലിച്ച് പോയി. എന്നാൽ ഒരു വീട്ടിൽ മാത്രം ശോകമൂകത തളംകെട്ടി നിന്നു. അവിടെ തേങ്ങലുകളില്ല. വിലാപമോ അലമുറകളോ ഉണ്ടായിരുന്നില്ല. അതു അബൂസുഫിയാൻ ബിൻ ഹറബിന്റെ വീടായിരുന്നു. അയാളുടെ സഹധർമിണി ഉണ്ടവിടെ. ഖുറൈശികളിലെ പ്രതാപശാലിയായ ഉത്ബ ബിൻ റബീഅയുടെ പുത്രി ഹിന്ദ്. ഒരു പുരുഷന്റെ കരളുറപ്പും ധൈര്യവും ഹൃദയവികാരങ്ങളുമുള്ള അവൾ ഒരു തുള്ളി കണ്ണുനീർ പൊഴിച്ചില്ല. പിതാവും സ്വന്തം സഹോദരനും പിതൃസഹോദരനും ബന്ധുമിത്രാദികളിൽ പലരും ബദർ താഴ്‌വരയിൽ മണ്ണോടു ചേർന്നിട്ടും, അവൾ പക്ഷേ കരഞ്ഞില്ല. എന്റെ ഹൃദയത്തിൽ തിളച്ചു മറിഞ്ഞു കൊണ്ടിരിക്കുന്ന ദു:ഖാഗ്നിയെ എന്റെ കണ്ണീർ തുള്ളികൾക്കു അണക്കാനാവുമെങ്കിൽ ഞാനും നിങ്ങളെ പോലെ അലമുറയിട്ടു കരയുമായിരുന്നുവെന്നവൾ, ചോദിക്കുന്നവരോടു പ്രതിവചിച്ചു. എന്നിട്ട് ധീരരും പരാക്രമശാലികളുമെന്നു സ്വയം ഭാവിച്ചു നടക്കുന്ന തന്റെ ഗോത്രത്തിലെ പുരുഷന്മാരെ നോക്കി കൊണ്ടവൾ അലറി, ഇനി ഈ തീ അണയണമെങ്കിൽ നിങ്ങൾ ഒരിക്കൽ കൂടി മുഹമ്മദിബ്നു അബ്ദുല്ലാഹ് (സ) ക്കെതിരിൽ അണിനിരക്കണം. ബദറിലെ പരാജയത്തിന് എണ്ണി എണ്ണി പകരം ചോദിക്കണം, ഞാൻ ഇതാ ഇവിടെ ശപഥം ചെയ്യുന്നു, എന്റെ പിതാവിനെ നിഷ്ഠൂരം വധിച്ചവനോടു ഞാനൊരിക്കലും ക്ഷമിക്കുകയില്ല. എനിക്കവന്റെ നെഞ്ച് പിളർന്നു കരൾ എടുത്തു ചവച്ചു തുപ്പണം. എങ്കിൽ മാത്രമേ എന്റെ മനസ്സിനു സമാധാനം ലഭിക്കുകയുള്ളൂ. എങ്കിൽ മാത്രമേ എന്റെ ഹൃദയത്തിൽ കത്തിജ്ജ്വലിച്ചുകൊണ്ടിരിക്കുന്ന ഈ തീ അണയുകയുള്ളൂ. കാലം എത്ര കഴിഞ്ഞാലും ആ അവസരത്തിനായി ഞാൻ എന്നും കാത്തിരിക്കും.

ബദർ യുദ്ധത്തിന് ശേഷം അല്ലാഹുവിന്റെ റസൂലും ഞങ്ങളും മദീനയിൽ തിരിച്ചെത്തിയതു മുതൽ തന്നെ മദീന വീണ്ടും യുദ്ധഭീഷണി യിലാണെന്നും ഏത് സമയത്തും അവിശ്വാസികളിൽ നിന്നുള്ള തിരിച്ചടി ഉണ്ടായേക്കാമെന്നും ഞങ്ങൾ മനസ്സിലാക്കിയിരുന്നു. അതിനാൽ ഞങ്ങളെല്ലാം വളരെ ജാഗരൂകരായിരുന്നു. സംഘർഷഭരി തമായ ഈ അവസ്ഥയിലും ഇസ്‌ലാമിക പ്രചരണവും പുതു തായി വരുന്നവരുടെ ശിക്ഷണ കാര്യങ്ങളും റസൂൽ തിരുമേനി (സ)ക്ക് ശ്രദ്ധിക്കാതിരിക്കാനും സാദ്ധ്യമല്ലല്ലോ? മദീന വീണ്ടും ഉറക്കമില്ലാത്ത രാത്രികൾക്കു സാക്ഷിയായിത്തുടങ്ങി. ഞങ്ങൾ മദീനയുടേയും റസൂലുല്ലാഹ് (സ) യുടേയും സുരക്ഷിതത്വം മുൻ നിർത്തി കാവൽ ശക്തമാക്കി.

## ഖുറൈശി യുവാക്കളുടെ മനസ്സിലിരിപ്പും പദ്ധതികളും

ബദർ യുദ്ധത്തിന് ഏതാനും ദിവസങ്ങൾക്ക് ശേഷം ഒരു സംഭവം ഉണ്ടായി. മക്കയിലെ ഖുറൈശി യുവാക്കളുടെ മനസ്സിലി രിപ്പ് എന്താണെന്ന് തെളിയിക്കുന്ന ഒന്നായിരുന്നു ആ സംഭവം. കൊല്ല പ്പെട്ട ഉമയ്യത്തിബ്നു ഖലഫിന്റെ മകൻ സഫ്‌വാൻ ബിൻ ഉമയ്യയും ഉമൈർ ബിൻ വഹബും ഒരു ദിവസം കഅബാ അങ്കണത്തിൽ വെച്ചു കണ്ടുമുട്ടി. രണ്ടുപേരും വളരെ ദു:ഖിതരും നിരാശരുമാണ്. മക്കയിലെ വളരെ സ്വാധീനമുള്ള രണ്ട് കുടുംബങ്ങളിലെ അംഗങ്ങ ളാണവർ രണ്ടുപേരും. സംസാര മദ്ധ്യേ സഫ്‌വാൻ, ഉമൈറിനോട് പറഞ്ഞു, ''എനിക്ക് ജീവിതം മടുത്തു. എനിക്ക് ജീവിക്കണമെ ന്നേ ഇല്ല. ജീവിതത്തിന്റെ എല്ലാ സുഖങ്ങളും സന്തോഷങ്ങളും സമാധാനങ്ങളും നഷ്ടപ്പെട്ടിരിക്കു കയാണ്, ഇങ്ങനെ ജീവിക്കുന്ന തെന്തിനാണ്? സഫ്‌വാന്റെ നിരാശ പൂണ്ട ഭാവവും ദൈന്യതയും കണ്ടപ്പോൾ ഉമൈർ പറഞ്ഞു, ''ഞാനും പലതും ആലോചിച്ചു കൊണ്ടിരിക്കുകയാണ്. ഭാര്യയും കുട്ടികളും കുറെ കടബാധ്യതകളും ഇല്ലായിരു ന്നുവെങ്കിൽ ഞാനേത് സാഹസത്തിനും മുതിരുമായിരു ന്നു. എന്നെ സംബന്ധിച്ചിടത്തോളം മദീനയിൽ പോയി, മുഹമ്മദി (സ) നെ (നഊദുബില്ലാഹ്) വക വരുത്തുക എന്നതു അത്ര വലിയ കാര്യമൊന്നുമല്ല. ബദർ യുദ്ധത്തിൽ പിടിക്കപ്പെട്ട എന്റെ മകൻ അവരു ടെ തടവിലാണുള്ളത്. അതുകാര ണം, ഇവിടെ വന്നതെന്തിനെന്നു ആരു ചോദിച്ചാലും മകന്റെ മോചനത്തിനായി വന്നതാണെന്നു എനിക്കു പറയുവാൻ സാധിക്കും." ഉമൈറിന്റെ വാക്കുകൾ കേട്ട സഫ്‌വാന്റെ കണ്ണുകളിൽ തിളക്ക വും തന്റെ ആശകൾ പൂത്തുലയു ന്നതായും, താൻ തേടിയ വള്ളി കാലിൽ ചുറ്റിയതായും അയാൾക്ക് തോന്നി. സഫ്‌വാൻ തികഞ്ഞ പ്രതീക്ഷകളോടെ പറഞ്ഞു, "ഏയ് ഉമൈർ, നിന്റെ ഭാര്യാമക്കളുടെ സംരക്ഷണവും കടബാദ്ധ്യതകളും ഏറ്റെടുക്കാൻ ഞാൻ തയ്യാറാണ്. നീ മനസ്സ് കൊണ്ട് തീരുമാനമെടുത്ത ഈ ഉദ്യമത്തിനായി ഉടൻ തന്നെ മദീനയിലേക്ക് പുറപ്പെട്ടോളൂ. എന്നിൽ നിന്നു നിനക്ക് എന്തു സഹായമാണോ വേണ്ടത്, പറഞ്ഞോളൂ, ഞാൻ നൽകാൻ ഒരുക്കമാണ്.'' അങ്ങനെ രണ്ടു പേരും ചേർന്നു അല്ലാഹുവിന്റെ റസൂലിനെ വധിക്കാനുള്ള പദ്ധതി കൾ തയ്യാറാക്കിയ ശേഷം, ഉമൈർ സഫ്‌വാനോട് യാത്രപറഞ്ഞ് വീട്ടിൽ വന്നു മദീനയിലേക്കുള്ള യാത്രയുടെ ഒരുക്കങ്ങൾ തുടങ്ങി. മറ്റു സാധനങ്ങൾക്കൊപ്പം ഒരു വാൾ, വിഷം പുരട്ടി ചൂളയിൽ വെച്ചു കാച്ചി എടുക്കാൻ അയാൾ മറന്നില്ല. പിന്നീട് മറ്റാരേയും അറിയിക്കാതെ ഉമൈർ മദീനയി ലേക്ക് യാത്രയായി.

യുദ്ധത്തിന് ശേഷം ആകെ നിരാശനായിരുന്ന സഫ്‌വാൻ, ഉമൈർ മദീനയിലേക്ക് തിരിച്ച ശേഷം വളരെ ഉൽസാഹഭരിത നായി മാറി. മദീനയിൽ നിന്നുള്ള സന്തോഷവാർത്തക്ക് വേണ്ടി അയാൾ കാതുകൂർപ്പിച്ചിരുന്നു. ദിവസം കഴിയുന്തോറും 'ശുഭകര വും, സന്തോഷകരവു' മായ വൃത്താന്തം നാളെ കേൾക്കാൻ സാധിക്കുമെന്ന പ്രതീക്ഷയിൽ ഓരോ ദിനവും അയാൾ തള്ളി നീക്കി. ആ നാളെക്കായി അയാൾ ആവേശഭരിതനായി, ആകാംക്ഷ യോടെ കാത്തിരുന്നു. തന്റെ വളരെ അടുത്ത സുഹൃത്തുക്കളോടും ബന്ധുക്കളോടും, താമസിയാതെ തന്നെ ഞാൻ നിങ്ങൾക്ക് ഒരു സന്തോഷവാർത്ത അറിയിക്കുന്ന താണെന്നു അയാൾ രഹസ്യമായി പറഞ്ഞുകൊണ്ടിരുന്നു. പക്ഷേ ആ 'നാളെ' ഒരിക്കലും വന്നില്ല. എങ്ങനെ വരാനാണ്. *"വല്ലാഹു യഅ്സിമുക മിനൻ നാസ്, ഇന്നല്ലാഹ ലാ യഹ്ദിൽ ഖൗമൽ കാഫിരീൻ* -- ജനങ്ങളിൽ നിന്നു അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്, അവിശ്വാസികളായ ജനങ്ങളെ അല്ലാഹു ഒരിക്കലും വിജയ മാർഗത്തിലേക്കു നയിക്കുകയി ല്ല എന്നു റസൂലിനോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുകയല്ലെ?" (ഖുർആൻ 5:68).

## ഉമൈർ ബിൻ വഹബ് ഇസ്‌ലാമിലേക്ക്

മദീനയിലെത്തിയ ഉമൈർ ബിൻ വഹബ് തക്കം പാർത്തു കൊണ്ട് തോളിൽ വാളും തൂക്കി കറങ്ങി കൊണ്ടിരുന്നു. താമസിയാ തെ തന്നെ ഉമൈർ, ഉമർ ഖത്ത്വാബി ന്റെ ദൃഷ്ടിയിൽപെട്ടു. ഉമൈറിന്റെ മട്ടും ഭാവവും തോളിൽ തൂക്കിയ വാളും, ഉമർ ഖത്താബിന്റെ ഹൃദയ ത്തിൽ പല സംശയങ്ങളും ജനിപ്പി ച്ചു. ഉമർ വിവരം തിരുമേനി(സ)യെ അറിയിച്ചു. അല്ലാഹുവിന്റെ റസൂൽ, ഉമൈർ ബിൻ വഹബിനെ വിളിച്ച് കൊണ്ടു വരാൻ, ഉമർ ഖത്താബി നോടു നിർദേശിച്ചു. ഉമർ അയാളെ കൂട്ടികൊണ്ടുവരുന്നതിനു മുമ്പ്, ഞങ്ങൾ കുറച്ചു പേരോട്, ഉമൈർ ബിൻ വഹബിവിടെ കറങ്ങി

എന്ന കലിമ ചൊല്ലി ഇസ്ലാമിൽ പ്രവേശിച്ചു.

## നിരാശനും ദു:ഖിതനുമായ സഫ്‌വാൻ ബിൻ ഉമയ്യ

ഉമൈറിന്റെ ഇസ്‌ലാമിലേക്കുള്ള പ്രവേശനം അല്ലാഹുവിന്റെ റസൂലിനെ വളരെയധികം സന്തോഷിപ്പിച്ചു. ഞങ്ങളോടു പറഞ്ഞു, ഇത് നിങ്ങളുടെ പുതിയ സഹോദരനാണ്. ഇവന് ദീനിയായ അറിവു പകർന്നു നൽകണം. അതോടൊപ്പം തടവിലുള്ള ഉമൈറിന്റെ മകനെ മോചിപ്പിക്കാനും അല്ലാഹുവിന്റെ റസൂൽ ഞങ്ങളോട് നിർദേശിച്ചു. ദിനങ്ങൾ കഴിയുന്തോറും ഉമൈർ ബിൻ വഹബിന്റെ ഹൃദയത്തിൽ അല്ലാഹുവിന്റെ ദീനിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹവും ഭക്തിയും ആത്മാർഥതയും ഏറി ഏറി വന്നു. അദ്ദേഹത്തിന്റെ ഹൃദയം ആത്മീയ പ്രകാശത്താൽ പ്രഭാപൂരിതമായി. കുറച്ചു നാളുകൾക്ക് ശേഷം ഉമൈർ തനിക്ക് ലഭിച്ച ഈ പ്രകാശം മക്കക്കാരായ തന്റെ നാട്ടുകാർക്കും ബന്ധുമിത്രാദികൾക്കും നൽകേണമെന്ന അമിതാവേശത്താൽ, മക്കയിൽ തിരിച്ചു ചെല്ലാൻ റസൂലുല്ലാഹ് യോട് അനുവാദം ചോദിച്ചു. ഉമൈറിന്റെ സുരക്ഷിതത്വം കണക്കിലെടുത്തു റസൂൽ ആദ്യം അനുവദിച്ചില്ലെങ്കിലും ഉമൈറിന്റെ അടങ്ങാത്ത ആവേശം കണ്ടു അനുവാദം നൽകുകയുണ്ടായി. ഉമൈർ മക്കയിലേക്കു യാത്രയായി. അവിടെ ചെന്നു വളരെ രഹസ്യമായി തബ്‌ലീഗ് പ്രവർത്തനങ്ങൾ ആരംഭിച്ചു. അതിന്റെ ഫലമായി അല്ലാഹുവിന്റെ അനുഗ്രഹവും സഹായവും കൊണ്ടു, ഉമൈർ മെല്ലെ മെല്ലെ ഒന്നും രണ്ടും പേരെ ഇസ്‌ലാമിലേക്ക് കൈ പിടിച്ചു കൊണ്ടുവരാൻ തുടങ്ങി. റസൂലുല്ലാഹ് യുടെ മരണവാർത്ത പ്രതീക്ഷിച്ചുകൊണ്ട് നാളുകൾ തള്ളി നീക്കിയിരുന്ന സഫ്‌വാൻ ബിൻ ഉമയ്യക്കു സംഗതി മനസ്സിലായപ്പോൾ അയാൾ ആശ്ചര്യത്താൽ അന്ധാളിച്ചു വാ

നടക്കുന്നുണ്ടെന്നും, അവന്റെ ഭാവവും ചലനവും പല സംശയങ്ങളും ജനിപ്പിക്കുന്നുവെന്നും അതുകൊണ്ട് റസൂലിന്റെ കാവൽ ഒന്നു കൂടി ശക്തിപ്പെടു ത്തുവാനും കൂടുതൽ ജാഗ്രത പാലിക്കുവാനും നിർദേശിച്ചു. ശേഷം ഉമർ ഖത്ത്വാബ്, ഉമൈർ ബിൻ വഹബിനെ കൂട്ടികൊണ്ടുവന്നു. അയാൾ അല്ലാഹുവിന്റെ റസൂലിന് മുന്നിൽ ആനയിക്കപ്പെട്ടു. ഞങ്ങൾ തികഞ്ഞ ജാഗ്രതയോടെ, കരുതലോടെ ചുറ്റും നിന്നു. അല്ലാഹുവിന്റെ റസൂൽ, ഉമൈറിനോടു ചോദിച്ചു

റസൂൽ: എന്താ, ഉമൈർ, നിന്നെ ഇവിടെ മദീനയിൽ കാണുന്നുവല്ലോ, എന്താ കാര്യം?

ഉമൈർ: എന്റെ മകൻ ഇവിടെ തടവിലാണ്. അവന്റെ മോചനത്തിനു വേണ്ടി വന്നതാണ്.

റസൂൽ: അതിന് ഈ വാളിന്റെ ആവശ്യമെന്താണ്?

ഉമൈർ: വാളിനെ കുറിച്ചു നിങ്ങൾ എന്തിനാണ് സംസാരിക്കുന്നത്? ബദറിൽ വാളായിരുന്നുവല്ലോ എല്ലാം ചെയ്തു തീർത്തത്.

റസൂൽ: ഉമൈർ, നീ വളച്ചുകെട്ടില്ലാതെ നേർക്കുനേർ ഉത്തരം പറണം. നീ ഇവിടെ വന്നതെന്തിനാണ്? അതാണെനിക്കറിയേണ്ടത്.

ഉമൈർ: ഞാൻ പറഞ്ഞുവല്ലോ, എന്റെ മകൻ ഇവിടെ തടവിലാണ്. അവന്റെ മോചനത്തിന്ന് വേണ്ടിയാണ് ഞാൻ ഇവിടെ വന്നിരിക്കുന്നത്.

റസൂൽ: അപ്പോൾ നീയും സഫ്‌വാൻ ബിൻ ഉമയ്യയും കഅബയുടെ അങ്കണത്തിൽ വെച്ച് യാതൊരു ഗൂഢാലോചനയും നടത്തിയിട്ടില്ല അല്ലേ?

ഇത് കേട്ടപ്പോൾ ഉമൈറിന്റെ ഹൃദയത്തിൽ കൊള്ളിയാൻ മിന്നി. ഉത്തരം പറയാനാകാതെ അൽപ നേരം നിശ്ശബ്ദനായി പോയെങ്കിലും ധൈര്യം സംഭരിച്ചു കൊണ്ട് പറഞ്ഞു,''ഇല്ല ഞങ്ങൾ ഒരു ഗൂഢാലോചനയും നടത്തിയീട്ടില്ല.".

റസൂൽ: നിങ്ങൾ രണ്ടുപേരും ചേർന്ന് കഅബക്കരികിൽ ഇരുന്നുകൊണ്ട് എന്നെ വധിക്കുവാനുള്ള പദ്ധതി തയ്യാറാക്കിയിട്ടില്ല അല്ലേ? ഉമൈർ, നീ അതിന് തന്നെയാണ് ഇപ്പോൾ ഇവിടെ മദീനയിൽ വന്നിരിക്കുന്നത്? ഇത് കേൾക്കേണ്ട താമസം ഉമൈർ ബിൻ വഹബിന്റെ മുഖം വിളറി വെളുത്തു. റസൂൽ വീണ്ടും പറഞ്ഞു, ''എന്നാൽ ഉമൈർ, നീ കേട്ടോളൂ, നിങ്ങൾ രണ്ടുപേർക്കും എന്നെ കൊല്ലുവാനായി എന്റെ അടുക്കൽ എത്തുവാനുള്ള അവസരം പോലും അല്ലാഹു നൽകുകയില്ല."

ഉമൈർ ആകെ സ്തബ്ധനായിപ്പോയി. ചിന്താമഗ്നനായി അൽപ നേരം തല താഴ്ത്തിയിരുന്നു. പിന്നീട് അൽപം ഭവ്യതയോടെ പറഞ്ഞു, ''ശരിയാണ്, ഞാനും സഫ്‌വാനും കഅബയുടെ അരികിൽ വെച്ചു ഗൂഢാലോചന നടത്തിയിരുന്നു. അങ്ങയെ വധിക്കുവാൻ പരിപാടി തയ്യാറാക്കിയിരുന്നു. ഞാൻ അതിന് തന്നേയാണ് പ്രധാനമായും ഇവിടെ വന്നിരിക്കുന്നത്. സഫ്‌വാനും ഞാനും ഈ പദ്ധതിക്കു രൂപം നൽകുമ്പോൾ അവിടെ പരിസരത്തെങ്ങും മൂന്നാമതൊരാൾ ഉണ്ടായിരുന്നില്ല. എന്നിട്ടും താങ്കൾ എല്ലാം അറിഞ്ഞിരിക്കുന്നു. അല്ലാഹു താങ്കളോടൊപ്പമാണെന്നും അവൻ എല്ലാം അറിയുന്നവനാണെന്നും അവൻ തന്നെയാണ് ഞങ്ങളെ കുറിച്ചും ഞങ്ങളുടെ പദ്ധതികളെ കുറിച്ചും അങ്ങേക്കു വിവരം നൽകിയതെന്നും എനിക്ക് മനസ്സിലായി. എന്റെ കണ്ണ് തുറപ്പിക്കുവാനും ഞാനൊരു യഥാർഥ വിശ്വാസിയായി തീരാനും വേണ്ടി, അല്ലാഹു, താൻ തന്നെ തയ്യാറാക്കിയ പദ്ധതിയായിരിക്കാം ഇത്. അതുകൊണ്ട് ഞാൻ പരിപൂർണ ഹൃദയ വിശുദ്ധിയോടും കൂടി അങ്ങയിൽ വിശ്വസിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് *അശ്ഹദു അല്ലായിലാഹ ഇല്ലല്ലാഹു വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു'*

പൊളിച്ചിരുന്നുപോയി. ഞാനിവനെ എന്തിനായിരുന്നു മദീനയിലേക്കു അയച്ചിരുന്നത്, ഇവൻ എന്താണു ആയിതീർന്നത്, ഇതെങ്ങനെ സംഭവിച്ചു? എന്ന ചിന്തയിൽ നിരാശനും പദ്ധതി പാളിയതിലുള്ള ദു:ഖവും നിമിത്തം സഫ്വാൻ ബിൻ ഉമയ്യ, തലക്ക് കയ്യും കൊടുത്തു ഒരു മൂലയിൽ ചെന്നിരുന്നു പോയി.

## വീണ്ടും ഗസ്വയും സരിയയും

ബദർ യുദ്ധത്തിന് മുമ്പേ തന്നെ ഖുറൈശികൾ രാജ്യത്തിന്റെ പലഭാഗങ്ങളിലും ചുറ്റി സഞ്ചരിച്ചു കൊണ്ട് അറബ് ഗോത്രങ്ങളെ മുസ്‌ലിമീങ്ങൾക്കെതിരിൽ ഇളക്കി വിടുകയും പ്രകോപിതരാക്കുകയും ചെയ്തിട്ടുണ്ടായിരുന്നുവല്ലോ. അതിന് അബൂസുഫിയാൻ ബിൻ ഹറബ് ആയിരുന്നു ചുക്കാൻ പിടിച്ചത്. തൽഫലമായി അറബികളിൽ ശക്തരായ രണ്ട് യഹൂദ ഗോത്രങ്ങൾ ബനൂ സലീമും ബനൂ അത്വഫാനും മദീന ആക്രമിക്കുവാനായി ഒരു വൻ സൈന്യവുമായി പുറപ്പെട്ടു. ബദർ യുദ്ധത്തിന് മുന്നോടിയായി റസൂൽ (സ)ന്റെ നേതൃത്വത്തിലും അല്ലാതേയും നടത്തിയിട്ടുള്ള ഗസ്വയും സരിയയും (യുദ്ധവും പടയോട്ടങ്ങളും എന്നു പറയാം) ഞാൻ ഇതിനുമുമ്പ് പറഞ്ഞു തന്നിരുന്നതു നിങ്ങൾക്ക് ഓർമയു ണ്ടാകുമല്ലോ. വീണ്ടും ആ ഗസ്വയും സരിയയും ഞങ്ങൾക്ക് ഇപ്പോൾ നടത്തേണ്ടി വന്നിരിക്കുകയാണ്.

## ഗസ്വ ഖർഖറത്തുൽ ഖദർ

ബനൂ സലീമും ബനൂ അത്വഫാനും മദീനയെ ആക്രമിക്കുവാനായി ഖർഖറത്തുൽ ഖദർ എന്ന് പേരുള്ള ഒരു മൈതാനത്ത് ഒത്തുചേർന്നതായി വിവരം ലഭിച്ചപ്പോൾ അവരെ നേരിടാനായി റസൂലുല്ലാഹ് യുടെ നേതൃത്വത്തിൽ ഞങ്ങൾ ഒരു സംഘം പുറപ്പെട്ടു. ഞങ്ങൾ ബദർ യുദ്ധം കഴിഞ്ഞ് തിരിച്ചെത്തിയതേയുള്ളു എന്ന് നിങ്ങൾ മനസ്സിലാക്കണം. കുറെ ഏറെ ദിവസങ്ങളുടെ ക്ലേശകരമായ യാത്രക്കൊടുവിൽ ഞങ്ങൾ ഖർഖറത്തുൽ ഖദർ പ്രദേശത്ത് എത്തുമ്പോഴേക്കും ശത്രുക്കൾ ഭയന്നു എങ്ങോട്ടോ ഓടിമറഞ്ഞു. അവരെ തേടി ഞങ്ങൾ പല ഭാഗത്തും അന്വേഷിച്ച് അലഞ്ഞുവെങ്കിലും അവരെ കണ്ടെത്താനായില്ല. എന്നാൽ അവർ ഉപേക്ഷിച്ച് പോയ വലിയൊരു കൂട്ടം ഒട്ടകത്തേയും അതിന്റെ ഇടയനേയും ഞങ്ങൾ അധീനപ്പെടുത്തിക്കൊണ്ട് മദീനയിലേക്ക് തിരിച്ചു. ഇത് ഗസ്വ ഖർഖറത്തുൽ ഖദർ എന്നറിയപെടുന്നു.

## അബൂ സുഫിയാനും ഗസ്വ സുവീഖും

മക്കയുടെ ഇപ്പോഴത്തെ അധിപനായ അബൂ സുഫിയാൻ ബിൻ ഹറബ് ഖുറൈശികളുടെ പതനത്തിന് കാരണക്കാരായ മുഹമ്മദി(സ)നേയും സംഘത്തേയും വകവരുത്തുകയും ബദർ യുദ്ധത്തിന് തക്ക പ്രതികാരം ചെയ്യാത്തിടത്തോളം കാലം ഞാൻ ഭാര്യയെ സമീപിക്കുകയോ തലയിൽ എണ്ണതേക്കുകയോ ഇല്ല എന്നു ശപഥം ചെയ്തിട്ടാണുള്ളത്. തന്റെ ശപഥം പൂർത്തീകരിക്കുന്നതിനായി ബദർ യുദ്ധത്തിന് രണ്ടു മൂന്നു മാസങ്ങൾക്ക് ശേഷം ദുൽഹജ്ജ് മാസത്തിൽ സായുധരായ ഇരുന്നൂറോളം പേരുമായി മദീനക്കു മൂന്നു മൈൽ മാത്രം അകലെയുള്ള 'അരീസ്' എന്ന് വിളിക്കപ്പെടുന്ന താഴ്‌വരയിൽ അതിക്രമിച്ച് കടക്കുകയും അവിടെയുള്ള ഈന്തപ്പന വൃക്ഷങ്ങൾക്കും ചില കുടിലുകൾക്കും തീ കൊടുക്കുകയും യാദൃച്ഛികമായി അതുവഴി പോവുകയായിരുന്ന രണ്ട് അൻസ്വാർ സഹോദരങ്ങളെ അതിദാരുണമായി കൊലപ്പെടുത്തുകയും ചെയ്തു. ഇതിലൂടെ താൻ പ്രതികാരം ചെയ്തിരിക്കുന്നു എന്നും തന്റെ ശപഥം പൂർത്തിയായിരിക്കുന്നു എന്നു പറയുകയും ചെയ്തുകൊണ്ട് അയാളും സായുധസംഘവും മക്കയിലേക്ക് മടങ്ങി. വിവരമറിഞ്ഞയുടനെ തന്നെ റസൂലുല്ലാഹ് യുടെ നേതൃത്വത്തിൽ മുസ്‌ലിമീങ്ങളുടെ ഒരു സംഘം പിൻ തുടർന്നെങ്കിലും അവരെ എവിടേയും കണ്ടെത്താനായില്ല. മുസ്‌ലിം സൈന്യം അവരെ പിൻതുടരുമെന്ന ഭയത്താൽ, തങ്ങളുടെ പക്കലുള്ള ഭാരം ലഘൂകരിക്കാനായി കയ്യിലുണ്ടായിരുന്ന യുദ്ധസാധന സാമഗ്രികകൾ വഴിയിൽ ഉപേക്ഷിച്ചു കൊണ്ടായിരുന്നു അബൂ സുഫിയാനും കൂട്ടരും ഓടിയത്. അവർക്ക് മുസ്‌ലിം സൈന്യത്തെ അത്ര ഭയമായിരുന്നു. അതിൽ കൂടുതലും 'സുവീഖ്' നിറച്ച സഞ്ചികളായിരുന്നു ഉണ്ടായിരുന്നത്. അരിയോ ബാർലിയോ വറുത്ത് പൊടിച്ച് അതിൽ മധുരവും ചേർത്തുണ്ടാക്കുന്ന അറബികളുടെ ഒരു ഭക്ഷ്യ സാധനമാണു 'സുവീഖ്'. കുറേ നാളുകൾ കേടുകൂടാതെ ഇരിക്കുന്നതു കൊണ്ടാണു യാത്രയിൽ അറബികൾ ഇത് കരുതുന്നത്. ഈ 'സുവീഖ്' കാരണത്താൽ ഇതിനെ 'ഗസ്വ സുവീഖ്' എന്നു വിളിക്കപ്പെട്ടു.

റസൂൽ തിരുമേനി(സ) മക്കയിൽ നിന്ന് ഹിജ്റത്തു ചെയ്തു മദീന എത്തി അധികനാൾ കഴിയുന്നതിന് മുൻപു തന്നെ മദീനയുടെ പ്രാന്തപ്രദേശങ്ങളിൽ വസിച്ചിരുന്ന ബനൂ കീൻകാഅ്, ബനൂ നളിർ, ബനൂ കരീള എന്നീ യഹൂദ ഗോത്രങ്ങളുമായി ഒരു സമാധാന കരാർ ഒപ്പു വെച്ചിരുന്നു. ഈ ഗോത്രങ്ങളെ പ്രലോഭിപ്പിച്ചു കൊണ്ട് ഖുറൈശികൾ ഇവരെ മുസ്‌ലിമീങ്ങൾക്കെതിരിൽ ഉപയോഗിക്കുന്നതു തടയുവാനായിരുന്നു അല്ലാഹുവിന്റെ റസൂൽ നേരത്തെ തന്നെ അങ്ങനെ ചെയ്തത്. ആദ്യകാലങ്ങളിൽ ഈ ഗോത്രങ്ങൾ പ്രസ്തുത സമാധാന ഉടമ്പടി വേണ്ടവിധം മാനിച്ചിരുന്നു. എന്നാൽ ബദർ യുദ്ധത്തിനു ശേഷം

അവരുടെ നിലപാടിൽ വ്യക്തമായ മാറ്റങ്ങൾ കണ്ടു തുടങ്ങി. മുസ്‌ലിമീങ്ങളുടെ വർധിച്ചു വരുന്ന ശക്തിയും ജനപ്രീതിയും പിന്നീട് തങ്ങൾക്കു ഭീഷണി ആയേക്കുമോ എന്ന ചിന്തയിൽ അവർ കരാർ ലംഘിക്കാനും മുസ്‌ലിമീങ്ങളുടെ ശത്രുക്കളോടു കൈ കോർക്കാനും അവരെ സഹായിക്കാനും തുടങ്ങി.

### ഗസ്‌വ കീൻകാഅ്

ഇതിൽ ബനൂ കീൻകാഅ് ഗോത്രം വളരെ ശക്തരും യുദ്ധ കൊതിയരുമായിരുന്നു. അതുകൊണ്ടു തന്നെ അവർ പലവിധ വിധ്വംസക പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുവാനും, മുസ്‌ലിമീങ്ങൾക്കെ തിരിൽ പല കുതന്ത്രങ്ങൾ സൃഷ്ടിക്കുവാനും തുടങ്ങി. നിങ്ങൾ യുദ്ധം ചെയ്യാനറിയാത്ത ഖുറൈശികളോട് വിജയം കൈവരിച്ചതിൽ അഹങ്കാരിക്കരുതെന്നും, ഞങ്ങളോട് യുദ്ധം ചെയ്തു നോക്കൂ, അപ്പോൾ ഞങ്ങളാരാണെന്നും, യുദ്ധമെന്താണെന്നും നിങ്ങൾക്കു മനസ്സിലാകുമെന്നും മറ്റും പറഞ്ഞുകൊണ്ട് മുസ്‌ലിമീങ്ങളെ ശല്യം ചെയ്യുവാനും വെല്ലുവിളിക്കാനും തുടങ്ങി. പിന്നീടു മുസ്‌ലിമീങ്ങൾക്കെതിരിൽ യുദ്ധം പ്രഖ്യാപിച്ചുകൊണ്ട് അവർ തങ്ങളുടെ ഒരു വലിയ കോട്ടക്കകത്തു കയറി ഇരിക്കുകയും ചെയ്തു. ആ കാലത്തെ നാട്ടു സമ്പ്രദായമനുസരിച്ചു കോട്ടക്കകത്ത് ഒളിച്ചിരുന്നു കൊണ്ട് യുദ്ധപ്രഖ്യാപനം നടത്തിയാൽ എതിർകകക്ഷി കോട്ട വളയും. രണ്ടു കൂട്ടരും അവസരവും സന്ദർഭവും നോക്കി പരസ്പരം ആക്രമണം നടത്തും. ഇവർ കോട്ടക്കകത്ത് കയറി ഒളിച്ചപ്പോൾ ഞങ്ങൾ അല്ലാഹുവിന്റെ റസൂലിന്റെ നേതൃത്വത്തിൽ ഒരു സംഘം വന്നു കോട്ട വളഞ്ഞു. പതിനഞ്ച് ദിവസത്തോളം ഈ ഉപരോധം തുടർന്നു. ഇനി രക്ഷയില്ലെന്ന് മനസ്സിലായപ്പോൾ അവർ കീഴടങ്ങാൻ സമ്മതമാണെന്നറിയിക്കുകയും അവരുടെ മുഴുവൻ സ്വത്തും നൽകാമെന്നും ഞങ്ങളെ വധിക്കരുതെന്നും അവർ അപേക്ഷിച്ചതിന്റെ പേരിൽ റസൂലുല്ലാഹ് അത് സ്വീകരിച്ചു. മേലിലും അവർ മുസ്‌ലിമീങ്ങളെ ചതിക്കുമെന്ന നിലയിൽ അവരോട് ഇവിടം വിട്ട് പോകാൻ റസൂൽ കൽപിച്ചതനുസരിച്ച് അവർ ശാമിലേക്ക് കുടിയേറി പാർക്കാൻ തീരുമാനിച്ചു. മൂസ്സാനബിയുടെ ന്യായപ്രമാണ (ശരീഅത്ത്) നിയമമനുസരിച്ചു ഇത്തരത്തിലുള്ള വഞ്ചകരും ശല്യക്കാരുമായവർക്ക് നൽകേണ്ടതു വധശിക്ഷയായിരുന്നുവെങ്കിലും, അങ്ങേയറ്റം ദയാലുവും ക്ഷമാശീലനുമായ അല്ലാഹുവിന്റെ റസൂൽ അവർക്ക് പൊറുത്തു കൊടുത്തു. ഇത് 'ഗസ്‌വ കീൻകാഅ്' എന്ന പേരിൽ അറിയപ്പെടുന്നു.

### ഗസ്‌വ സീഅമർ

റസൂലുല്ലാഹ്‌യുടെ നിർദേശാനുസരണം ഞങ്ങൾ എല്ലായിപ്പോഴും ജാഗരൂകരായതു കൊണ്ടാണ് ശത്രുക്കളുടെ ഏത് ചലനവും മനസ്സിലാക്കിക്കൊണ്ടിരുന്നത്. ശത്രുക്കളുടെ സ്ഥിതിഗതികളറിയാൻ തിരുമേനി (സ) ഞങ്ങളിൽ ചിലരെ മദീനയുടെ പലഭാഗത്തും നിർത്തിയിട്ടുണ്ട്. അസാധാരണമായ വല്ല ഇളക്കമോ അനക്കമോ കണ്ടാൽ അവർ ഉടൻ റസൂലുല്ലാഹ്‌യെ വിവരമറിയിക്കും. റസൂൽ താമസം വിനാ വേണ്ട നടപടി സ്വീകരിക്കും. ഗസ്‌വ ബനൂ കിൻകാഅ് കഴിഞ്ഞ് ഞങ്ങൾ മദീന എത്തിയതേയുള്ളൂ, ബനൂ അത്ഫാനിലെ, ബനൂ സഅലബ, ബനൂ മആരിബ് എന്നീ ഗോത്രങ്ങളിലെ ഒരു സംഘം ആളുകളും മദീന ആക്രമിക്കാനായി പുറപ്പെട്ടു 'സീഅമർ' എന്ന പ്രദേശത്ത് തമ്പടിച്ചു. ഇവർക്കെല്ലാം തന്നെ യഥാർഥത്തിൽ മുസ്‌ലിമീങ്ങളെ ഭയമാണ്. ഇവർക്ക് ഒളിപോരാട്ടമേ സാധിക്കുകയുള്ളൂ. അല്ലാഹുവിന്റെ റസൂലിന് വിവരം ലഭിച്ചപ്പോൾ അൻസ്വാറിലേയും മുഹാജിരിങ്ങളിലേയും 450 പേരടങ്ങുന്ന ഒരു സംഘത്തോടൊപ്പം സീഅമർ എത്തിയെങ്കിലും മുസ്‌ലിം സൈന്യം വരുന്നതറിഞ്ഞ് എല്ലാവരും ഓടി രക്ഷപ്പെട്ടു. ജബ്ബാർ എന്നു പേരുള്ള ഒരാൾ മാത്രം പിടിക്കപ്പെട്ടു. മൂന്ന് ദിവസം സീഅമറിൽ തങ്ങിയ ശേഷം ഞങ്ങളെല്ലാവരും മദീനയിലേക്ക് തിരിച്ചു വന്നു. പിടിക്കപ്പെട്ട ജബ്ബാർ, റസൂൽ തിരുമേനിയുടെ ഔദാര്യവും അനുകമ്പ നിറഞ്ഞ ഹൃദയവിശാലതയും കണ്ടു മനസ്സുമാറി ഇസ്‌ലാം സ്വീകരിച്ചു. അതോടെ അയാളെ സ്വതന്ത്രനാക്കിയെങ്കിലും അയാൾ തിരിച്ചു പോകാതെ മദീനയിൽ തന്നെ തങ്ങി. അതുകാരണം അയാളുടെ തഅ്‌ലീം തർബിയ്യത്ത് കാര്യം അല്ലാഹുവിന്റെ റസൂൽ എന്നെയാണ് ഏൽപിച്ചത്. ഇതിനെ 'ഗസ്‌വ സീഅമർ' എന്ന് വിളിക്കപ്പെടുന്നു.

ബനൂ സലീമിലേയും ബനൂ അത്ഫാനിലേയും യഹൂദ ഗോത്രങ്ങൾക്ക് എങ്ങനെയെങ്കിലും മുസ്‌ലിമീങ്ങളെ നശിപ്പിക്കണം. അതിന് വേണ്ടി അവർ നിരന്തരം പരിശ്രമിച്ച് കൊണ്ടിരിക്കുകയാണ്. അവരോടൊപ്പം മക്കയിലെ ഖുറൈശികളും ഇപ്പോൾ ചേർന്നിട്ടുണ്ട്. ഇതെല്ലാം തന്നെ ബാഹ്യമായി അറിയപ്പെടുന്ന ശത്രുക്കളായിരുന്നു. എന്നാൽ മുസ്‌ലിമീങ്ങളോടൊപ്പം ബാഹ്യമായി മുസ്‌ലിമായി നടക്കുന്ന മുനാഫിഖീങ്ങൾ (കപട വിശ്വാസികൾ) ഒരു ഭാഗത്തും സമാധാന ഉടമ്പടിയിൽ ഒപ്പുവെച്ചിട്ടുള്ള വഞ്ചകരായ യഹൂദ ഗോത്രങ്ങളിൽ നിന്നുള്ള ഭീഷണി മറ്റൊരു ഭാഗത്തും നിലനിൽക്കുന്നുണ്ട്. അവർ ഏതു സമയത്തും വഞ്ചിച്ചേക്കാം. ഈ കാരണത്താൽ മുസ്‌ലിമീങ്ങൾക്ക് ഒരു നിമിഷം പോലും സമാധാനചിത്തരായി മദീനയിൽ നിലകൊള്ളുക അസാധ്യമായി തീർന്നിട്ടാണുള്ളത്. പകൽ സമയത്തായാലും രാത്രിയായാലും ആയുധങ്ങൾ എപ്പോഴും ഞങ്ങളുടെ കയ്യിലുണ്ടാകും. രാത്രി ആയുധങ്ങളോടെയാണ് കിടക്കുന്നതും.

## ഗസ്‌വ ബുഹ്റാൻ

സീഅമറിൽ നിന്ന് തിരിച്ചെത്തി ഏതാനും ദിവസം കഴിഞ്ഞതേയുള്ളൂ, റബീഉൽ അവ്വൽ മാസത്തിന്റെ അവസാനത്തിൽ ഈ ഗോത്രങ്ങൾ മദീനയെ ആക്രമിക്കാനായി ബുഹ്റാൻ പ്രദേശത്ത് ഒത്തുചേർന്നതായി വിവരം ലഭിച്ചപ്പോൾ റസൂലുല്ലാഹ് വലിയൊരു സംഘം മുസ്‌ലിമീങ്ങളോടൊപ്പം അവിടെ എത്തിയെങ്കിലും സാധാരണ പോലെ അവരെല്ലാം തന്നെ ഓടി രക്ഷപ്പെട്ടു. ഞങ്ങൾ അശ്രദ്ധരായിരിക്കുമ്പോൾ പെട്ടെന്ന് വന്ന് ആക്രമിക്കുവാനാണ് അവർ ഉദ്ദേശിക്കുന്നത്. പക്ഷേ റസൂലുല്ലാഹ് യുടെ ദീർഘ വീക്ഷണവും ജാഗ്രതയും അതിനവരെ അനുവദിച്ചിരുന്നില്ല. ഇതിനെ 'ഗസ്‌വ ബുഹ്റാൻ' എന്ന് വിളിക്കുന്നു.

## സരിഅ സൈദ് ബിൻ ഹാരിസ

ഇതിലൂടെ ബനൂ സലീം, ബനൂ അത്ഫാൻ ഗോത്രങ്ങളിൽ നിന്നുള്ള ഭീഷണിക്ക് അൽപം വിരാമമായെങ്കിലും മറ്റൊരു ഭീഷണിയെ തുടർന്ന് ഞങ്ങൾക്ക് ജമാദുൽ ആഖിർ മാസം മദീനക്കു വെളിയിൽ പോകേണ്ടി വന്നു. ഖുറൈശികളുടെ ഒരു കച്ചവട സംഘം സാധാരണ വഴി ഉപേക്ഷിച്ചു കൊണ്ട് സമുദ്ര തീര പാതയിലൂടെ ഇറാഖിലേക്കു കച്ചവടത്തിനായി പോകുന്ന വിവരം അല്ലാഹുവിന്റെ റസൂലിന് ലഭിച്ചു. ഈ വഴിയിലുള്ള എല്ലാ ഗോത്രങ്ങളും മുസ്‌ലിമീങ്ങളുടെ ശത്രുക്കളും ഖുറൈശികളുടെ സഖ്യകക്ഷികളുമാണ്. ആ നിലക്ക് ഇവർ മദീനക്കു അടുത്തു കൂടി കടന്നു പോകുമ്പോൾ തങ്ങളുടെ സഖ്യകക്ഷികളുമായി ചേർന്നു മുസ്‌ലിമീങ്ങളെ ആക്രമിക്കാൻ സാദ്ധ്യതയുള്ളതു കൊണ്ട് അവർ ഇതുവഴി കടന്നു പോകുന്നതു തടയുവാൻ റസൂലുലാഹ് തീരുമാനിച്ചു. ഈ കച്ചവട സംഘത്തിൽ അബൂ സുഫിയാൻ ബിൻ ഹറബ്, സഫ്‌വാൻ ബിൻ ഉമയ്യ തുടങ്ങിയ മുഖ്യ നേതാക്കളും ഉണ്ട്. ഈ സംഘത്തെക്കുറിച്ചുള്ള വിവരം ലഭിച്ചപ്പോൾ റസൂലുല്ലാഹ് തന്റെ സ്വതന്ത്രനാക്കപ്പെട്ട അടിമ സൈദ് ബിൻ ഹാരിസയുടെ നേതൃത്വത്തിൽ ഒരു സംഘത്തെ അവരെ നേരിടുന്നതിനായി അയച്ചു. സൈദ് ബിൻ ഹാരിസ തികഞ്ഞ ധീരതയോടും സാമർത്ഥ്യത്തോടും കൂടി നജ്ദിനടുത്തുള്ള ഒരു പ്രദേശത്ത് വെച്ചു ഇവരുടെ മേൽ പെട്ടെന്നു ആക്രമണം അഴിച്ചു വിട്ടു. ഓർക്കാപ്പുറത്തുണ്ടായ ആക്രമണത്തിൽ ഖുറൈശികൾ പേടിച്ച് വിറച്ചു. തങ്ങളുടെ കയ്യിലുണ്ടായിരുന്ന ധനവും മുതലും എല്ലാം ഇട്ടെറിഞ്ഞ് ഓടി രക്ഷപ്പെട്ടു. അങ്ങനെ സൈദും സംഘവും സമ്പൂർണ്ണ വിജയത്തോടും ഭാരിച്ച മാൽ ഗനീമത്തോ (യുദ്ധ മുതൽ)ടും കൂടി മദീനയിൽ തിരിച്ചെത്തി. അല്ലാഹുവിന്റെ റസൂൽ ഈ യത്നത്തിൽ പങ്കെടുക്കാതിരുന്നതു കൊണ്ട് ഇതിനെ 'സരിഅ സൈദ് ബിൻ ഹാരിസ' എന്നു വിളിക്കപ്പെടുന്നു. (തുടരും)

**കടപ്പാട് & അവലംബം**


1. സീറത്ത് ഖാത്തമുന്നബിയ്യീൻ By ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ)

2. സീറത്ത് സഹാബാ റസൂലുല്ലാഹ് (സ.അ) By മൗലാനാ മുസഫ്ഫർ അഹ്മദ് സാഹിബ്. റബ്‌വ

3. ഹദ്റത്ത് ബിലാൽ (റ) By ഹസ്സൻ മുഹമ്മദ് ഖാൻ സാഹിബ്. റബ്‌വ.

4. ഹദ്റത്ത് ബിലാൽ (റ) By ഫരീദ് അഹ്മദ് നവീദ് സാഹിബ് റബ്‌വ.

5. താരീഖുൽ അമ്പിയാ, വ സഹാബ വൽ ഔലിയാ By അഹ്മദ് ഫൈസി സാഹിബ്.

6. സബറോ ഇസ്തിഖാമത്ത് കെ ശഹ്സാദെ By മൗലാനാ അബ്ദുസ്സമീഅ് ഖാൻ സാഹിബ് റബ്‌വ.

7. ദീപാച തഫ്സീറുൽ ഖുർആൻ By ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനീ (റ)

8. ഹദ്റത്ത് അസ്മ ബിൻത് അബീബക്കർ By താഹിറാ രിയാസ് സാഹിബ, കറാച്ചി

9. മസാമീൻ ഹദ്റത്ത് ഡോക്റ്റർ മീർ മുഹമ്മദ് ഇസ്മയീൽ സാഹിബ് (റ) വാള്യം 5

10. സീറത്ത് റസൂൽ നുബുവ്വത്ത് സെ ഹിജ്റത്ത് തക് By ബുശ്റ ദാവൂദ് സാഹിബ, റബ്‌വ.

11. സീറത്ത് റസൂൽ ഹിജ്റത്ത് സെ വിസാൽ തക് By അമതുൽ ബാരി നാസ്സിർ സാഹിബ, കറാച്ചി

12. ഹമാരാ ആക്കാ By ശേഖ് മുഹമ്മദ് ഇസ്മായീൽ സാഹിബ് പാനിപതി

13. ഉസ്‌വയെ ഇൻസാനെ കാമിൽ By മൗലാനാ മുസഫ്ഫർ അഹ്മദ് സാഹിബ്. റബ്‌വ

14. മീഡിയ ലൈബ്രറി അൽ ഇസ്ലാം ഡോട് ഓർഗ്

15. അൽ ഫസൽ, ഉറുദു ദിന പത്രങ്ങൾ, റബ്‌വ





# ബാൽഫർ പ്രഖ്യാപനത്തിന് ഒരുനൂറ്റാണ്ട്

## മുസാഫിർ

നീതി തത്ത്വങ്ങൾക്ക് വിരുദ്ധമായി ഇസ്രായേൽ രൂപീകരണത്തിന് ആധാരമായ ബാൽഫർ പ്രഖ്യാപനത്തിന് ഈ നവംബർ മാസത്തോടെ നൂറ് വർഷം തികയുകയാണ്. മുസ്‌ലിംകളോടും അറബ് സമൂഹത്തോടും ലോകമനസ്സാക്ഷിയോടും പാശ്ചാത്യ സാമ്രാജ്യത്വവും സിയോണിസവും ചെയ്ത വഞ്ചനയായി ചരിത്രത്തിൽ അത് എക്കാലവും മായാതെ നിൽക്കും. ലോകപ്രശസ്തനയായ ഫലസ്തീൻകാരനും അമേരിക്കയിലെ കൊളംബിയാ യൂണിവേഴ്സിറ്റി പ്രഫസറുമായിരുന്ന എഡ്വേർഡ് സയ്ദ് ബാൽഫർ പ്രഖ്യാപനത്തെ പറ്റി പറഞ്ഞതാണ് ശരി. അദ്ദേഹം പറഞ്ഞത് "Made by a European power … about a non-European territory … in a flat disregard of both the presence and wishes of the native majority resident in that territory". **'യൂറോപ്പിലല്ലാത്ത ഒരു ഭൂമേഖലയെക്കുറിച്ച് ......ആ ഭൂമേഖലയിലെ തദ്ദേശവാസികളായ ഭൂരിപക്ഷം ജനങ്ങളുടെ സാന്നിദ്ധ്യത്തെയും അഭിലാഷങ്ങളെയും തികച്ചും അവഗണിച്ച് .... ഒരു യൂറോപ്യൻ ശക്തി തയ്യാറാക്കിയത്'** എന്നാണ്.

യഹൂദർക്ക് ഒരു ജന്മഗേഹം സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട്. ബ്രിട്ടീഷ് ഗവൺമെന്റ് നടത്തിയ അന്യായമായ പ്രഖ്യാപനമാണ് ബാൽഫർ ഡിക്ലറേഷൻ. പിന്നീട് 1948 ൽ ഇസ്രയേൽ സ്ഥാപിതമാവാൻ വേണ്ടി ആയിരക്കണക്കിന്ന് വർഷങ്ങളായി പലസ്തീനിൽ ജീവിച്ചു വന്ന തദ്ദേശീയരായ പലസ്തീൻ ജനതയെ അവരുടെ മണ്ണിൽ നിന്ന് യുദ്ധവും ഭീകര പ്രവർത്തനവും നടത്തി അടിച്ചോടിച്ചു കൊണ്ടാണ് സിയോണിസ്റ്റുകൾ ആ കൃത്യം നിർവഹിച്ചത്. അതിന്റെ ഫലമായി 72 ലക്ഷം വരുന്ന പലസ്തീൻ ജനത സ്വന്തം വീട്ടിൽ നിന്നും നാട്ടിൽ നിന്നും പറിച്ചെറിയപ്പെട്ടു. അവരിൽ ഭൂരിഭാഗവും ഇസ്റായേൽ അതിർത്തിക്കപ്പുറം ഗസ്സയിലും പടിഞ്ഞാറെക്കരയയിലുമുള്ള അഭയാർഥിക്യാമ്പുകളിലെ കൂടാരങ്ങളിലും താൽക്കാലിക ഷെട്ടറുകളിലും കഴിയുന്നു. ബാക്കിയുള്ളവർ ലബനാൻ, സിറിയ, ജോർദാൻ മുതലായ അറബിരാജ്യങ്ങളിലും മറ്റു പല രാജ്യങ്ങളിലുമായി അഭയാർഥികളായി ജീവിക്കുകയും ചെയ്യുന്നു.

1914ൽ ഒന്നാംലോക മഹായുദ്ധകാലത്ത് ഇംഗ്ലണ്ടിലെ സയണിസ്റ്റ് നേതാവും യഹൂദ പ്രമുഖനും ശാസ്ത്രജ്ഞനും സ്ഫോടക വസ്തു നിർമാതാവുമായിരുന്ന ബയിം വീസ്മാനും ബ്രിട്ടീഷ്



ചെയിം വീസ്മാൻ

ഗവൺമെന്റും തമ്മിൽ ഉണ്ടായിരുന്ന ധാരണ പ്രകാരമായിരുന്നു ഈ പ്രഖ്യാപനം. പിന്നീട് വീസ്മാൻ ഇസ്റായേലിന്റെ ആദ്യത്തെ പ്രസിഡന്റായി. അന്നത്തെ ബ്രിട്ടീഷ് ഫോറിൻ സെക്രട്ടറിയായിരുന്ന ആർതർ ബാൽഫർ 1917 നവംബർ 2 ന് ബ്രിട്ടീഷ് ജൂതസമൂഹത്തിലെ നേതാവായ ലോർഡ് റോത്ത് ചൈൽഡിന് എഴുതിയ 67 വാക്കുകളുള്ള കൊച്ചു കത്തിലാണ് ലോകസമാധാനത്തെ ഹനിക്കുന്നതും ലോകനീതിക്കും വിരുദ്ധവും ചരിത്രയുക്തിക്ക് നിരക്കാത്തതു

മായ ഈ പ്രഖ്യാപനമുണ്ടായത്. കത്തിന്റെ പൂർണ്ണ രൂപം ഇപ്രകാരമാണ്.

### ബാൽഫറുടെ കത്ത്

വിദേശ മന്ത്രാലയം
2 നവംമ്പർ 1917

പ്രിയപ്പെട്ട ലോർഡ് റോത്ത് ചൈൽഡ്,

കാമ്പിനറ്റിന് മുമ്പിൽ സമർപ്പിക്കപ്പെട്ടതും പിന്നീട് അംഗീകരിച്ചതുമായ ജൂത സിയോണിസ്റ്റ് അഭിലാഷങ്ങളോട് താഴെകൊടുത്ത അനുഭാവപൂർണമായ പ്രഖ്യാപനം ബഹുമാനപ്പെട്ട രാജാവിന്റെ പേരിൽ താങ്കളെ അറിയിക്കാൻ എനിക്ക് അതിയായ സന്തോഷമുണ്ട്.


‘യഹൂദ ജനതക്ക് ഫലസ്തീനിൽ ഒരു ദേശീയ ഗേഹം സ്ഥാപിക്കുന്നതിനോട് ബഹുമാനപ്പെട്ട രാജാവിന്റെ കീഴിലുള്ള ഭരണകൂടത്തിന്റെ വീക്ഷണം അനുകൂലമാണ്. അവരുടെ എല്ലാ പരിശ്രമങ്ങളും ഈ ലക്ഷ്യം സുഗമമായി കരഗതമാവുന്നതിന് വേണ്ടി ഉപയോഗിക്കുന്നതാണ്. വ്യക്തമായും മനസ്സിലാക്കപ്പെടേണ്ട കാര്യമെന്തെന്ന് വെച്ചാൽ ഫലസ്തീനിൽ നിലവിലുള്ള യഹൂദരല്ലാത്ത സമൂഹങ്ങളുടെ പൗരാവകാശങ്ങളെയും മതപരമായ അവകാശങ്ങളെയും ഹനിക്കുന്ന യാതൊന്നും പ്രവർത്തിക്കാൻ പാടില്ല. അപ്രകാരം മറ്റു രാജ്യങ്ങളിൽ യഹൂദർ അനുഭവിച്ചുകൊണ്ടിരിക്കുന്ന അവകാശങ്ങളും രാഷ്ട്രീയ പദവിയെയും ഹനിക്കുന്ന യാതൊന്നും ചെയ്യാൻ പാടില്ല.’

സിയോണിസ്റ്റ് ഫെഡറേഷന് താങ്കൾ ഈ പ്രഖ്യാപനം എത്തിക്കുമെങ്കിൽ ഞാൻ കൃതജ്ഞതയുള്ളവനായിരിക്കും.

താങ്കളുടെ

ആർതർ ബാൽഫർ

ഇതായിരുന്നു സിയോണി


ആർതർ ബാലഫർ

സ്റ്റുകൾക്ക് ബ്രിട്ടീഷ് ഭരണകൂടം 1917 ൽ ബാൽഫർ പ്രഖ്യാപനം വഴി നൽകിയ ഉറപ്പ്. ഇസ്രായേലിന്റെ ചരിത്രം ഉൾക്കൊള്ളുന്ന ബൈബിളിന്റെ അനുയായികളായ യൂറോപ്യന്മാരുടെ മനോമണ്ഡലത്തിൽ ബൈബിളും ഇസ്റയേലും തമ്മിലുള്ള ബന്ധമായിരുന്നു നിറഞ്ഞു നിന്നിരുന്നത്. ഈ മതപരമായ മിത്തിൽ ആണ് ഇസ്രയേൽ കെട്ടിപ്പടുത്തത്. വാസ്തവത്തിൽ ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് യഹൂദർ ഫലസ്തീനിൽ നിന്നും ഒഴിഞ്ഞു പോയിരുന്നു. നാലായിരം വർഷമായി രാഷ്ട്രീയപരവും കാലവസ്ഥാപരവുമായ എല്ലാ പ്രതിസന്ധികളേയും അതിജീവിച്ച് അവിടെ ജീവിതം തുടർന്നത് ഫലസ്തീനികളായ അറബികളായിരുന്നു. യൂറോപ്യന്മാരുടെ ഈ ബൈബിൾ ബന്ധം സിയോണിസ്റ്റുകൾ സമർഥമായി ചൂഷണം ചെയ്യുകയായിരുന്നു. ഈ പശ്ചാത്തലത്തിൽ വാസ്തവത്തിൽ ഫലഭൂയിഷ്ഠമായ ഫലസ്തീൻ ഒരു പാഴ് മരുഭൂമിയാണെന്ന് അവർ പ്രചാരണം നടത്തി. എന്നിട്ട് **‘ജനങ്ങളില്ലാത്ത ഭൂമി ഭൂമിയില്ലാത്ത ജനങ്ങൾക്ക്’** എന്ന മുദ്രാവാക്യം വ്യാപകമായി പ്രചരിപ്പിച്ച് ക്രിസ്തുമത വിശ്വാസികളായ യൂറോപ്യന്മാരുടെ അനുഭാവം നേടുകയാണ് അവർ ചെയ്തത്.

### ലോർഡ് കഴ്സൺന്റെ വിയോജിപ്പ്

പൊതുവേ നീതിബോധം പാലിക്കുന്ന ബ്രിട്ടീഷ് ജനത മുഴുവൻ ഈ പാപത്തിൽ പങ്കുണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. ബാൽഫർ പ്രഖ്യാപനം ഒരു മഹായുദ്ധവേളയിൽ എങ്ങനെയെങ്കിലും യുദ്ധം ജയിക്കാൻ ഉണ്ടാക്കിയ കരാറും പ്രഖ്യാപനവുമാണെന്നും നാം ഓർക്കണം. ആർതർ ബാൾഫറിന് ശേഷം ബ്രിട്ടിഷ് ഫോറിൻ സെക്രട്ടറിയായിരുന്ന ലോർഡ് കഴ്സൺ, ബാൽഫർ പ്രഖ്യാപനത്തെ കഠിനമായി എതിർത്തയാളായിരുന്നു. ഇന്ത്യയിൽ വൈസ്രോയിയായിരുന്ന അദ്ദേഹം തിരിച്ച് ബ്രിട്ടനിലെത്തിയതിന് ശേഷം ആർതർ ബാൽഫറിനെ തുടർന്ന് ബ്രിട്ടീഷ് ഫോറിൻ സെക്രട്ടറിയായി. ജൂതന്മാരും ഫലസ്തീനും തമ്മിൽ യാതൊരു ബന്ധവുമില്ല എന്ന ചരിത്രയുക്തിയുടെ നിലപാടായിരുന്നു അദ്ദേഹം ശക്തമായി സ്വീകരിച്ചിരുന്നത്. ഒരിക്കൽ അദ്ദേഹം തന്റെ മുൻഗാമിയായ ആർതർ ബാൽഫറിനെഴുതി.

**‘1200 വർഷങ്ങൾ ക്ക് മുമ്പ് അവസാനിച്ച യഹൂദരും പലസ്തീനുമായുള്ള ബന്ധം ഞാൻ ഒരിക്കലും അംഗീകരിക്കുന്നില്ല. പലസ്തീനു മേലുള്ള അവരുടെ അവകാശവാദം എന്നോ അവസാനിച്ചതാണ്. ഈ തത്വം നാം**


ലോർഡ് കഴ്സൺ

**അംഗീകരിക്കുകയാണെങ്കിൽ ഫ്രാൻസിനുമേൽ നമുക്ക് ശക്തമായ അവകാശവാദം ഉന്നയിക്കാം.'**

1990 കളിലെ ഗൾഫ് യുദ്ധ വേളയിൽ അഹ്മദിയ്യ ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (ഖലീഫത്തുൽ മസീഹ് നാലാമൻ) നടത്തിയ ചരിത്രപ്രസിദ്ധമായ ഖുതുബകളിൽ ഒന്നിൽ പറഞ്ഞ കാര്യം ശ്രദ്ധേയമാണ്. **' യഹൂദ രാഷ്ട്രം നിലവിൽ വരാൻ ജൂതഗൂഢാലോചനുമായി ബ്രിട്ടീഷ് ഗവൺമെന്റ് ഒരു നിർണ്ണായക പങ്ക് നിർവ്വഹിച്ചിട്ടുണ്ട്.'** (15 ഫെബ്രവരി 1991 ന് നിർവഹിച്ച ഖുത്ബ- The Gulf Crisis & New World Order P.239) എന്നതായിരുന്നു ആ പരാമർശം. ഖലീഫത്തുൽ മസീഹ് നാലാമന്റെ ഖുത്ബയിൽ ലോർഡ് കഴ്സണ് പ്രഭുവിന്റെ യഹൂദ വിരുദ്ധവും മുസ്‌ലിം അനുകൂലവുമായ നിലപാടിനെയും വിശദീകരിക്കുന്നുണ്ട്.

**'1917 മുതൽ 1920 വരെയുള്ള കാലഘട്ടത്തിലെ പ്രക്ഷുബ്ദാവസ്ഥ വീക്ഷിക്കുകയാണെങ്കിൽ നമുക്ക് കണ്ടെത്താൻ കഴിയുക, യഹൂദന്മാർ ഗൂഢാലോചനയുടെ വല സർവസ്ഥലത്തും വിരിക്കുകയും സ്വാധീനമുള്ള വ്യക്തികളെ വശത്താക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ മുസ്‌ലിംകൾ അത്യന്തം നിരുത്തരവാദിത്വപരമായാണ് പെരുമാറിയതെന്ന് കാണാൻ കഴിയും. ഈ സംഭവവികാസങ്ങൾക്കിടയിൽ അവർ നിതാന്ത വിസ്മൃതി ബാധിച്ചവരെ പോലെയാണ് പെരുമാറിയത്. ലോർഡ് ബാൽഫറിനെ തുടർന്ന് ലോർഡ് കഴ്സൺ ഫോറിൻ സെക്രട്ടറിയായി അധികാരത്തിൽ വന്നു. അദ്ദേഹം മുസ്‌ലിംകളെ ശക്തമായി പിന്തുണക്കുകയാണ് ചെയ്തത്. ആരെയും അത്ഭുത സ്തബ്ദനാക്കുന്ന പല കാര്യങ്ങളും അദ്ദേഹത്തിന് അറിയാൻ കഴിഞ്ഞു. ആ സമയത്ത് ഒരാൾ മുഖാന്തിരം ജൂതജനത ഒരു ഗൂഢതന്ത്രം മെനഞ്ഞ് അവരുടെ ലക്ഷ്യം നേടാൻ പരമാവധി ശ്രമിക്കുകയായിരുന്നു. അറബികളാകട്ടെ ഇതെല്ലാം താക്കോൽ പഴുതിലൂടെ വെറുതെ നോക്കിനിൽക്കുകയായിരുന്നു. ബ്രിട്ടീഷ് ജനത മുഴുവൻ ഈ ഗൂഢപദ്ധതിയിൽ പക്ഷം ചേർന്നു എന്ന് പറയുന്നത് ഏതർഥത്തിലും ശരിയല്ല. ഉദാഹരണത്തിന് ലോർഡ് കഴ്സൺ തന്നെ ശക്തമായി ഈ കാര്യത്തെ എതിർത്തിരുന്നു. ഇസ്റയേൽ സ്ഥാപിക്കപ്പെട്ടതിന്റെ യഥാർഥ കാരണം അദ്ദേഹത്തിന് അറിയാമായിരുന്നു. അതിന്റെ രത്നചുരുക്കമാണ് അദ്ദേഹം പറഞ്ഞത്. ദൂരവ്യാപകമായ ഫലങ്ങളുളവാക്കുന്ന ഒരു ഗൂഢാലോചന ഇതിന്റെ പിന്നിൽ ഉണ്ട് എന്ന് മനസ്സിലാക്കിയ ലോർഡ് കഴ്സണെ ഇസ്റയേലും ഫലസ്തീനുമായി ചരിത്രപരമായ ബന്ധം ഉണ്ട് എന്ന സിദ്ധാന്തം അംഗീകരിപ്പിക്കാൻ അദ്ദേഹത്തിന് മേൽ ഒരുപാട് സമ്മർദം ചെലുത്തുകയുണ്ടായി. ഒരിക്കൽ ആ വാദം അംഗീകരിച്ചു കഴിഞ്ഞാൽ പിന്നെ ഒരിക്കലും ജൂതന്മാരെ തടഞ്ഞ് നിർത്താൻ കഴിയുകയില്ല. സിയോണിസ്റ്റുകൾക്ക് ഫലസ്തീനിന് മേലുള്ള ഭരണം നേടിയെടുക്കാൻ ഇത്തരത്തിലുള്ള വാക്കുകൾ ഭാവിയിൽ അവർ ഉപയോഗിക്കും എന്നത് തീർച്ചയാണ്. അത്കൊണ്ട് ലോർഡ് കഴ്സൻ ഇസ്രായേൽ രൂപീകരണത്തിനെതിരെ ശക്തമായി വഴങ്ങാതെ നിന്നു..... അവസാനം ലോയ്ഡ്സ് ജോർജിന്റെ (പ്രധാന മന്ത്രി) മന്ത്രിസഭ ചില രഹസ്യനീക്കങ്ങളിലൂടെ ഫലസ്തീനുമായി ഇസ്റയേലിനുള്ള 'ചരിത്രപരമായ ബന്ധം' എന്ന വാക്കിന്റെ അടിസ്ഥാനത്തിൽ ഈ ബില്ല് പാസ്സാക്കുന്നതിൽ വിജയിക്കുകയാണുണ്ടായത്...........ബ്രിട്ടനിലെ ഹൗസ് ഓഫ് ലോർഡ്സ് ഇത് തള്ളിക്കളയുകയും ഹൗസ് ഓഫ് കോമൺസിൽ വെച്ച് അത് പാസ്സാക്കുകയുമാണുണ്ടായത്.** (The Origin and Evolution of the Palastine Problem. 1917- 1989. p. 21-28 Published by UN Newyork) - (15 ഫെബ്രവരി 1991 ന് നിർവഹിച്ച ഖുത്ബ- The Gulf Crisis & New World Order P.241) ലോകത്ത് നീതിബോധവും ജനാധിപത്യ മുറകളും സഹിഷ്ണുതയും പഠിപ്പിച്ച ബ്രിട്ടീഷ് ജനതയിലെ നിരവധിപേർ ഫലസ്തീനികളുടെ മനുഷ്യാവാകാശങ്ങളെ അന്നും ഇന്നും അനുകൂലിക്കുന്നവരും സിയോണിസ്റ്റുകളുടെ അതിക്രമങ്ങളെ അപലപിക്കുന്നവരുമാണ്.

അത്പോലെതന്നെ അമേരിക്കയും ബാൽഫർ പ്രഖ്യാപനത്തെ എതിർത്തവരാണ്. ഇത് അവരുടെ ഇന്നത്തെ നിലപാടിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു. അന്നത്തെ പ്രസിഡന്റ് വുഡ്രോ വിൽസൺ ഫലസ്തീൻ മണ്ണിൽ ഇസ്രയേൽ രൂപീകരണത്തോട് വിയോജിച്ച ആളാണ്. യുദ്ധശേഷം തുർക്കി ഖിലാഫത്തിന് കീഴിലുണ്ടായിരുന്ന ഭരണ പ്രദേശങ്ങളിലെ ഭാവിഭരണത്തെ കുറിച്ചും അവിടങ്ങളിൽ ലീഗ് ഓഫ് നാഷൻ നടപ്പാക്കിയ മാൻഡേറ്റ് സിസ്റ്റത്തെ പറ്റിയും അന്വേഷിച്ച് അമേരിക്കയുടെ നയം രൂപീകരിക്കാൻ ജനങ്ങളുടെ അഭിപ്രായമറിയാൻ പ്രസിഡന്റ് വുഡ്രോ വിൽസൺ, ഹെൻട്രി ചർച്ചിൽ കിംങ്ങ്, ചാൾസ് ആർ ക്രെയ്ൻ എന്നിവരെ ഉൾപ്പെടുത്തി 1919 ൽ **കിംങ്ങ് ക്രയ്ൻ കമ്മീഷൻ** (King–Crane Commission) എന്ന ഒരു അന്വേഷണ ഏജൻസിയെ നിയമിച്ചിരുന്നു. അവർ ഫലസ്തീൻ ജനതയുമായി സംവദിച്ചുകൊണ്ട് തയ്യാറാക്കിയ റിപ്പോർട്ടിൽ ബാൽഫർ പ്രഖ്യാപനത്തെ കുറിച്ച് ഫലസ്തീനികളുടെ കടുത്ത എതിർപ്പും റിപ്പോർട്ട് ചെയ്തിരുന്നു. പിന്നീട് ആ റിപ്പോർട്ട് തമസ്ക്കരിക്കപ്പെടുകയാണുണ്ടത്.

## ബാൽഫർ പ്രഖ്യാപനം സൈക്പിക്കോട്ട് കരാറിന്റെ തുടർച്ച

ഒന്നാം ലോക മഹായുദ്ധം നടന്നത് ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ എന്നീ രാജ്യങ്ങളുടെ നേതൃത്വ




ഷെരീഫ് ഹുസൈൻ

ത്തിൽ സഖ്യകക്ഷികളും ജർമ്മനി ഓസ്ട്രിയ, ഹംഗറി, തുർക്കി സമ്രാജ്യം എന്നീവരുടെ നേതൃത്വത്തിലുള്ള കേന്ദ്രീയ ശക്തികളും തമ്മിലായിരുന്നു വല്ലോ. ജർമ്മൻ സഖ്യത്തിലായിരുന്നു മുസ്‌ലിം ലോകത്തിന്റെ അനിഷേധ്യ സ്ഥാപനമായ ഖിലാഫത്തിന്റെ പ്രാതിനിധ്യം വഹിച്ച തുർക്കി അണിനിരന്നത്. എന്നാൽ അറബ് ലോകമാകട്ടെ തുർക്കി ഖിലാഫത്തിനെതിരെ ബ്രിട്ടൻ-ഫ്രാൻസിന്റെ നേതൃത്വത്തിലുള്ള സഖ്യ ശക്തികൾക്കൊപ്പവുമായിരുന്നു യുദ്ധത്തിലുടനീളം പിന്തുണ നൽകിയത്. യുദ്ധം ജയിച്ചാൽ തുർക്കി ഖിലാഫത്തിന്റെ ഭരണ പ്രദേശങ്ങൾ തദ്ദേശീയരായ അറബികൾക്ക് നൽകുമെന്നായിരുന്നു അറബികളോട് സഖ്യകക്ഷികൾ നൽകിയ വാഗ്ദാനം. മക്കയിലെ ശരീഫ് ഹുസൈനും മക്മോഹൻ എന്ന ബ്രിട്ടീഷ് മിലിറ്ററി ഓഫീസറുമായി 1915 ജൂലൈക്കും 1916 മാർച്ചിനുമിടയിൽ പരസ്പരം നടത്തിയ പത്ത് കത്തുകളുടെ അടിസ്ഥാനത്തിലായിരുന്നു ഹുസൈൻ മക്മോഹൻ കരാർ (Hussain- McMahon Agrement) രൂപപ്പെട്ടത്. സൈനിക പരിശീലകനും ബ്രിട്ടീഷ് ഏജന്റുമായ ടി. എസ്സ് ലോറൻസ് അറബികൾക്ക് നൽകിയ ഉറപ്പിലും ഇത് തന്നെ ആവർത്തിച്ചു. അറബ് മുസ്‌ലിംകൾ തങ്ങളുടെ സ്വന്തം ഖിലാഫത്തിനെതിരെ പോലും നിന്ന് സഹായിച്ച സഖ്യകക്ഷികൾ യുദ്ധം ജയിച്ചപ്പോൾ വാഗ്ദാനം പാലിച്ചില്ല. അറബികളെ അവർ വഞ്ചിക്കുകയായിരുന്നു. മാത്രമല്ല പരാജയപ്പെട്ട തുർക്കി ഖിലാഫത്തിന്റെ ഭരണ പ്രദേശങ്ങൾ ബ്രിട്ടനും ഫ്രാൻസും റഷ്യയും ചേർന്ന് സ്വയം പങ്കിട്ടെടുത്തു. ഫലസ്തീനിൻ പ്രദേശത്ത് തദ്ദേശീയരായ അറബി ഫലസ്തീനികളേ പുറത്താക്കി ഇസ്റയേൽ രൂപീകരിക്കുകയും ചെയ്തു. ഇത് അവർ ഒന്നാം ലോക യുദ്ധത്തിൽ തങ്ങളെ സഹായിച്ച യഹൂദ സിയോണിസ്റ്റുകളുമായുണ്ടാക്കിയ രഹസ്യ ധാരണയുടെ നിറവേറ്റൽ കൂടിയായിരുന്നു.

യുദ്ധത്തിന് മുമ്പുള്ള അറബികളുമായുള്ള ഹുസൈൻ മക്മോഹൻ കരാർ പ്രകാരം അറബികൾക്ക് ലഭിക്കേണ്ട ആ പ്രദേശങ്ങൾ യുദ്ധശേഷം അവർക്ക് ലഭിച്ചില്ല. ഇതിന് കാരണം അറബികൾക്ക് നൽകിയ വാഗ്ദാനത്തിന് വിരുദ്ധമായി രഹസ്യമായി 1916 മെയ് 10ന് സഖ്യകക്ഷികൾ തമ്മിൽ ഒരു നിഗൂഢ കരാറിൽ ഒപ്പുവെച്ചിരുന്നു. ഇതിനെയാണ് സൈക്സ് പിക്കോട്ട് കരാർ (Sykes–Picot Agreement) എന്ന് വിളിക്കപ്പെടുന്നത്. ഫലസ്തീനിൽ യഹൂദ രാഷ്ട്രം സ്ഥാപിക്കാൻ സഹായിക്കുമെന്ന് സിയോണിസ്റ്റുകൾക്ക് ഇതിന് മുമ്പ് നൽകിയ വാഗ്ദാനത്തിന്റെ നിറവേറ്റലും കൂടിയായിരുന്നു ഈ രഹസ്യക്കരാർ. ബ്രിട്ടീഷ് പ്രതിനിധിയായ Sir Mark Sykes ഫ്രഞ്ച് പ്രതിനിധി Georges Picot ചേർന്ന് രൂപം കൊടുത്ത കരാറായത് കൊണ്ടാണ് സൈക്സ് പിക്കോട്ട് കരാർ എന്ന പേരുവന്നത്. അറബ് പ്രദേശം അന്ന് തുർക്കി ഖിലാഫത്തിന്റെ കീഴിലായിരുന്നുവല്ലോ. 1916 ലെ സൈക്സ് പിക്കോട്ട് രഹസ്യകരാർ പ്രകാരം അറബ് പ്രദേശം യുദ്ധം ജയിച്ച ബ്രിട്ടനും ഫ്രാൻസും റഷ്യയും ചേർന്ന് അവരുടെ സ്വന്തം നിയന്ത്രണത്തിലാക്കി. വഞ്ചിക്കപ്പെട്ട അറബികൾ Sykes–Picot രഹസ്യക്കരാർ അറിഞ്ഞിരുന്നില്ല. ഈ രഹസ്യക്കരാർ പ്രകാരം യുദ്ധാനന്തരം ബ്രിട്ടീഷുകർ വീതം വെച്ചെടുത്ത ഫലസ്തീൻ പ്രദേശത്താണ് പിന്നീട് ഇസ്രയേൽ രൂപീകരിച്ചത്. 1916 ലെ സൈക്സ് പിക്കോട്ട് രഹസ്യക്കരാറിന്റെ പരസ്യമായ വെളിപ്പെടുത്തലായിരുന്നു 1917 ലെ ബാൽഫർ പ്രഖ്യാപനം. പിന്നീട് രണ്ടാം ലോകമഹായുദ്ധ ശേഷമാണ് അവിടെ ഇസ്രയേൽ രൂപീകരിക്കാൻ വേണ്ടി ആ ഭൂമി ഐക്യരാഷ്ട്രസഭ മുഖേന പതിച്ചു കൊടുക്കുകയും ചെയ്തത്.

## രഹസ്യം പുറത്താവുന്നു

1916 ലെ സൈക്സ് പിക്കോട്ട് രഹസ്യകരാർ പിന്നീട് പുറത്തായതിന് പിന്നിൽ ഒരു ചരിത്രമുണ്ട്. ഒന്നാം ലോകമഹായുദ്ധകാലത്ത് സാർ ചക്രവർത്തിയാണ് റഷ്യൻ രാജഭരണത്തിന് വേണ്ടി സൈക്സ് പിക്കോട്ട് കരാറിൽ ഒപ്പിട്ടത്. പിറ്റേത്തെ വർഷമാണ് റഷ്യയിൽ ബോൾഷെവിക് വിപ്ലവം അരങ്ങേറി കമ്മ്യൂണിസ്റ്റുകാർ സോവ്യറ്റ് യൂണിയൻ രൂപീകരിച്ചത്. കമ്മ്യൂണിസ്റ്റ് റഷ്യ കരാർ പ്രകാരം തങ്ങൾക്ക് ലഭിച്ച തുർക്കി ഭരണ പ്രദേശങ്ങളിൽ അവകാശ വാദമുന്നയിച്ച



ലെനിൻ

തിനെ ആംഗ്ലോ - ഫ്രാൻസ് സഖ്യം നിഷേധിച്ചു. അപ്പോഴാണ് റഷ്യൻ പ്രസിഡന്റായിരുന്ന ലെനിൻ അവരുടെ രഹസ്യ രേഖാ ശേഖരത്തിലുണ്ടായിരുന്ന സൈക്സ് പിക്കോട്ട് കരാർ 1917 നവംബർ 23ന് പരസ്യപ്പെടുത്തിയത്. അതായത് ബാർഫർ പ്രഖ്യാപനം കഴിഞ്ഞ് കൃത്യം മൂന്ന് ആഴ്ചകൾക്ക് ശേഷം. പാവം അറബികളും ലോകവും അപ്പോഴാണ് ഒന്നാം ലോക മഹായുദ്ധം നയിച്ച ആംഗ്ലോ ഫ്രാൻസ് സഖ്യം തങ്ങൾക്ക് നൽകാമെന്ന് വാഗ്ദാനം ചെയ്ത സ്ഥലങ്ങൾ തരാതിരുന്ന ഗൂഢാലോചനയെ പറ്റിയും വഞ്ചനയെകകുറിച്ചും അറിയുന്നത്.

## ബ്രിട്ടനിലെ വിയോജിപ്പുകൾ

ബ്രിട്ടൻ ബൽഫർ പ്രഖ്യാപനം അഭിമാനത്തോടെ ആഘോഷിക്കുമെന്നാണ് പ്രധാന മന്ത്രിയും കൺസർവേറ്റ് പാർട്ടിയുടെ നേതാവുമായ തെരേസാ മെ പറഞ്ഞതെങ്കിലും ബ്രിട്ടനിൽ പ്രതിപക്ഷത്തുള്ള ലേബർ പാർട്ടിയുടെ സമുന്നത നേതാവും ഷാഡോ ഫോറിൻ സെക്രട്ടറിയുമായ എമിലി തോൺബെറി ബാൽഫർ പ്രഖ്യാപനത്തിന്റെ നൂറാം വാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ ഫലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കുകയാണ് വേണ്ടതെന്ന് തുറന്നടിക്കുകയുണ്ടായി. ബ്രിട്ടനിൽ പ്രതിപക്ഷത്തിന് ഒരു നിഴൽ ഷാഡോ മിനിസ്ട്രി



എമിലി തോൺബെറി

ഉണ്ടായിരിക്കും. അതിൽ വിദേശ കാര്യം കൈകാര്യം ചെയ്യുന്ന ആളാണ് ഷാഡോ ഫോറിൻ സെക്രട്ടറി എമിലി തോൺബെറി. മിഡിൽ ഈസ്റ്റ് ഐ ന്യൂസിൽ ഒരു ഇന്റർവ്യൂയിലാണ് അവർ ഇപ്രകാരം പറഞ്ഞത്. ബാൽഫർ പ്രഖ്യാപനം ചരിത്രത്തിൽ ബ്രിട്ടൻ ഫലസ്തീൻ പ്രഖ്യാപനം നടത്തിയാണ് അടയാളപ്പെടുത്തേണ്ടതെന്നും അവർ പറഞ്ഞു. ബ്രിട്ടീഷ് ഗവൺമെന്റ് അങ്ങനെ ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ എപ്പോൾ എന്നത് ഒരു ചോദ്യമാണ്. ആ ചോദ്യത്തിനുത്തരം ഇപ്പോഴാണ് നൽകേണ്ടത് എന്നും അവർ പറഞ്ഞു. പലസ്തീൻ രാഷ്ട്രത്തെ അംഗീകരിച്ചുകൊണ്ടായിരിക്കണം നാം അത് ആഘോഷിക്കേണ്ടത്. വെസ്റ്റ് ബാങ്കിൽ അധിനിവേശ ഭൂമിയിൽ ഇസ്റയേലിന്റെ പാർപ്പിട നിർമാണത്തെ തോൺബെറി നിശിതമായി വിമർശിച്ചു. നമുക്ക് രണ്ട് സ്റ്റേറ്റ് വേണം രണ്ട് സ്വതന്ത്രമായ രഷ്ട്ര്ങ്ങളായിരിക്കണം അവ. ഇസ്റയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനോടൊപ്പം ഒരു അത്താഴ വിരുന്നിൽ പങ്കെടുക്കാൻ അവരോട് അഭ്യർഥിച്ചെങ്കിലും ഫലസ്തീനികളുടെ പരിപാടിയിൽ പങ്കെടുക്കാനുണ്ടെന്ന് പറഞ്ഞ് ആ അത്താഴ വിരുന്നിൽ നിന്ന് അവർ വിട്ടുനിൽക്കുകയാണുണ്ടായത്. നിരവധിപേർ ബാൽഫർ പ്രഖ്യാപനത്തിലെ അനീതി ബ്രിട്ടനിൽ തന്നെ തിരിച്ചറിയുകയും നിരവധി ബിട്ടീഷ് പത്രങ്ങൾ അതിനെക്കുറിച്ച് എഴുതുകയും ചെയ്തിട്ടുണ്ട്. അതുപോലെ ഇസ്രയേലിലും നിരവധി യഹൂദ സഹോദരന്മാർ നീതിക്കുവേണ്ടി ശബ്ദിക്കുന്നവരായിട്ടുണ്ട്.

ഏതായാലും ജൂതജനതയുടെ ചരിത്രം മനുഷ്യരാശിക്ക് ഒരുപാട് പാഠങ്ങൾ നൽകുന്നതാണ് എന്ന കാര്യത്തിൽ സംശയമില്ല. ചരിത്രത്തിലുടനീളം തുല്യതയില്ലാത്ത വൻ പീഢനങ്ങൾക്കും അടിമത്തത്തിനും ആട്ടിയോടിക്കലിനും ഇരയായ ഒരു ജനതയാണ് യഹൂദർ. അതൊന്നും അവരോട് ചെയ്തത് മുസ്‌ലിംകളായിരുന്നില്ല. യഹൂദമതത്തെ ഏറ്റവും കൂടുതൽ ആദരിക്കുകയും സാന്ത്വനിപ്പിക്കുകയും സൗഹൃദം പുർത്തുകയും ചെയ്ത മതമാണ് ഇസ്‌ലാം. ചരിത്രം അതിന് സാക്ഷിയാണ്. സെമിറ്റിക്ക് മതങ്ങളുടെ പൂർവഗാമി എന്നനിലക്കും നിരവധി മഹാന്മാരായ പ്രവാചകന്മാരുടെ അദ്ധ്യാപനങ്ങൾക്കൊണ്ടും അധ്യാത്മിക മൂല്യങ്ങൾ കൊണ്ടും സമ്പന്നമായ ഈ ജനതക്ക് അവരുടെ അധ്യാത്മിക ഗുരുക്കന്മാർ അവർക്ക് നൽകിയ നീതിയുടെയും സത്യത്തിന്റേയും മഹനീയ പാഠങ്ങളിലേക്ക് യഹൂദ ജനത തിരിച്ചു പോവേണ്ടിയിരിക്കുന്നു. വിശുദ്ധ ഖുർആൻ യഹൂദരെ പറ്റി പറഞ്ഞ് നല്ലവാക്കുകൾ ഇവിടെ അനുസ്മരിച്ചു കൊണ്ട് അവസാനിപ്പിക്കാം

*'സത്യമനുസരിച്ചു വഴികാട്ടുകയും അതുമുഖേന നീതി പാലിക്കുകയും ചെയ്യുന്ന ഒരു സമുദായം മൂസായുടെ ജനങ്ങളിലുണ്ട്. '(7: 160)*

*'അവർ എല്ലാവരും ഒരുപോലെയല്ല ഗ്രന്ഥാനുസാരികളുടെ കൂട്ടത്തിൽ അവരുടെ കരാറുകളിൽ അടിയുറച്ച് നിൽക്കുന്നവരുമുണ്ട്. അവർ നിശാവേളയിൽ അല്ലാഹുവിന്റെ വചനങ്ങൾ ഓതുകയും അവന്റെ മുന്നിൽ പ്രണാമം അർപ്പിക്കുകയും ചെയ്യുന്നു. അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽക്കാര്യങ്ങൾ ഉപദേശിക്കുകയും നിഷിദ്ധകാര്യങ്ങൾ വിലക്കുകയും സൽക്കർമങ്ങളിൽ അഹമഹമികയാ മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അവർ സദ്‌വൃത്തരിൽ പെട്ടവരാകുന്നു. അവർ ചെയ്യുന്ന നന്മകൾക്കനുസൃതമായി പ്രതിഫലം അവർക്ക് നിഷേധിക്കപ്പെടുന്നതല്ല. ആരാണ് തിന്മക്കെതിരിൽ സൂക്ഷ്മത പാലിക്കുന്നത് എന്ന് അല്ലാഹു അറിയുന്നു. (3:114-116)*

അനുസ്മരണം:-

## എ. സുഹ്റാ ബീവി

ആദിനാട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മുൻ പ്രസിഡന്റ് ജനാബ് കെ.എം. അബ്ദുൽ ജലീൽ സാഹിബിന്റെ പത്നി എ.സുഹ്റാ ബീവി സാഹിബ (66) 11-11-2017 ന് നിര്യാതയായി. (ഇന്നാലില്ലാഹി.....). കരുനാഗപ്പള്ളി ജമാഅത്തിലെ കുറ്റിയത്തു വീട്ടിൽ ജനാബ് അലിക്കുഞ്ഞു സാഹിബിന്റെ മകളായിരുന്നു പരേത. മക്കൾ: കെ.എ. അനസ് (കെ.സി. സെന്റർ, കരുനാഗപ്പള്ളി), കെ.എ.അനീസ്, കെ.എ.നിഹാസ് (ദുബായ്). മരുമക്കൾ: എ.മൻസൂറ, ജാസ്മിൻ. വി.ഖാൻ, ജുബൈരിയ. ജമാഅത്ത് കാര്യങ്ങളിൽ ആഭിമുഖ്യവും അർപ്പണവുമുള്ള ആളായിരുന്നു പരേത. അല്ലാഹു അവർക്ക് ജന്നത്തും മഗ്ഫിറത്തും നൽകുമാറാകട്ടെ.

*- പ്രസിഡന്റ്, ആദിനാട് ജമാഅത്ത്*

mta INTERNATIONAL
mta.tv
alislam.org
Humanity First
humanityfirst.org

# പീസ് സിംമ്പോസിയം




നവംബർ 11 ന് കോഴിക്കോട് അഹ്മദിയ്യാ സെന്റിനറി ഹാളിൽ നടന്ന പീസ് സിംമ്പോസിയം പ്രശസ്ത സാഹിത്യകാരൻ ശ്രീ രാമനുണ്ണി ഉദ്ഘാടനം ചെയ്യുന്നു. ചിത്രകാരൻ എം സി സാഹിബ് വടകര, മാദ്ധ്യമ പ്രവർത്തകനും സാമൂഹിക നിരീക്ഷകനുമയ ശ്രീ. രാഹുൽ ഈശ്വർ, കോഴിക്കോട് അമീർ ഡോ. സലാഹുദ്ദീൻ സാഹിബ്, സാമൂഹിക നിരീക്ഷകൻ ഹമീദ് സാഹിബ് ചേന്ദമംഗലൂർ, കോഴിക്കോട് ജില്ലാ മിഷണറി മൗലവി ആരിഫ് സാഹിബ്, സത്യദൂതൻ എഡിറ്റർ എ. എം മുഹമ്മദ് സലീം സാഹിബ്, മാത്തോട്ടം ജമാഅത്ത് അമീർ റഫീക്ക് സാഹിബ്, മൗലവി സജീൽ അഹ്മദ് സാഹിബ് ഗോറി എന്നിവർ സമീപം.




അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ എറണാകുളം ജില്ലാ സമ്മേളനം കേന്ദ്ര പ്രതിനിധി മൗലവി എം. നാസിർ അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. യു.എസ്. സൈനുദ്ദീൻ, മൗലവി സുൽത്താൻ നസീർ, പി.കെ. ശാഹുൽ ഹമീദ്, ടി.കെ. അബൂബക്കർ, ബി.ബി. അഹ്മദ് കബീർ, വി.എൻ. ശംസുദ്ദീൻ, ജെ.എച്ച്. നാസർ, കെ.എം. നൂറുദ്ദീൻ, മാലിക് അമീൻ എന്നിവർ സമീപം.

Published on 7.12.2017
Pages 44
Vol: 89 Issue. 12
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment
The Sathyadoothan Monthly

വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com